പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ഏപ്രിൽ 2024





" പാചകം വാചകത്തോളം എളുപ്പമാവട്ടെ "
Pisharody's
RTC PRODUCTS
ബിരിയാണി മുതൽ
ചമ്മന്തി വരെ
ഇഷ്ട വിഭവങ്ങൾ
തയ്യാറാക്കാം
മിനിറ്റുകൾക്കുള്ളിൽ
ചേർക്കാനുള്ളതോ
വെള്ളം
മാത്രം
+91 95446 06600
Pisharody's
Ready to Cook
Veg Biryani
Pisharody's
Ready to use Ulli Chammanthi
Pisharody's
Instant MASALA

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2024 ഏപ്രിൽ**

**പുഷ്പം 45 / ദളം 1**

**1199 മീനം-മേടം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:

**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:

**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**

**ശ്രീ. മുരളി മാന്നന്നൂർ**

**ശ്രീ. കെ.എൻ. വിജയൻ**

**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**

ഇല്ലസ്ട്രേഷൻ:
**ശ്രീമതി രാജി പിഷാരസ്യാർ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
Ph : 0487-2384597
e-mail : mail@pisharodysamajam.com

Visit our website :
www.pisharodysamajam.com



വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


**"അകലെ വസിയ്ക്കുമ്പോഴും**
**അകമലരിൽ കരുതേണം**
**അമ്പലമണിതൻ നാദം**
**'തുളസീദള' സൌരഭ്യം"**

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**................................4

**പ്രതിഫലനം – ഋതുഭേദങ്ങൾ**........................6
എ.പി. സരസ്വതി

**കവിത – കണിപ്പൂക്കളേ, കിളികളേ**..................7
രമ പിഷാരോടി

**കഥ – വിഷുക്കൈനീട്ടം**............................8
രുഗ്മിണി, കൈനില പിഷാരം, കാറളം

**ലേഖനം – നിമിത്തങ്ങൾ – ആകസ്മികതകൾ**.........13
കെ.പി. നന്ദകുമാർ

**ലേഖനം – വിഷു ആഘോഷം ഒരു ഓർമ്മ**............15
ശിൽപ്പ ശശി, മാന്നന്നൂർ പിഷാരം

**കവിത – സത്യമേവ ജയതേ**..........................17
രാംകുമാർ പെരുവനം

**തറവാടുകളുടെ ചരിത്രം – അപ്പംകളം തറവാട്**........18
ദേവി അപ്പംകളം

**കവിത – ഒരു ദിവാസ്വപ്നം**.........................22
എം.പി. ഉണ്ണികൃഷ്ണൻ

**കൈലാസ യാത്രാനുഭവം – ദേവഭൂമിയിലൂടെ**.........25
ഡോ. കെ.പി. രാമകുമാർ

**കവിത – നുറുങ്ങുകവിതകൾ**........................27
വിജയരാഘവൻ പിഷാരോടി

**കഥ – ആർദ്രത**....................................28
പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് രാമപിഷാരോടി

**നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ**
**ജ്യോതിഷമാർഗ്ഗത്തിലെ ഇരട്ടക്കുട്ടികൾ**...............33
സുരേഷ്ബാബു വിളയിൽ

**കുഞ്ഞുകഥ – ദ്രുഗി**...............................36
വൈക

**ലേഖനം – എന്നും എപ്പോഴും**.......................39
വേണു വീട്ടിക്കുന്ന്

**മുത്തശ്ശിക്കഥ – കാക്ക ഏകാദശി നോറ്റ കഥ**........41
എ. തുളസി, പടിഞ്ഞാറെപിഷാരം, തൃപ്രയാർ

**ചെറുകഥ – സുമംഗലി**.............................42
ദേവി വേണു, കുളത്തൂർ

**ചരിത്രത്തിലൂടെ –**
**അഖില കേരള പിഷാരോടി സമാജം റിപ്പോർട്ട്**.......43
സമ്പാ: അരവിന്ദാക്ഷൻ സേലം

**വൈവാഹികം**.....................................45

**ശാഖാവാർത്തകൾ**.................................47

**ആദരാഞ്ജലികൾ**.................................57

# മേടത്തിന്റെ വർണ്ണം സ്വർണ്ണം

**മാ**സത്തിനു സ്വന്തമായി നിറമുണ്ടോ? ഉണ്ട്. ചിങ്ങത്തിനു പച്ച. മേടത്തിനു സ്വർണ്ണം.

സ്വർണ്ണം നിറമാണോ? അതായത് വെളുപ്പും കറുപ്പും മഞ്ഞയും നീലയുമൊക്കെ പോലെ...? ഏതൊരു മലയാളിയോട് ചോദിച്ചാലും മറുപടി ഒന്നായിരിക്കും. സ്വർണ്ണവും നിറമാണ്. ഒരുപക്ഷെ മറ്റേത് നിറത്തേക്കാളും മനോഹരമായ, ഐശ്വര്യം നിറഞ്ഞ നിറം.

മേടം ഒന്നിന് വിഷു. സമത്വത്തിന്റെ മറ്റൊരു അർത്ഥമാണ് വിഷു. രാപ്പകലുകൾക്ക് തുല്യത എന്ന ശാസ്ത്രമൊഴിയേക്കാൾ സർവ്വ സമത്വം എന്ന വിശാലമായ ആശയം കൂടിയാണ് വിഷു അർത്ഥമാക്കുന്നത്. ഈ മേടത്തെ വരവേൽക്കാനുള്ള പ്രകൃതിയുടെ പുഷ്പമാണ് കർണ്ണികാരം. മലയാളത്തിന്റെ സ്വർണ്ണ നിറമാർന്ന കണിക്കൊന്ന. കണിക്കൊന്ന പൂജാ പുഷ്പമല്ല. പൊതുവെ മാല കെട്ടാനും ഉപയോഗ യോഗ്യമല്ല. അതു കൊണ്ട് തന്നെ ദേവാരാധനകളിൽ കണിക്കൊന്നക്ക് അയോഗ്യതയാണ്. പക്ഷെ മേടം ഒന്നിന് കണിക്കൊന്ന നമുക്ക് പുഷ്പ റാണിയാണ്. മഞ്ഞ നിറത്തിന്റെ മനോഹാരിതകളത്രയും ഒന്ന് ചേർന്ന കണിക്കൊന്ന ശ്രീകൃഷ്ണ വിഗ്രഹത്തിന്റെ തൊട്ടരികിൽ ഇല്ലെങ്കിൽ മലയാളിയുടെ കണി അപൂർണ്ണമാണ്. അതു പോലെ തന്നെ സ്വർണ്ണ വർണ്ണമുള്ള കണി വെള്ളരിയും. സ്വർണ്ണ നിറമുള്ള ഉരുളി.... വിഷുക്കണിക്കും അങ്ങനെ പൊൻ നിറം. കർഷകന്റെ വിളവെടുപ്പ് മാസം കൂടിയാണല്ലോ മേടം. പൊൻ കതിരുകൾ കൊയ്തെടുക്കുന്ന പൊൻ



ധാന്യമണികൾ അറകളിൽ നിറയുന്ന മാസം.പണ്ട് മലയാള മാസം ആരംഭിക്കുന്നത് മേട മാസം ഒന്ന് മുതൽ ആയിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഐശ്വര്യം കണികണ്ട് പുതുവർഷ പ്രതീക്ഷകളിലേക്ക് മുൻ തലമുറ ഭക്തിയോടെ മനസ്സും കാലും ഊന്നിയ ഒരു കാലം.

ഓണത്തിന് തുമ്പി പോലെ വിഷുവിനും സ്വന്തമായി ഒരു പക്ഷി ഉണ്ട്. കതിരു കാണാക്കിളി, ഉത്തരായനക്കിളി എന്നൊക്കെ വിളിക്കപ്പെടുന്ന വിഷുപ്പക്ഷി. കണിച്ചക്കകൾ മൂക്കുമ്പോൾ മധുരമായി പാടി പ്രകൃതിയെ തുയിലുണർത്തുന്ന വിഷുപ്പക്ഷി. കാഴ്ചയിൽ അത്ര പ്രത്യേക സൗന്ദര്യമൊന്നും പറയാനില്ലെങ്കിലും ഗൃഹാതുരത്വമുണർത്തുന്ന ശബ്ദ സംഗീതത്തിലൂടെ ഈ പക്ഷി നമുക്ക് ഏറെ ഇഷ്ടമാകുന്നു... ഒ.എൻ.വിയെപ്പോലുള്ള കവികൾക്കും വിഷുപ്പക്ഷി പ്രിയപ്പെട്ടതാണ്. ഒ.എൻ.വിയുടെ പല ചലച്ചിത്രഗാനങ്ങളിലും വിഷുപ്പക്ഷി കടന്നു വന്നിട്ടുണ്ടെന്ന് കാണാം.

വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യകാലം കൂടിയാണല്ലോ മേടമാസം. പരീക്ഷകൾ കഴിഞ്ഞ് പരീക്ഷപ്പേടി ഒഴിഞ്ഞ് വരാനിരിക്കുന്ന വിജയത്തെയും പുതിയ ക്ലാസ്സ് മുറികളെയും സ്വപനം കണ്ട് ആടിത്തിമിർക്കേണ്ട ഉത്സവമാസം. ട്യൂഷൻ ക്ലാസുകൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിങ്ങനെയുള്ള അസ്വാതന്ത്ര്യങ്ങൾ മറക്കുന്നില്ല.

പക്ഷെ കേരളത്തിന്റെ ഈ പൊൻ മാസത്തിനു ഇക്കുറി പതിവിലേറെ ചൂടാണ്. ഉയർന്നുയർന്നു പോകുന്ന ഉഷ്ണമാപിനി രേഖകൾ. വറ്റുന്ന ജലസ്രോതസ്സുകൾ. കത്തുന്ന സൂര്യന് താഴെ ഇക്കുറി നമ്മൾ പൂരങ്ങളും ഉത്സവങ്ങളും കൊണ്ടാടേണ്ടിവരുന്നു. തൃശൂർ പൂരം, കൂടൽ മാണിക്യ ക്ഷേത്രോത്സവം അങ്ങനെയങ്ങനെ..... കാത്തിരിക്കാൻ വളരെ വിലയുള്ള വേനൽ മഴ മാത്രം.

പ്രകൃതിയുടെ ഈ ഊഷരതയിലും ഇപ്പോഴും നമ്മൾ കേട്ടു കൊണ്ടിരിക്കുന്നുണ്ട്. പഴമയിൽ നിന്നും പകർന്നു പകർന്നു കിട്ടിയ കിളിപ്പാട്ട്.... നമ്മുടെ സ്വന്തം വിഷുപ്പക്ഷിയുടെ പാട്ട്... പാട്ടിൻ താളത്തിൽ മേട മാസത്തിനും മാസത്തെ ആവാഹിക്കുന്ന ഏപ്രിലിനും പൊൻ ചാരുത നൽകുന്ന കർണ്ണികാരങ്ങൾ നടനമാടുന്നുണ്ട്.

"വിത്തും കൈക്കോട്ടും...
ചക്കക്കുപ്പുണ്ടോ...?
അച്ഛൻ കൊമ്പത്ത്.... അമ്മ വരമ്പത്ത്
കള്ളൻ ചക്കേട്ടു... കണ്ടാ മിണ്ടണ്ട..."

ഈ പാട്ടുകൾ നമ്മുടെ പുതിയ തലമുറക്ക് പറഞ്ഞു കൊടുക്കണം. തികച്ചും ഗ്രാമ്യ നിഷ്കളങ്കതയോടെ നമ്മുടെ സംസ്കൃതി വളർന്നിവിടത്തോളം എത്തിയതിന്റെ അടയാള ഗീതങ്ങൾ. അവരുടെ ഉള്ളിലും വിഷുപ്പക്ഷി പാടണം. ഓണത്തുമ്പികൾ പാറി നടക്കണം. അവർ നേരിട്ട് ഭാഗമാകാത്തപുത്തൻ ചാനൽ ഉത്സവങ്ങളെക്കാൾ എത്രയോ ഉയരത്തിലാണ് മലയാളത്തിന്റെ ഹൃദയത്തുടിപ്പുകൾ എന്നവർ തിരിച്ചറിയണം.

എല്ലാവർക്കും മനോഹരമായ വിഷുവും ഒപ്പം പൂരം ഉത്സവങ്ങളും ആശംസിക്കുന്നു.

**പത്രാധിപ സമിതി**



പ്രതിഫലനം

# ഋതുഭേദങ്ങൾ



എ.പി. സരസ്വതി

ഋതുഭേദങ്ങളെപ്പോഴും നമുക്ക് പ്രത്യേകിച്ച് കേരളീയർക്ക് വൈവിദ്ധ്യമാർന്ന ആനന്ദത്തിനു കാരണമായിരുന്നു. പണ്ടൊന്നും കാലഭേദത്തിനിത്ര കാഠിന്യം തോന്നിയിരുന്നില്ല. മഴക്കാലമാണെങ്കിൽ ഇറവെള്ളമോ നീർച്ചാലുകളോ നോക്കിയിരുന്ന് മധുരസ്വപ്നങ്ങൾ കാണാനും കെട്ടിനിൽക്കുന്ന വെള്ളത്തിൽ കടലാസ്സുതോണികളോ ഇലകളോ പൂക്കളോ ഒഴുക്കി വറുതികൾക്കിടയിലും ആസ്വാദനത്തിന്റെ അനുഭൂതികൾ നുകരാനും നമുക്കാവുമായിരുന്നു. ഇന്നിപ്പോൾ മഴയും മിന്നലും ഇടിവെട്ടുമൊക്കെ ഭയപ്പാടോടെ മാത്രമേ ഓർക്കാൻ പോലുമാവുന്നുള്ളൂ. വേനലാണെങ്കിൽ തീയിനെപ്പോലും വെല്ലുന്ന രീതിയിലാണ് കത്തിജ്ജ്വലിക്കുന്നത്. പണ്ടതിനൊരു അടക്കവും ഒതുക്കവുമൊക്കെയുണ്ടായിരുന്നു. പാള വീശറികളും പനമ്പട്ടയുടെ വീശറികളും കൊണ്ട് ഒട്ടൊരു ആശ്വാസം കണ്ടെത്താൻ കഴിയുമായിരുന്നു. മഞ്ഞുകാലവും നമുക്കു പറയാനരുതാത്തൊരു സുഖാനുഭൂതി സമ്മാനിച്ചിരുന്നു. ഇന്നിപ്പോൾ അങ്ങനെയൊരു തണുപ്പുകാലമുണ്ടോ? ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്കുപുറത്ത് എന്ന മട്ടായി കാലങ്ങളുടെ അവസ്ഥ.

ഗ്രീഷ്മകാലത്താഗതമാകുന്ന വിഷുസംക്രാന്തിയും ശരത്കാലത്തുണർന്നെത്തുന്ന പൊന്നോണക്കാലവുമൊക്കെ നമ്മുടെ കാർഷികോത്സവങ്ങളാണ്. പുത്തൻ വിളവെടുപ്പുകളുടെ ആസ്വാദന ചാരുത നമ്മെ ആഹ്ലാദഭരിതരാക്കും. മേടപ്പുലരിയും ചിങ്ങപ്പുലരിയും നമുക്കു വർഷാരംഭം തന്നെ! സമൃദ്ധമായൊരു കണി കണ്ടാൽ ആണ്ടു മുഴുവനും നിറഞ്ഞ സമൃദ്ധിയായിരിക്കും ഫലമെന്ന വിശ്വാസം വിഷുക്കണിയൊരുക്കാനും വിഷുക്കൈനീട്ടം വാങ്ങാനും കൊടുക്കാനും വിഷുസ്സദ്യയൊരുക്കാനും വിഷുപ്പടക്കം പൊട്ടിക്കാനും വിഷുവേല കാണാനും "വിത്തും കൈക്കോട്ടു"മെന്ന വിഷുപ്പക്ഷിയുടെ സംഗീതമനുഭവിക്കാനുമൊക്കെ നമ്മെ തയ്യാറെടുപ്പിക്കുന്നു. ഓണസ്സദ്യപോലൊരു വിഭവസമൃദ്ധി വിഷുവിനു പതിവില്ല. മാമ്പഴക്കൂട്ടാനും ചക്ക എരിശ്ശേരിയും ചക്ക വറുത്തതും പപ്പടവുമൊക്കെയായാൽത്തന്നെ കേമമായി. വിഷുക്കട്ടയെക്കുറിച്ചും വിഷുക്കണിയെക്കുറിച്ചും ചിലരൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്.

ദക്ഷിണായനത്തിൽ നിന്ന് ഉത്തരായണത്തിലേക്കുള്ള സംക്രമണം ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വിഷു സംക്രാന്തിയോടുകൂടി സൂര്യൻ മീനം രാശിയിൽ നിന്ന് മേടം രാശിയിലേക്ക് മാറി വരുന്നു. രാത്രിയും പകലും തുല്ല്യമായി വരുന്ന ദിനമാണത്. ജീവിതത്തിന്റെ കറുപ്പും വെളുപ്പും സമമായിത്തന്നെ സ്വീകരിക്കേണ്ടതാണെന്ന കനപ്പെട്ടൊരു സന്ദേശവും വിഷു നൽകുന്നുണ്ടെന്നു പറയാവുന്നതാണ്. ഈ സംക്രമണങ്ങൾ തന്നെയാണ് ജീവിതപ്പെരുംചൂടിൽ തണുപ്പും തണലുമേകി ജീവിതത്തെ ജീവിതമാക്കുന്നത്.

അടിമുടി പൂത്തുനിൽക്കുന്ന കർണ്ണികാരവൃക്ഷങ്ങളിലൂടെ (കണിക്കൊന്നകൾതന്നെ) മഞ്ഞപ്പട്ടും തങ്കക്കിങ്ങിണിയുമണിഞ്ഞ സർവ്വാഭരണവിഭൂഷിതനായി ചിരിച്ചു ചാഞ്ചാടുന്ന മണിവർണ്ണനെത്തന്നെയല്ലേ പ്രകൃതി പൊൻകണിയായി നമ്മുടെ മുന്നിലേക്കെത്തിക്കുന്നത്! വിഷുക്കാലത്തിന്റെ മനോഹര പ്രകൃതിയെ അക്ഷരക്കൂട്ടുകളാക്കി നമ്മെയെല്ലാം മോഹിപ്പിച്ച കവികളിൽ പ്രധാനികൾ പി. കുഞ്ഞിരാമൻനായരും വൈലോപ്പിള്ളി ശ്രീധരമേനോനുംതന്നെയാണ്. മഹാകവി 'പി'യുടെ വിഷുപ്പക്ഷിയുടെ പാട്ടിലെ രണ്ടുവരികളിതാ...

'വരുവിൻ പൊൻവിഷുസന്ദേശങ്ങൾ  
മാമലനാട്ടിൽപ്പകരാൻ  
വിരിയുക തങ്കച്ചമ്പകമലരൊളി  
മേടപ്പുലരികളേ...'

'മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും  
മണവും മമതയുമിത്തിരി കൊന്നപ്പൂവും'

എന്ന 'വൈലോപ്പിള്ളി'യുടെ വരി ആശംസയായർപ്പിച്ചുകൊണ്ട് ഇപ്പോൾ നിർത്തട്ടെ. ●

കവിത

# കണിപ്പൂക്കളേ, കിളികളേ...



രമ പിഷാരോടി
ഫോൺ: 9611101411



**ക**ണിയൊരുക്കാനായി ആകാശമേ,
നിന്റെ വെയിലിന്റെ തരികളുണ്ട്,
ഉലയിലെ തീക്കനൽ സ്വർണ്ണമുണ്ടൊരു-
കൊന്നമരമുണ്ട്, കിളികളുണ്ട്...

ഇലപൊഴിഞ്ഞെങ്കിലും ചുറ്റും-
വസന്തത്തിലെഴുതുവാൻ പൂക്കളുണ്ട്...
മഴകാത്തിരിക്കുന്ന മണ്ണിന്റെ ചോട്ടിലായ്-
നനവുമായ് വേരുമുണ്ട്..

പുഴതെളിഞ്ഞൊഴുകുന്ന കാടിന്റെ-
നിറുകയിൽ കുയിൽ പാടുന്നുമുണ്ട്...
എരിയുന്ന പച്ചത്തുരുത്തിലായ് സഹ്യന്റെ-
ഹൃദയസംഗീതമുണ്ട്...

നിളയുണ്ട്, നീർമാതളങ്ങളിൽ തൊട്ടു-
കൊണ്ടുയിരിന്റെ ഭാഷയുണ്ട്,
നദികളുടെ ചുഴികളുടെ നാരായമുന-
തേടിയൊഴുകുന്ന കാറ്റുമുണ്ട്...

നിലവറകളിലിരുളിന്റെ, രാവിന്റെ-
രാശിയെ പതിയെ മൂടും വിളക്കിൽ,
തിരിവച്ച് നിൽക്കുന്ന പഴയഗ്രാമങ്ങളിൽ
കുസൃതിയുടെ ബാല്യമുണ്ട്...

പടരുന്ന വള്ളിയിൽ നിന്നടർത്തി കണ്ട-
കണിവെള്ളരിക്കയുണ്ട്
പുളിമാങ്ങ, ചെറുപഴം, ചന്ദനത്തിരി-
ഗന്ധ,മുണർവിന്റെ ദർപ്പണങ്ങൾ

കരിമഷിക്കൂട്ടിന്റെ, വാസനച്ചാന്തിന്റെ,
തുളസിയുടെ സ്നേഹസ്പർശം
പഴമയുടെ ലാളിത്യമെഴുതുന്ന പുലരിയിൽ-
വിഷുവിന്റെ കാൽത്തുട്ടുകൾ

മലമുകളിലൊരു വിഷുപ്പാട്ടുമായ്-
ചിറകടിച്ചെത്തുന്നു പക്ഷിയൊന്ന്!
ജാലകപ്പടിതുറന്നോർമ്മയിൽ പ്രാർത്ഥനാ-
മന്ത്രമായമ്മയുണ്ട്..

ചിരിയുടെ നിലയ്ക്കാത്ത പൂഞ്ചോലകൾ-
കാറ്റിലിളകും ഇലപ്പട്ടുകൾ..
യമുനയുടെ ഗോപാലഗോകുലം, പ്രാണനിൽ
അമൃതൂട്ടുമാ കടമ്പ്...

കണിവച്ച് പോകുന്ന പൂക്കാലമേ, കിളി-
ക്കൂട്ടമേ ഋതുവെഴുത്തിൽ
പ്രകൃതിക്ക് കൂട്ടിരിക്കൂ, കണ്ട നിനവിനും,
കനവിനും കൂട്ടിരിക്കൂ....

പകലിന്റെ, രാവിന്റെ സമദർശനത്തിന്റെ-
കണിയൊന്ന് കണ്ട് പോകാൻ,
അവനിയോടൊപ്പം വരൂ, പൂക്കളേകുന്ന-
കണിനീട്ടമേറ്റുവാങ്ങാൻ...

കഥ

# വിഷുക്കൈനീട്ടം



രുഗ്മിണി (ബേബി)
കൈനില പിഷാരം, കാറളം

**ആ**രാ ആ കറിവേപ്പിന്റെ തല ഒടിച്ചത്?

തൊടിയിൽ നിന്നും കയറിവന്ന അച്ഛൻ ചോദിച്ചു.

ആർക്കറിയാം എന്തായാലും ഇവിടെ ആരുമല്ല... അമ്മ മൊഴിഞ്ഞു.

അ... ആരായാലും അതിനി പൊടിക്കുമെന്ന് തോന്നുന്നില്ല. എത്ര കഷ്ടപ്പെട്ട് ഒരെണ്ണം പൊടിച്ചു കിട്ടിയതാ... അതും നേരെയാവാൻ ആരും സമ്മതിക്കില്ല. അച്ഛന്റെ വാക്കുകളിൽ നിരാശ.

'അല്ലേലും ഈ അടുക്കളയിൽ പണിയെടുക്കുന്ന ഞങ്ങൾക്കെങ്ങനെയാ കളപ്പുരയുടെ മുറ്റത്തെ വേപ്പിന്റെ കാര്യം അറിയുന്നത്' അമ്മ തന്റെ നിസ്സഹായവസ്ഥ അറിയിച്ചു.

പറഞ്ഞത് നേരാ.. ഷാരത്ത് കറിവേപ്പിൻതൈ ഒന്നുപോലും ഇതുവരെ ശരിക്കും പിടിച്ചു കിട്ടിയിട്ടില്ല. എന്നുവച്ച് കറിവേപ്പിലയുടെ ഒരു ക്ഷാമവും ഷാരത്ത് ഇതുവരെ ഉണ്ടായിട്ടില്ലട്ടോ. അമ്പലത്തിൽ തൊഴാൻ വരുന്നവരോ അടുത്ത വീട്ടിലെ കൊച്ചേച്ചിയോ, ആരെങ്കിലും സമയാസമയത്ത് കറിവേപ്പില എത്തിക്കാറുണ്ട്. പൂ പറിക്കാൻ പോകുമ്പോൾ ആരോടെങ്കിലും ചോദിച്ചു വാങ്ങുന്നതും ആവാം.

എന്നാലും വീട്ടിൽ ഒരു കറിവേപ്പിൻ തൈ വേണം. അത് ഒരു ഐശ്വര്യമാണ്. ഇപ്രാവശ്യം അഞ്ചുപത്തു കറിവേപ്പിൻ തൈപറമ്പിൽ അവിടെ ഇവിടെയൊക്കെ അച്ഛൻ നട്ടതാണ്. പറഞ്ഞിട്ട് എന്താ കാര്യം. പിടിക്കണ്ടെ. പിന്നെ ഈ കളപ്പുരയുടെ മുറ്റത്തു നട്ട ഒരെണ്ണമാണ് ഒന്നു കിളിർക്കാൻ തുടങ്ങിയത്. അതിന്റെ തലയാ ഇന്ന് ആരോ നുള്ളീരിക്കണത്. ആരായിരിക്കും അത്? അയൽപക്കത്തെ സ്ത്രീകളൊക്കെ പുഴയിൽ കുളിക്കാൻ പോകുന്നത് കളപ്പുരയുടെ മുറ്റത്ത് കൂടിയാണ്. അവരിൽ ആരെങ്കിലും ആവും. അതിപ്പോൾ ആരാണെന്ന് എങ്ങനെ പറയാൻ പറ്റും.

'ഇതാ കറിവേപ്പില എന്നു പറഞ്ഞപ്പോഴേക്കും കറിവേപ്പില വന്നല്ലോ! ഇനി വിഷു ആയിട്ട് കറിവേപ്പിലയ്ക്ക് ഒരു ക്ഷാമവും വേണ്ട. ചുള്ളിക്കാട്ടിലെ കൊച്ചേച്ചി തന്നതാ.' വലിയമ്മ ഒരു കെട്ട് കറിവേപ്പിലയുമായി അടുക്കളയിലേക്കു വന്നു. 'ഇത് നല്ലോണം ഉണ്ടല്ലോ. വേണമെങ്കിൽ ആർക്കെങ്കിലും ഇത്തിരി കൊടുക്കാം.' അമ്മയും വലിയമ്മയും തമ്മിലുള്ള സംഭാഷണം തുടരുകയാണ്.

അച്ഛൻ ഓഫീസിൽ പോകാനുള്ള തയ്യാറെടുപ്പാണ്. 'അച്ഛാ വിഷുവിന് ഇപ്രാവശ്യം കമ്പിത്തിരിയും മത്താപ്പും ഒന്നും വാങ്ങിക്കേണ്ട; പടക്കം മാത്രം വാങ്ങിച്ചാൽ മതി.' ഞാൻ അച്ഛനോട് കിണുങ്ങി. 'അതിനു നിനക്ക് പടക്കം പൊട്ടിക്കാൻ പേടിയല്ലേ'. 'അതു ശരിയാ.. പക്ഷേ കമ്പിത്തിരിയും മേശപ്പൂവും കത്തിച്ചിട്ട് ഒരു കാര്യവുമില്ല. കഴിഞ്ഞവർഷം നമ്മൾ എത്ര കമ്പിത്തിരിയും മേശപ്പൂവും ഒക്കെയാ കത്തിച്ചത് എന്നിട്ടും അപ്പുറത്തെ ആ രാമു എല്ലാവരോടും ഗമ പറഞ്ഞു നടക്കുകയായിരുന്നു അവനാണ് ഷാരത്തേക്കാൾ കൂടുതൽ പടക്കം പൊട്ടിച്ചത് എന്ന്. വിഷുവായിട്ട് ഷാരത്തു നിന്ന് ഒരു ഒച്ചയും കേട്ടില്ലല്ലോ എന്ന്'. അച്ഛൻ ചിരിച്ചു.

'പിന്നെ, പടക്കം പൊട്ടിക്കലൊക്കെ കളപ്പുരയുടെ മുറ്റത്തുമതി. കഴിഞ്ഞ കൊല്ലം പടക്കത്തിന്റെ ശബ്ദം കേട്ട് പേടിച്ചിട്ട് ആ പശു ഒരു തുള്ളി പാലു തന്നില്ല.' വലിയമ്മയുടെ വേവലാതിയാണ്.

കളപ്പുരയുടെമുറ്റത്ത് പടക്കം പൊട്ടിക്കാൻ ഞങ്ങൾ കുട്ടികൾക്ക് സന്തോഷമേയുള്ളൂ. അല്ലേലും കിഴക്കോറത്ത് പടക്കം പൊട്ടിച്ചിട്ട് ആരു കേൾക്കാനാണ്? ഇപ്രാവശ്യം കളപ്പുരയുടെ മുറ്റത്തു തന്നെ പടക്കം പൊട്ടിക്കും. നാട്ടുകാർ എല്ലാവരും അറിയട്ടെ ഷാരത്ത് എത്ര പടക്കമാണ് വാങ്ങിച്ചത് എന്ന്.

വിഷുക്കണി കണ്ട് ഞങ്ങൾ കുട്ടികൾ പടക്കം പൊട്ടിക്കുന്ന തിരക്കിലായിരുന്നു. അമ്മമാർ പുഴയിൽ പോയി കുളിച്ചു വന്നു. അവരവരുടെ

പണികളിൽ മുഴുകി. നേരം പരപരാ വെളുത്തു വരുന്നതേയുള്ളൂ. മുറ്റം അടിക്കുന്നതിനു മുമ്പ് വളരെ പ്രാധാന്യമുള്ള മറ്റൊരു കാര്യം കൂടി ചെയ്തു തീർക്കാനുണ്ട്. എന്താണെന്നല്ലേ... അവിടെയിവിടെ പൊട്ടാതെ കിടക്കുന്ന ഏറു പടക്കങ്ങൾ തിരഞ്ഞു പിടിക്കണം വളരെ ശ്രമകരമായ കാര്യമാണ്. ആ ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് നാണിയമ്മയും കൂട്ടരും പുഴയിൽ നിന്ന് കുളി കഴിഞ്ഞ് അതിലെ വന്നത്. 'പടക്കം പൊട്ടിച്ചു മതിയായില്ലേ കുഞ്ഞേ... എന്തിനാ ആ ചപ്പുചവറിലൊക്കെ കയ്യിടുന്നത്?' നാണിയമ്മയുടെ ലോഹ്യം ഞാൻ കേട്ടില്ല എന്ന് നടിച്ചു. മറുപടി കിട്ടാത്തതിനാൽ നാണിയമ്മ വിഷയം മാറ്റി. 'വിഷുക്കൈനീട്ടം ഒക്കെ നല്ലോണം കിട്ടിയില്ലേ.. ഒരു മുറുക്കാനുള്ള പൈസ ഈ നാണിയമ്മക്കും തരണം ട്ടോ.'

'അത് എനിക്ക് വള വാങ്ങിക്കാൻ ഉള്ളതാണ്.' ഞാൻ മറുപടി കൊടുത്തു. നാണിയമ്മ ചിരിച്ചു.

അല്ലാ... ഈ നാണിയമ്മ എവിടെക്കാ പോകുന്നത്? കറിവേപ്പിന്റെ അടുത്തേക്കാണല്ലോ. അമ്പടീ.. കറിവേപ്പില ഒടിക്കാനുള്ള പുറപ്പാടാണ്.... 'നാണിയമ്മേ കറിവേപ്പില ഊരണ്ടാട്ടോ.. എത്ര കഷ്ടപ്പെട്ട് പിടിച്ചു കിട്ടിയ കറിവേപ്പാണെന്നോ ഇത് അതിന്റെ ഇല ഊരാൻ ഞാൻ സമ്മതിക്കില്ല.' ഞാൻ ഒരു തറവാട്ടമ്മയുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ട് അതിയായ ഗൗരവത്തിൽ പറഞ്ഞു.

നാണിയമ്മ ഇത് പ്രതീക്ഷിച്ചില്ല എന്ന് തോന്നി. 'അതെയോ എന്നാൽ വേണ്ട.' നാണിയമ്മയുടെ ശബ്ദത്തിൽ അല്പം മ്ലാനത കലർന്നിരുന്നുവോ... എന്തായാലും അവർ ആ ശ്രമം ഉപേക്ഷിച്ച് നടന്നു നീങ്ങി.

ഞാൻ ഒരു വലിയ കാര്യം ചെയ്ത ആത്മസംതൃപ്തിയോടെ അമ്മയോട് വിവരം പറയാൻ അടുക്കളയിലേക്ക് ഓടി. അമ്മേ ആ നാണിയമ്മയാണ് കറിവേപ്പില ഒടിക്കുന്നത്. 'ഉം' അമ്മയുടെ മൂളലിൽ ഒരു നിസ്സംഗത. താൻ ഇത്ര വലിയ ഒരു കാര്യം ചെയ്തിട്ട്... 'അമ്മേ.... ഞാൻ പറഞ്ഞു ഒടിക്കണ്ട എന്ന്...' അമ്മ എന്നെ തിരിഞ്ഞു നോക്കി. അമ്മ ശ്രദ്ധിക്കാൻ തുടങ്ങി എന്ന് കണ്ട് എന്റെ ഉത്സാഹം വർദ്ധിച്ചു. 'ഞാൻ അവരോട് പറഞ്ഞു എത്ര ബുദ്ധിമുട്ടി പിടിച്ചു കിട്ടിയ കറിവേപ്പാണ്... അത് ഒടിക്കാൻ ഞാൻ സമ്മതിക്കില്ല എന്ന്.' അമ്മയുടെ ഭാവം മാറി. 'നിന്നോട് ആരാ പറഞ്ഞത് ഇതൊക്കെ പറയാൻ', അമ്മ എന്റെ അടുത്തേക്ക് വന്നു. ഇവിടെ അടുക്കളയിലും വടുക്കോറത്തും ഓരോന്ന് പറയുന്നത് കേട്ട് അത് ഏറ്റുപിടിച്ചാൽ ഉണ്ടല്ലോ... ഒരു കറിവേപ്പില ഒടിച്ചതിന് അവൾ ചോദിക്കാൻ ചെന്നിരിക്കുന്നു... അഹമ്മതി. അല്ലാണ്ടെന്താ. മൂത്തവരോട് എന്താ പറയേണ്ടത് എങ്ങനെയാ പറയേണ്ടത് എന്ന് നീ എന്നാ പഠിക്കുക? അമ്മ ഉറഞ്ഞു തുള്ളി അടുക്കളയിലേക്കു പോയി. കുറച്ചു കറിവേപ്പില എടുത്തുകൊണ്ട് വന്ന് എന്റെ കയ്യിൽ തന്നിട്ടു പറഞ്ഞു. 'ഇത് നീ നാണിയമ്മയ്ക്ക് കൊണ്ടുപോയി കൊടുത്തിട്ടു വാ.. എന്നിട്ടു മതി ബാക്കി കാര്യം.'



താൻ ഒരു തെറ്റ് ചെയ്തിരിക്കുന്നു. പക്ഷേ അതിനിത്ര വലിയ ശിക്ഷ. വയ്യ ഇതും കൊണ്ട് ആ നാണിയമ്മയുടെ മുന്നിൽ ചെല്ലാൻ വയ്യ. ആത്മാഭിമാനത്തിനു മുറിവേറ്റ ഞാൻ അനങ്ങാതെ നിന്നു. 'ഈശ്വരാ ഈ കുട്ടി ഗുരുത്വദോഷം വരുത്തി വയ്ക്കുമല്ലോ!' അമ്മ വലിയമ്മയോട് പറഞ്ഞു കരയുകയാണ്..

നീയൊന്നു മിണ്ടാതിരിക്ക്. ഞാൻ അവളെ പറഞ്ഞു മനസ്സിലാക്കാം. വലിയമ്മ എന്റെ അടുത്തു വന്നു. വാത്സല്യത്തോടെ എന്നെ പിടിച്ചു മടിയിലിരുത്തി. പിന്നീട് വലിയമ്മയുടെ മുണ്ടിന്റെ കോന്തലയിൽ നിന്ന് ഒരു രൂപ എടുത്തു തന്ന് എന്നോട് പറഞ്ഞു, 'മോളിത് നാണിയമ്മയ്ക്ക് കൊണ്ട് കൊടുക്കണം എന്നിട്ട് പറയണം വലിയമ്മയുടെ വക വിഷുക്കൈനീട്ടം ആണെന്ന്. പിന്നെ ഈ കറിവേപ്പിലയും കൊടുക്കണം.' 'ഞാൻ പോകില്ല' ഞാൻ കരച്ചിലിന്റെ വക്കോളം എത്തി. 'വലിയമ്മയുടെ മോള് ഇപ്പോൾ തന്നെ പോകണം എന്റെ കുട്ടിക്ക് ആരുടെയും മനസ്താപം ഏൽക്കാൻ പാടില്ല.' 'നീ ഇതുവരെ പോയില്ലേ.. ഇനി അച്ഛനെ വിളിക്കണോ?' അമ്മയുടെ ദേഷ്യം ഒട്ടും കുറഞ്ഞിട്ടില്ല. ഇനി ഇവിടെ നിന്നാൽ അപകടമാണ്. അച്ഛനും തന്റെ ഭാഗം സംസാരിക്കുമെന്ന് തോന്നുന്നില്ല. അല്ലെങ്കിലും എന്നും ഇങ്ങനെയാണ്. എന്തെങ്കിലും ഒരു പ്രശ്നം വന്നാൽ ഈ വലിയവരൊക്കെ ഒറ്റക്കെട്ടാ. പോകാതിരിക്കുന്നത് പന്തിയല്ല എന്ന് കരുതി മനസ്സില്ലാ മനസ്സോടെ ഞാൻ നാണിയമ്മയുടെ വീട്ടിലേക്ക് നടന്നു. പത്തടി നടന്നാൽ നാണിയമ്മയുടെ വീടായി. പക്ഷേ അവിടെ എത്തിയപ്പോഴേക്കും അപമാന ഭാരവും ദുഃഖവും കൊണ്ട് ഞാൻ തളർന്നു കഴിഞ്ഞിരുന്നു. തേങ്ങലടക്കാൻ ഞാൻ പാടുപെടുകയായിരുന്നു. നനഞ്ഞ തുണികൾ അയയിൽ ഉണക്കാൻ ഇടുകയായിരുന്നു നാണിയമ്മ. ഞാൻ കറിവേപ്പിലയും പൈസയും ശബ്ദമുണ്ടാക്കാതെ ഇറയത്ത് വക്കാൻ ശ്രമിച്ചു. അവർ എന്നെ കാണരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചു. പക്ഷേ അപ്പോഴേക്കും കയ്യിൽ ഒരു റോസാപ്പൂവുമായി നാണിയമ്മ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അതെന്റെ കയ്യിൽ തന്നിട്ട് അവർ പറഞ്ഞു 'ഇത് കുഞ്ഞിന് നാണിയമ്മയുടെ വക വിഷുക്കൈനീട്ടം.' 'ഞാൻ മുഖമുയർത്തിയില്ല, ഞാൻ കരയുന്നത് അവർ കാണരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. പടിയിറങ്ങുമ്പോൾ ഞാൻ ആലോചിച്ചു നാണിയമ്മയുടെ ശബ്ദം ഇടറിയിരുന്നുവോ?

അവരും കരയുകയായിരുന്നോ?

●

## അറുപതാം വയസ്സിൽ ബിരുദം നേടി പിഷാരസ്യാർ

**വി**വിധ ജീവിത സാഹചര്യങ്ങൾ മൂലം പഠനം നിർത്തേണ്ടി വന്നിട്ടും പഠിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കാതെ ഇരിങ്ങോട്ട് തൃക്കോവിൽ പിഷാരത്ത് ശ്രീമതി നളിനി പിഷാരസ്യാർ വിദൂര വിദ്യാഭ്യാസത്തിലൂടെ മലയാളത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ബിരുദം നേടി. നിലവിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി നളിനിക്ക് പൂർണ്ണ പിന്തുണയുമായി ഭർത്താവായ പോർക്കുളം പുതുമനശ്ശേരി പിഷാരത്ത് ശ്രീ. ശ്രീകുമാർ പിഷാരടിയും മക്കളായ ശ്രീനിത്തും ശ്രീജിത്തുമുണ്ട്.



ഇരിങ്ങാട്ടിരി വീട്ടിക്കുന്ന് ചെറുകര കളത്തിൽ പരേതനായ രാജനുണ്ണിയുടെയും ഇരിങ്ങോട്ട് തൃക്കോവിൽ പിഷാരത്ത് ലക്ഷ്മിക്കുട്ടി പിഷാരസ്യാരുടെയും മകളാണ് നളിനി.

ഗുരുവായൂർ ശാഖാംഗമായ നളിനിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# അന്നപ്രാശ ദിനം

**24-03-2024**





# സൗൻവിക സന്ദീപ്

## ആശംസകളോടെ:

**അച്ഛൻ : സന്ദീപ് എം.പി., മണക്കുളങ്ങര പിഷാരം**
**അമ്മ : വിദ്യ കെ.എൻ., പഴുവിൽ കിഴക്കേ പിഷാരം**
**ചേച്ചി : സംവൃത**
**മറ്റു ബന്ധുമിത്രാദികൾ**

# അന്നപ്രാശദിനം

**24 March 2024**

# സാൻവിക സന്ദീപ്



## ആശംസകളോടെ...



**Nanadakumaran K.P. and Family…**

From Left – Vijayakumar (Son in-law), Vyga Vijay (G/daughter), Sandeep MP (Son in-law), Vidya (Younger daughter) Sanvika Sandeep, Samvritha Sandeep (G/ daughters), Jayasree (Wife), Nandakumar & Kavitha (elder daughter).







ലേഖനം

# നിമിത്തങ്ങൾ-ആകസ്മികതകൾ



കെ.പി. നന്ദകുമാർ

**ഇ**ന്ന് 24-03-24.രണ്ട് ഇരുപത്തി നാലുകൾക്കിടയിൽ ഒരു കുഞ്ഞൻ മാർച്ച്

എന്നെ സംബന്ധിച്ചിടത്തോളം എന്റെ പ്രധാനപ്പെട്ട ദിവസങ്ങളിൽ ഒന്നാണ് ഇന്ന്. എന്റെ രണ്ടാമത്തെ മകളുടെ, രണ്ടാമത്തെ മകളുടെ അന്നപ്രാശ ദിനം. അതേ. സാൻവികയുടെ ചോറൂൺ ദിവസമാണിന്ന്. ഇനി ഇവളുടെ ജീവിതത്തെ തേടിയെത്താനിരിക്കുന്ന സകല രുചി ഭേദങ്ങളെയും ആദ്യമായറിയുന്ന എരിപുളിമധുരങ്ങൾ.

എന്നെത്തന്നെ നോക്കിക്കിടക്കുന്ന സാൻവികയുടെ കുഞ്ഞിക്കണ്ണുകളിലെ കുസൃതിച്ചിരിയിൽ ഇപ്പോൾ ഞാൻ എന്നെത്തന്നെയാണ് കാണുന്നത്. എത്തിപ്പിടിക്കാനാവുന്നതിലപ്പുറം ഓർമ്മകളുടെ ദൂരത്തിൽ അച്ഛനമ്മമാരുടെ മടിയിൽ ജീവിതത്തിന്റെ അറിയാസ്വാദുകളറിഞ്ഞ ദിവസം എനിക്കുമുണ്ടല്ലോ. അവിടന്നിങ്ങോട്ട് എന്നിലേക്കെത്തിയ രുചിയരുചികൾ. അതിശയങ്ങളും ആഹ്ലാദങ്ങളും സങ്കടങ്ങളും തന്ന നിമിത്തങ്ങളുടെയും ആകസ്മികതകളുടെയും അനുഭവ ദശാസന്ധികൾ. ഇപ്പോളിതാ എന്റെ പേരക്കുട്ടിയുടെ ഈ അന്നാരംഭ മുഹൂർത്തവും എന്നിലേക്കിറങ്ങാനുള്ള മറ്റൊരു നിമിത്തമാവുന്നു.

കഥപറയുമ്പോൾ എന്ന ചലച്ചിത്രത്തിൽ മമ്മൂട്ടിയുടെ നായക കഥാപാത്രം പറയുന്ന ഒരു വാചകമുണ്ട്. ‘ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഞാനിവിടെ എത്തിച്ചേരേണ്ടത് ഒരു നിമിത്തമാണ്’.

അതെ, ജീവിതത്തിൽ ചില നിമിത്തങ്ങളിലേക്ക് ചിലർ നമ്മെ കൈപിടിച്ചാനയിക്കും. പാട്ടുരായ്ക്കൽ അപ്പുച്ചേട്ടൻ (Dr. K A Pisharoti) Gandhigram തമിഴ് നാടിന്റെ ഡയറക്ടർ ആയി ജോലി ചെയ്യുന്ന കാലമാണ്...

ഞാൻ പഴുവിൽ പിഷാരത്ത് നന്ദകുമാർ. മലയാള വർഷം 1123 ൽ ജനിച്ചു. അച്ഛൻ കാട്ടൂർ പിഷാരത്ത് രാമൻകുട്ടി പിഷാരോടി. അമ്മ പഴുവിൽ പിഷാരത്ത് സരസ്വതി പിഷാരസ്യാർ. ഇവരുടെ 5 മക്കളിൽ മൂത്തവനായി പിറവി. താഴെ രാധ (ചൊവ്വര), വേണുഗോപാൽ (കഴകം), രാമചന്ദ്രൻ (പരേതൻ), ജയപ്രകാശ് (UAE). തൊട്ടു മുമ്പിലുള്ള സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ പാരമ്പര്യമായി കഴകമുള്ള കുടുംബം. പരദേവത വല്ലച്ചിറ ഭഗവതിയും.

അന്നു കാലത്ത് കഴകത്തിന് ശമ്പളമില്ല. പകരം 40 പറ നെല്ലാണ് ഒരു മാസം. പകുതി ദേവന് നൈവേദ്യത്തിനും ബാക്കി കഴകക്കാർക്ക് നിത്യദിനാനത്തിനും. ജന്മി എന്നൊരു സൽപ്പേര് പതിച്ചു കിട്ടിയ തറവാട്. എന്നാൽ പറമ്പിൽ നിന്നും ആദായമൊന്നും കിട്ടിയിരുന്നില്ലെന്നതാണ് വാസ്തവം.

ഔദ്യോഗിക വിദ്യാഭ്യാസം കഴിഞ്ഞ കാലം. കാലത്തെ അമ്പലക്കഴകം കഴിഞ്ഞു വന്നാൽ ടൈപ്പ് റൈറ്റിംഗും ഷോർട്ട് ഹാൻഡും പഠിക്കാൻ പെരിങ്ങോട്ടുകരക്ക് പോവും. ഒരു വർഷത്തിനിടയിൽ 20 വയസ്സിൽ മേൽപ്പറഞ്ഞ രണ്ടിലും പ്രാവീണ്യം നേടി പരീക്ഷ പാസായി.

ആയിടക്കാണ് അപ്പുച്ചേട്ടൻ ഡയറക്ടർ ആയി ജോലി ചെയ്യുന്ന അവിടെ ഒരു ലീവ് വേക്കൻസി ഒഴിവു വന്നത്. അദ്ദേഹം അതിലേക്കെന്നെ കൈപിടിച്ചാനയിച്ചു. എന്റെ ഭാവി ജീവിതത്തിലേക്കുള്ള അടിസ്ഥാന ശിലാസ്ഥാപനം നിർവ്വഹിച്ച വ്യക്തി. പിന്നീട് 5 വർഷക്കാലം ആ സ്ഥാപനത്തിൽ ഞാൻ ജോലി ചെയ്തു. അപ്പുച്ചേട്ടന്റെയും വിശാല ചേടത്തിയമ്മയുടെയും സ്നേഹത്തണലിൽ ജീവിച്ച ആ കാലമത്രയും ഞാനെന്നും നന്ദിയോടെ സ്മരിക്കും.

1973 നവംബർ മാസത്തിൽ VSSC (ISRO) യുടെ സ്റ്റെനോഗ്രാഫർമാരെ ക്ഷണിച്ചുകൊണ്ടുള്ള ഒരു പരസ്യം ശ്രദ്ധയിൽ പെട്ടു. അഞ്ചു വർഷത്തെ പരിചയമായിരുന്നു ആ ജോലിക്ക് വേണ്ടിയിരുന്നത്. ജനുവരിയിൽ ടെസ്റ്റും ഇന്റർവ്യുവും കഴിഞ്ഞു 1974 മെയ് 22 നു അങ്ങിനെ ഞാൻ ഭാരതത്തിന്റെ അഭിമാന സ്ഥാപനമായ ISRO യിൽ ജോലിയിൽ പ്രവേശിച്ചു.

എ.പി.ജെ. അബ്ദുൽ കലാം സാറിന്റെ നേതൃത്വത്തിലുള്ള SLV- 3 പ്രോജെക്ടിലാണ് എനിക്ക് ആദ്യ പോസ്റ്റിങ്ങ് ലഭിക്കുന്നത്. അദ്ദേഹത്തിന്റെ PA ലീവായതിനാൽ ആദ്യ പോസ്റ്റിങ്ങ് സാക്ഷാൽ കലാം സാറിന്റെ PA ആയിട്ടായിരുന്നു. വിശ്രമം എന്തെന്നറിയാത്ത അദ്ദേഹം രാത്രി 8 മണി വരെ ജോലി ചെയ്യും. സ്റ്റാച്യുവിലുള്ള രണ്ടു ലോഡ്ജുകളിലായാണ് ഞങ്ങൾ താമസിച്ചിരുന്നത്. കലാം സാർ 100 രൂപ മാസവാടകയുള്ള ഇന്ദിര ഭവൻ ലോഡ്ജിലും ഞാൻ 40 രൂപ മാസവാടകയുള്ള കാർത്തിക ലോഡ്ജിലും.

എന്താണ് SLV- 3 എന്നറിയാത്ത കാലം. 1973ൽ അന്നത്തെ ISRO ചെയർമാൻ ഒരു തീരുമാനമെടുത്തു. ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുത്ത ലോഞ്ച് വെഹിക്കിളിൽ ഒരു ഉപഗ്രഹം മുകളിലേക്ക് വിടണമെന്ന്. 40 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹം 400 മീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിലേക്ക് എത്തിക്കുകയിരുന്നു ദൗത്യം.

ലോഞ്ച് വെഹിക്കിൾ രൂപകൽപന ചെയ്യാൻ 4 ഡിസൈൻ ടീമിനെ ചുമതലപ്പെടുത്തി. മൂന്നാമത്തെ ഡിസൈൻ ടീമിന്റെ Design അംഗീകരിക്കപ്പെട്ടു. അതുകൊണ്ടാണ് SLV- 3 എന്ന് നാമകരണം ചെയ്യപ്പെട്ടത്.

രാത്രി 8.30 നു ഓഫീസ് വിട്ട് സിറ്റിയിലേക്ക് തിരിച്ചെത്തും. പണിക്കൂടുതൽ ഉള്ള ദിവസങ്ങളിൽ കലാം സാർ വണ്ടി തിരിച്ചയക്കും. 1981 ൽ കലാം സാർ ISRO യിൽ നിന്നും Defence Research and Development Organisation ന്റെ ഡയറക്ടർ ആയി പോയി.

1979 ലായിരുന്നു SLV-3 യുടെ ആദ്യ പരീക്ഷണ പറക്കൽ. ശ്രീഹരിക്കോട്ടയിൽ നിന്നും നടത്തിയ പരീക്ഷണം പരാജയമായി. 1980 നടത്തിയ രണ്ടാമത്തെ പരീക്ഷണം വിജയം കണ്ടു. അവ രണ്ടിലും പങ്കെടുക്കാൻ (ശ്രീഹരിക്കോട്ടയിൽ) ഈയുള്ളവനും സാധിച്ചു.

എന്റെ പത്നി കാരമുക്കിൽ പിഷാരത്ത് ജയശ്രീ. ഞങ്ങൾക്ക് രണ്ടു പെണ്മക്കൾ. കവിത (PWD), ഭർത്താവ് ഓയിക്കാമഠത്തിൽ വിജയകുമാർ (UST). വിദ്യ (ISRO), ഭർത്താവ് മണക്കുളങ്ങര പിഷാരത്ത് സന്ദീപ് (Retd. from Air force).

ആദ്യം സൂചിപ്പിച്ചത് പോലെ ജീവിതമൊരു നിമിത്തമാണ്. നാമറിയാതെ നമ്മെ കൈപിടിച്ചാനയിക്കുന്ന ചില കരങ്ങളുണ്ട്. അതിൽ എനിക്കുണ്ടായ ഭാഗ്യം ഉന്നതരായ ചിലരുടെ കൈകളായിരുന്നു എനിക്ക് താങ്ങായതെന്നാണ്. Dr. K.A. Pishatoti, Dr. A. P.J. Abdul Kalam, Dr. Srinivasan, Dr. G. Madhavan Nair എന്നീ മഹത് വ്യക്തിത്വങ്ങളോടൊപ്പം ജോലി ചെയ്യാൻ സാധിച്ചു എന്നതാണ് എന്റെ ജീവിത സൗഭാഗ്യം.

ഇന്ന് എന്റെ രണ്ടാമത്തെ മകളുടെ കുട്ടിയുടെ അന്നപ്രാശവും പേരിടൽ ചടങ്ങും നടന്നത് ജീവിതത്തിലെ മറ്റൊരു സൗഭാഗ്യം. ഇതിനെല്ലാം തുണയാകുന്നത് കുറച്ചു കാലമെങ്കിലും കഴകം കഴിക്കാൻ അവരസം ലഭിച്ച പഴുവിൽ സുബ്രഹ്മണ്യസ്വാമിയുടെ അനുഗ്രഹം കൊണ്ടാണെന്നു വിശ്വസിക്കാനാണെനിക്കിഷ്ടം.

പേരക്കുട്ടി സാൻവികയുടെ ചോറൂൺ–പേരിടൽ ചടങ്ങിനോടനുബന്ധിച്ച് ഈ ലക്കം തുളസീദളം സ്പോൺസർ ചെയ്യാൻ കഴിഞ്ഞുവെന്നത് അതിലും വലിയ ചാരിതാർഥ്യം.

(ശ്രീ കെ.പി. നന്ദകുമാർ തിരുവനന്തപുരം ശാഖ സെക്രട്ടറി ആയിരുന്ന 2008ൽ ആണ് തിരുവനന്തപുരത്ത് വെച്ച് കേന്ദ്ര വാർഷികം നടന്നത്).

●



## കീർത്തിക്ക് മാത്സ് ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പരീക്ഷയിൽ രണ്ടാം റാങ്ക്

**തി**രുവേഗപ്പുറ, നരിപ്പറമ്പ് GUPS സ്കൂൾ അഞ്ചാംതരം വിദ്യാർത്ഥി കീർത്തി ആർ. 23–ാമത് സംസ്ഥാനതല Maths Talent Search Scholarship 2023-24 പരീക്ഷയിൽ രണ്ടാം റാങ്കും 1250 രൂപയുടെ ക്യാഷ് പ്രൈസും കരസ്ഥമാക്കി.

കീർത്തി തിരുവേഗപ്പുറ ആനായത്ത് പിഷാരത്ത് രഞ്ജിത്തിന്റേയും മാപ്രാണം പുത്തൻ പിഷാരത്ത് രമ്യയുടെയും മകളാണ്.

കീർത്തിക്ക് പിഷാരോടി സമാജത്തിന്റെയും വെബ്സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

ലേഖനം

# വിഷു ആഘോഷം ഒരു ഓർമ്മ



**ശിൽപ്പ ശശി, മാന്നന്നൂർ പിഷാരം**
**ഫോൺ: 9400627524**

വിഷുക്കാലം എപ്പോഴും കുട്ടിക്കാലത്തെ ഓർമ്മകളിൽ ഒന്നാണ്... അമ്മമ്മയും വല്യച്ഛന്മാരും വല്യമ്മമാരും അമ്മായിയും അമ്മാവനും ചേച്ചിമാരും അനിയന്മാരും ചേട്ടന്മാരും എല്ലാവരും ഒത്തുകൂടുന്ന ഒരു കൂട്ടായ്മ. ചെറിയ കുട്ടി ആയിരുന്ന സമയത്ത് സ്കൂൾ അടച്ചു കഴിഞ്ഞാൽ രണ്ടു മാസം അവധിക്ക് അച്ഛന്റെ ജോലി സ്ഥലത്ത് നിന്ന് അച്ഛന്റെ തറവാട്ടിലേക്ക് അമ്മമ്മയോടൊപ്പം (അച്ഛന്റെ അമ്മയെ ഞങ്ങൾ അമ്മമ്മ എന്നായിരുന്നു വിളിക്കാറ്) വിഷു അടക്കമുള്ള വെക്കേഷൻ ആഘോഷങ്ങൾക്ക് ഒത്തുകൂടാറുണ്ട്.. രാത്രി കളിച്ചു തിമിർത്ത് കിടക്കുന്ന ഞങ്ങളെ രാവിലെ കണ്ണ് പൊത്തി കൊണ്ട് പോയി കണി കാണിക്കുമ്പോ പലപ്പോഴും ആലോചിച്ചിട്ടുണ്ട് എപ്പോഴാ കണി ഒരുക്കി വെക്കാറ് എന്ന്... അച്ഛച്ഛനും അമ്മമ്മയും എല്ലാവരും ഉറങ്ങിയ ശേഷം കണി ഒരുക്കുമായിരുന്നുവത്രെ... പിന്നീട് അമ്മമ്മ പറഞ്ഞുകൊടുത്തു വല്യമ്മയും വല്യച്ഛനും കൂടിയാണത്രെ ചെയ്തിരുന്നത്.. എന്റെ വല്യ വല്യമ്മയാണ് എല്ലാവരും ഉറങ്ങി കഴിഞ്ഞ് ഒരുക്കി വെക്കാറുണ്ടായിരുന്നത് എന്ന് പിന്നീട് വലുതായി കഴിഞ്ഞ് ഒരു വിഷുക്കാലത്ത് കണ്ടപ്പോഴാണ് മനസ്സിലായത്..

കുട്ടികളുടെ പ്രധാന വിഷു ആഘോഷം എന്നത് പടക്കം പൊട്ടിക്കലും കൈനീട്ടവും ആണല്ലോ... വല്ല്യ വല്ല്യച്ഛനും അച്ഛനും കൂടി അങ്ങാടിയിൽ പോയി കമ്പിത്തിരിയും മത്താപ്പൂവും തലച്ചക്രവും ഓലപ്പടക്കവും ഒക്കെ വാങ്ങി വരും. എന്നിട്ട് തലേ ദിവസം കുറച്ച് എടുത്ത് കത്തിക്കും അതുകഴിഞ്ഞ് കണി കണ്ടിട്ട് ബാക്കി കത്തിക്കാം എന്ന് പറയും. കണി കാണുക എന്നതും ഒരു രസമുള്ള കാര്യമാണ്. വലിയവർ കണ്ടു കഴിഞ്ഞാണ് കുട്ടികളെ ഓരോരുത്തരെയായി വിളിക്കുക. കണ്ണ് പൊത്തി പതുക്കെ നടന്നു കണിക്കരികിൽ ഇരുന്ന് എന്തൊക്കെയാണ് ഉരുളിയിൽ ഇരിക്കുന്നത് എന്ന് നോക്കി തൊഴുത് മാറി ഇരിക്കും. അത് കഴിഞ്ഞ് വല്ല്യ വല്യച്ഛൻ കുറച്ച് നെല്ലും കൊന്നപ്പൂവും ചില്ലറത്തുട്ടും കൂട്ടി കണ്ണിൽ വച്ച് അമ്മമ്മയ്ക്ക് കൈമാറും. അമ്മമ്മ അത് വല്ല്യ വല്യമ്മയ്ക്കും പിന്നീട് പ്രായമനുസരിച്ച് എല്ലാവരും ചെയ്തതിനു ശേഷം വല്ല്യ വല്യച്ഛനു തിരികെ നൽകും. അതിനു ശേഷം എല്ലാവരും കുട്ടികൾക്ക് കൈനീട്ടം കൊടുക്കൽ ആയി. അച്ഛാച്ഛൻ ആണ് കൈനീട്ടം തരാറുള്ളത്. കുട്ടി ആയിരുന്നതിനാൽ അത്രക്ക് ഓർമ്മയില്ല. അച്ഛാച്ഛന്റെ കാലശേഷം വല്യച്ഛൻ ആയി. അമ്മമ്മയ്ക്ക് കിട്ടിയ കൈനീട്ടം ഞങ്ങൾ പേരക്കുട്ടികൾക്ക് വീതിച്ച് തന്നിരുന്നു. കുട്ടികളുടെ ആദ്യ സമ്പാദ്യം എന്ന് പറയുന്നത് ഈ കൈനീട്ടങ്ങൾ ആയിരുന്നു. എനിക്കും അനിയനും ഓരോ പേഴ്സ് ഉണ്ടായിരുന്നു കൈനീട്ടം കിട്ടിയ രൂപ വക്കാൻ. ഇല്ലെങ്കിൽ ഞങ്ങളു രണ്ടാളും തല്ലുകൂടാൻ തുടങ്ങും. അത് കഴിഞ്ഞാൽ തുടങ്ങുകയായി കമ്പിത്തിരി കത്തിക്കൽ. ഞങ്ങൾ കുട്ടികൾ അതോട് കൂടി ഉഷാറാവും.

പിന്നീട് കുളിയൊക്കെ കഴിഞ്ഞമ്പലത്തിൽ പോയി വന്നു കഴിഞ്ഞാൽ ഞങ്ങൾ കുട്ടികളുടെ കലാപരിപാടികളാണ്. ചേച്ചിമാരോടൊപ്പം ഉള്ള നൃത്തവും, അനിയന്മാരുടെ വക നിങ്ങൾക്കുമാകാം കോടീശ്വരന്റെ സ്പൂഫും, എല്ലാംകൂടി രസകരമായ ദിനം. കലാപരിപാടികളുടെ തലവനായ കുഞ്ഞിവല്യച്ഛൻ ഞങ്ങളെ സഹായിക്കുകയും, മറ്റുള്ളവർ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ ഞങ്ങളൊരോരുത്തരും വല്യ കലാകാരൻമാരാണെന്ന തോന്നലായിരുന്നു. ഇതിനിടയിൽ അമ്മയും വല്യമ്മമാരും കൂടി സദ്യ ഒരുക്കിയിട്ടുണ്ടാകും. കണി കണ്ട ഉരുളിയിലെ സാധനങ്ങൾ കൂട്ടാനും ഉപ്പേരിയും ഒക്കെ ആയി എല്ലാവരും കൂടി ചേർന്ന് താഴത്ത് ഇല ഇട്ട് വിളമ്പാനും കൂടി ഒന്നിച്ചിരുന്ന് സദ്യയും കഴിച്ച് മുതിർന്നവർ സദ്യയുടെ ക്ഷീണത്തിൽ കിടക്കുകയും കുട്ടികൾ വീണ്ടും കളിയിലേക്ക് പോവുകയും ചെയ്യും.

എന്റെ കോളജ് കാലഘട്ടം ആയപ്പോഴേക്കും ചേച്ചിമാരെല്ലാം വിവാഹം കഴിഞ്ഞ് പോവുകയും വിഷുവിന് ഏട്ടന്മാരുടെ വീട്ടിലെ വിഷു ആഘോഷം കഴിഞ്ഞ് തറവാട്ടിലേക്ക് വരികയും ചെയ്യുമായിരുന്നു. ദൂരേ ജോലി ചെയ്യുന്ന എന്റെ ഏട്ടൻമാരും കുടുംബവും അവർക്ക് ഒഴിവ് കിട്ടുന്ന അവസരങ്ങളിൽ തറവാട്ടിലേക്ക് വരികയും എല്ലാവരോടൊപ്പം വിഷു ആഘോഷിക്കുകയും ചെയ്യും. അവരുടെ മക്കളും ഓരോ കലാപരിപാടികൾ അവതരിപ്പിച്ച് ഒപ്പം കൂടും. ചേച്ചിമാരും ഏട്ടൻമാരും ജോലി ആയപ്പോ അവരുടെ കയ്യിൽ നിന്നും കൈനീട്ടം കിട്ടാറുണ്ട്. പിന്നീട് എനിക്ക് ജോലി ലഭിച്ചപ്പോ ഞാനും അതുപോലെ എല്ലാവർക്കും കൈനീട്ടം നൽകാൻ തുടങ്ങി. അമ്മമ്മയുടെ മരണശേഷവും എല്ലാവരും ഒത്തുകൂടാറുണ്ട്.

ഇപ്പോൾ ആഘോഷങ്ങൾക്കും കൈനീട്ടത്തിനും വേണ്ടി അടുത്ത തലമുറയിലെ കുട്ടികൾ കാത്തിരിക്കുന്നു എന്നത് ഞങ്ങളെയും സന്തോഷിപ്പിക്കുന്നു... ഇന്നെന്റെ കുഞ്ഞിപ്പെണ്ണിന്റെ ആദ്യവിഷു... അവളുടെ ഓപ്പോളുടെ കണ്ണിൽ വിരിയുന്ന അത്ഭുതവും സന്തോഷവും... എല്ലാം ഒന്നുകൂടി ഓർത്തു... ●

# വിദേശ രാജ്യത്ത് ആദ്യമായി പിഷാരോടിമാരുടെ ചിട്ടപ്രകാരമുള്ള പിണ്ഡം നടന്നു

**ഈ**യിടെ കാനഡയിൽ വച്ച് അന്തരിച്ച പിഷാരോടി സമാജം മുൻ ജനറൽ സെക്രട്ടറി സി.ആർ. പിഷാരോടിയുടെ പിണ്ഡം സമരാധനാദി മരണാനന്തര ക്രിയകൾ വളരെ ഭംഗിയായി കാനഡയിൽ അദ്ദേഹത്തിന്റെ മകളുടെ വസതിയിൽ വച്ച് നടന്നു.



ഇതിൽ ഏറ്റവും വലിയ പ്രത്യേകത സി.ആർ. പിഷാരോടിയുടെ കുടുംബാംഗങ്ങളുടെ ആഗ്രഹപ്രകാരം ഇവിടെ നടത്തുന്ന രീതിയിൽ തന്നെ എല്ലാ ചടങ്ങുകളും കാനഡയിൽ വച്ചും നടത്താൻ കഴിഞ്ഞു എന്നതാണ്.

ഗുരുവായൂർ മുൻ മേൽശാന്തിയും കാനഡ ഒന്റാറിയോയിലെ ഗുരുവായൂരപ്പൻ ക്ഷേത്രം തന്ത്രിയുമായ ബ്രഹ്മശ്രീ കരിയന്നൂർ ദിവാകരൻ നമ്പൂതിരി, പിഷാരോടിമാരുടെ ചടങ്ങുകളും പൂജാവിധികളും നമ്മുടെ ചടങ്ങുഗ്രന്ഥം നോക്കി മനസ്സിലാക്കുകയും ആചാര്യനായിരുന്ന് പറഞ്ഞുകൊടുത്ത് ചെയ്യിപ്പിക്കുകയുമായിരുന്നു.

താന്ത്രിക ആചാര്യനായ അദ്ദേഹത്തോട് നമ്മുടെ പൂജാവിധികളെക്കുറിച്ചും പിണ്ഡച്ചടങ്ങുകളെക്കുറിച്ചും ഫോണിലൂടെ വിശദമായി ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടായത് വലിയ ഭാഗ്യമായി കണക്കാക്കുന്നു.

ശ്രീ. സി.ആർ. പിഷാരോടിയുടെ പത്നി രാധച്ചേച്ചി, മകൾ രഞ്ജിനി, മരുമകൻ ശ്രീ. ഉണ്ണികൃഷ്ണൻ (കണ്ണേട്ടൻ) എന്നിവരുടെ താല്പര്യവും പരിശ്രമവും കാനഡയിലുള്ള നമ്മുടെ ബന്ധുജനങ്ങളുടെ ഉത്സാഹവും സഹകരണങ്ങളും കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ അകമഴിഞ്ഞ സഹായവും കൊണ്ടാണ് വിദേശത്ത് ഇത്ര ഭംഗിയായി ചടങ്ങുകൾ നടത്താൻ കഴിഞ്ഞത്. അതിൽ ചെറിയൊരു ഭാഗമാവാൻ കഴിഞ്ഞതിൽ എനിക്കും അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഇത് നമ്മുടെ ചടങ്ങുകളോട് താല്പര്യമുള്ള ഏവർക്കും മാതൃകയും പ്രചോദനവും ആവും എന്ന് വിശ്വസിക്കുന്നു.

**കെ.പി. ഹരികൃഷ്ണൻ**

കവിത

# സത്യമേവ ജയതേ





രാംകുമാർ പെരുവനം

**അ**ത്താഴ പൂജ കഴിഞ്ഞ് മടങ്ങവേ
അമ്പല ഗോപുരത്തിണ്ണയിൽ
അതി പുരാതന വേഷഭൂഷാദിയോടെ
അവശനായെങ്കിലും തേജസ്വിയാം
അജ്ഞാത മാനവനിരിക്കുന്ന കണ്ടു
ആരെന്നറിഞ്ഞീടാനുള്ളാകാംക്ഷയാൽ
അരികത്തെത്തി ചോദിച്ചു ഞാൻ
'ആരാണങ്ങെന്നുമങ്ങിവിടെയെത്തിയതെന്തിനെന്നും
അറിഞ്ഞീടാനേറെയുത്സുകതയുണ്ടെനിക്ക്'
അതു കേട്ട് ചെറു മന്ദഹാസത്താടേ
അതിനോടൊപ്പം ദീർഘ നിശ്വാസത്തോടേയും
ആ തേജസ്വി ചൊല്ലി മെല്ലെ
അനേകായിരം യുഗങ്ങൾക്കു മുന്നേ
അമരത്വം നേടിയ ദേവകൾക്കൊപ്പം
അമരാവതിയിൽ വസിച്ചവനാണ് ഞാൻ
അന്നെന്നെയേറെ മാനിച്ചിരുന്നവിടെ സർവ്വരും
അവരെനിക്കേകിയ നാമമല്ലോ 'സത്യം'
അതി മഹത്വമുണ്ടായിരുന്നവിടെയെൻ മൊഴിക്ക്
അനേക കോടി ദേവകളും ത്രിമൂർത്തികൾ പോലും
ആദരവേകിയിരുന്നെനിക്കവിടേ
ആയിരം യുഗാന്തരമുണ്ടായ ഭൂമിയെന്ന ഗോളത്തിൽ
ആദിമുതലന്ത്യം വരെ വാഴേണം നീയെന്നിന്ദ്ര
ആഞ്ജ ഹേതുവാൽ ധരണിജാതനായ
'സത്യ'മാണ് ഞാൻ
ആയിരം നാവുള്ളനന്തൻ വഹിക്കുമീ ഭൂമിയിൽ
അയോദ്ധ്യാതിപതി ശ്രീരാമ ചന്ദ്ര യുഗം വരെ
അതി സന്തുഷ്ട വാസമായിരുന്നെന്റേതെങ്കിൽ
അച്യുതാവതാരദ്വാപര യുഗം മുതൽ
അഥവാ കുരു പാണ്ഡവ യുദ്ധം മുതൽ
അധോഗതി തുടങ്ങിയെന്റെ
അസത്യമായ് മാറി ക്രമേണ ഞാൻ
അർജ്ജുന സാരഥിയായ് യുദ്ധമദ്ധ്യേ
ആയുധമെടുക്കില്ലെന്ന സത്യം
അപ്പാടെ മറന്നായുധമെടുത്തതു മുതൽ
അവനിപതി മാധവൻ തുടങ്ങിയ പൊളി വചനത്തോടെ
അസത്യത്തിൻ വിളയാട്ടമായ് മണ്ണിൽ
അനന്തശയനൻ ലോക നന്മക്കായാണ്
അതു ചെയ്തതെങ്കിൽ ഈ കലി യുഗത്തിൽ
അസത്യമല്ലോ സർവ്വർക്കും പ്രിയം
അസത്യമായി മണ്ണിൽ വസിച്ച് വസിച്ച്
അറിയാൻ കഴിയുന്നില്ലെനിക്കു പോലും
അതി മഹത്വമേറിയ സത്യമേതെന്നും
അതിമോഹിയാമസത്യമേതെന്നും
അനേക ലക്ഷങ്ങളിലൊരുവരായ് ജനിച്ച
അഹിംസ വാദികളാം ബുദ്ധനും ക്രിസ്തുവും ബാപ്പുജിയും
അർപ്പിച്ചു സ്വജീവൻ സത്യത്തിൻ വാഴ്ച്ചക്കായ്
അതു പോലും വ്യർത്ഥമായിന്നിവിടെ
അവരുടെ നാമത്തിൽ സ്വാർത്ഥരാം ലോകരിന്ന്
അരിയിട്ടു വാഴിക്കുന്നു
അസത്യവാദികളെ മാനവ സേവകരെന്ന പേരിൽ
അഴിമതിയിൽ കൂട്ടാളികളായ് കോടികൾ കൊയ്യുന്ന
അധികാരി വർഗ്ഗത്തിൻ വിളയാട്ട ഭൂമിയായ് മാറി ലോകമിന്ന്
അനേകായിരം വർഷങ്ങളായ്
അലഞ്ഞു തിരിയുന്നെന്നിൽ നിന്നും
അകന്നു പോയ നിദ്രാ ദേവി
അറിയാതെന്നെ തഴുകിയിന്ന്
ആദി പരാശക്തിയും മഹാദേവനും ഒന്നിച്ചു വാഴും
അതി പവിത്രമാമീ സന്നിധിയിലെത്തിയപ്പോൾ
അവരോടിന്നു ഞാൻ പ്രാർത്ഥിച്ചീടട്ടെ
അസത്യമെന്നെന്റെ മറു രൂപത്തിനന്ത്യം വരുത്തി
അവനിയെ രക്ഷിച്ചീടാനും
അമരാവതിയിലേക്കെന്നെ തിരിച്ചു വിളിച്ചീടാനും
അല്ലെങ്കിലൊരു മഹാ പ്രളയത്താൽ
അഖിലാണ്ഡമാകെ മുക്കി വീണ്ടുമച്യുതനെ
അവതരിപ്പിച്ചീടാൻ മത്സ്യം മുതൽ
അറിയാതെ കൈകൂപ്പി നിന്നയെന്നെ
അനുഗ്രഹിച്ചപ്രത്യക്ഷനായ് സത്യവും
അപ്പോളെൻ മനസ്സു പാടി

'സത്യത്തിനിന്നും ശരശയ്യ മാത്രം.....'


തറവാടുകളുടെ ചരിത്രം

# അപ്പംകളം തറവാട്

## പാങ്ങ്–കുറുവ ഗ്രാമപഞ്ചായത്ത്



ദേവി അപ്പംകളം
ഫോൺ: 9497811623




**സമർപ്പണം**

അച്ഛനും (ഉണ്ണിക്കണ്ണ പിഷാരോടി)
അമ്മക്കും (തിരുമാല - കുഞ്ഞിക്കാവ് പിഷാരസ്യാർ)

*വർഷങ്ങൾക്ക് മുന്നേ അന്യാധീനപ്പെടുകയും പിന്നീട് നാമാവശേഷമാവുകയും ചെയ്ത അപ്പംകളം തറവാട് എന്റെ ഓർമ്മയിൽനിന്നും വീണ്ടെടുത്തത്. ഒരു പ്രശസ്ത ചിത്രകാരൻ യാഥാർത്ഥ്യമാക്കിയത്. (front view)*


### തറവാടിന്റെ ചരിത്രഭൂമികയിലേക്ക്....

**നാ**നൂറിലേറെ വർഷം പഴക്കമുള്ള അപ്പംകളം തറവാടിന്റെ ചരിത്രം പരിശോധിച്ചാൽ, വള്ളുവനാടിന്റെയും വള്ളുവനാടിന്റെ ഭരണാധികാരിയായിരുന്ന വള്ളുവക്കോനാതിരിയുടെയും ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. കുറുവ പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തിന്റെയും ഉടമകൾ ആയിരുന്ന അപ്പംകളം പിഷാരത്തിന്റെ ഉയർച്ചതാഴ്ചകൾ ആറങ്ങോട്ട് സ്വരൂപത്തിന്റെ കയറ്റിറങ്ങളുമായി ഇഴചേർന്നു കിടക്കുന്നു.

വള്ളുവനാട് എന്ന ഭൂപ്രദേശം നിളാനദി വളർത്തിയുണ്ടാക്കിയ ഒരു വിലപ്പെട്ട സംസ്കാരത്തിന്റെ ഭൂമികമാത്രമല്ല, കേരളീയത എന്ന് നാം സാമാന്യേന വിവക്ഷിക്കുന്നൊരു സാംസ്കാരിക പാരമ്പര്യ വികാസത്തിനു മഹത്തായ സംഭാവനകൾ നൽകിയ ഒരു ഭൂപ്രദേശം കൂടിയാണ്. ഭാരതപ്പുഴയും തൂതപ്പുഴയും ദാനമായി നൽകിയ ചൈതന്യവത്തായൊരു കർമ്മഭൂമിയിൽ രേഖകളില്ലാത്ത ഈ കൊച്ചുനാടിന്റെ ഉപദേശീയത ഇന്നും സാംസ്കാരികമായി പ്രവർത്തിക്കുന്നു. പഴയവള്ളുവനാടിന്റെ വിസ്തൃതി വളരെ വലുതായിരുന്നു. ഭരണസൗകര്യങ്ങൾക്കു വേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ അളന്നിട്ടിരുന്ന ചെറിയൊരു താലൂക്കിന്റെ പരിധിയിൽ ഒതുങ്ങുന്നതുമായിരുന്നില്ല പഴയ വള്ളുവനാട്. ഇന്നത്തെ പെരിന്തൽമണ്ണ, മണ്ണാർക്കാട്, ഒറ്റപ്പാലം, പൊന്നാനി എന്നീ താലൂക്കുകളിൽ നിളയുടെയും തൂതപ്പുഴയുടെയും സംഗീതം കേട്ടുകിടക്കുന്നൊരു ഭൂവൃത്തത്തിലൂടെ വേണം ഈ പഴയ നാട്ടുരാജ്യത്തിന്റെ സ്മൃതിസുഗന്ധം തേടിപ്പോ

വാൻ. 'പറയിപെറ്റപന്തിരുകുലം' നിളാതീരത്തെ വള്ളുവനാടിന്റെയും പൊന്നാനിയുടെയും കഥയാണ്.

## വള്ളുവനാട്



1909 ലെ കണക്ക് പ്രകാരം - As of 1909

അക്ഷാംശം – $10^{0}$58'36" വടക്ക്
രേഖാംശം –$76^{0}$ 5'54" കിഴക്ക്

ചേരഭരണത്തിനുശേഷം കേരളത്തിൽ പ്രത്യക്ഷപ്പെട്ട നാട്ടുരാജ്യങ്ങളിൽ ഒന്നാണ് വള്ളുവനാട്. ഏറനാടിനെ വള്ളുവനാടുമായി വേർതിരിക്കുന്ന മലപ്പുറത്തെ പന്തലൂർ മലകൾ മുതൽ പൊന്നാനി വരെയാണ് ആദ്യകാലത്ത് ഇതിന്റെ വിസ്തൃതി എന്ന് വായ്മൊഴികളുണ്ട്. സി.ഇ. പതിമൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രത്യക്ഷപ്പെടുന്ന ഈ രാജ്യം ഇരുനൂറുവർഷങ്ങളോളം സജീവമായി നിന്ന ശേഷം പതിനാലാം നൂറ്റാണ്ടിനൊടുവിൽ സാമൂതിരിക്കു കീഴ്പ്പെടുകയാണ് ചെയ്യുന്നത്. രാജ്യത്തിന്റെ ഭൂരിഭാഗവും അങ്ങനെ നഷ്ടപ്പെട്ട അവർ തുടർന്നും തങ്ങളുടെ ഭരണകേന്ദ്രങ്ങളുടെ സമീപസ്ഥലങ്ങളിൽ ഭരണം നടത്തിക്കൊണ്ട്പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്നു. തങ്ങളുടെപരദേവതയായിരുന്ന അങ്ങാടിപ്പുറത്തെ തിരുമാന്ധാംകുന്നു ഭഗവതീക്ഷേത്രത്തിനു ചുറ്റുമായി കഴിഞ്ഞുകൂടിയിരുന്ന വള്ളുവക്കണക്കന്മാരുടെ ഇടയിലേക്ക് മദ്ധ്യകേരളത്തിൽനിന്ന് കടൽമാർഗ്ഗം എത്തിപ്പെട്ട് അധികാരം സ്ഥാപിച്ചെടുത്തവരാണ് വള്ളുവക്കോനാതിരിമാർ എന്നും തന്മൂലമാണ് അവരുടെ രാജ്യത്തിന് വള്ളുവനാട് എന്ന പേർകിട്ടിയതെന്നും പറയപ്പെടുന്നുണ്ട്. വള്ളുവനാടും നെടുങ്ങനാടും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് തൂതപ്പാലം (പാലാട്ട് ബ്രിഡ്ജ്).

രണ്ടാം ചേരസാമ്രാജ്യത്തോളം തന്നെചരിത്രമുള്ള വള്ളുവനാടിന് 'വല്ലഭക്ഷോണി' എന്ന സംസ്കൃത നാമമുണ്ട്. പത്താം ശതകത്തിൽജീവിച്ചിരുന്ന രാജശേഖരനാണ് ഈ വംശത്തിന്റെ സ്ഥാപകൻ. ഈ രാജവംശം ആറങ്ങോട്ടുസ്വരൂപം എന്നാണ് അറിയപ്പെട്ടിരുന്നത്. വള്ളുവനാട്ടുരാജാവിന് വള്ളുവക്കോനാതിരി, വെള്ളാട്ടിരി, ആറങ്ങോട്ട് ഉടയവർ, വല്ലഭൻ എന്നീ പേരുകൾ ഉണ്ട്. ഇവരുടെ കുടുംബത്തിലെ പുരുഷപ്രജകളെ വെള്ളോടിമാർ എന്നുവിളിക്കുന്നു. വള്ളുവനാടിന്റെ ആദ്യ തലസ്ഥാനം വള്ളുവനഗരം (ഇന്നത്തെ അങ്ങാടിപ്പുറം) ആയിരുന്നു. ഇവിടത്തെ തിരുമാന്ധാംകുന്നുഭഗവതി വള്ളുവക്കോനാതിരിമാരുടെ പരദേവതയായിരുന്നു. തിരുനാവായയിൽ നടത്തിവന്ന മാമാങ്കത്തിന്റെ രക്ഷാധികാരസ്ഥാനം തുടക്കത്തിൽ വള്ളുവക്കോനാതിരിക്കായിരുന്നു. പിന്നീട് ഒരുചതിയുദ്ധത്തിലൂടെ സാമൂതിരി അത് കൈക്കലാക്കി.

## വള്ളുവക്കോനാതിരി:–

വള്ളുവനാട്ടിലെ രാജാവ് വള്ളുവക്കോനാതിരി (വള്ളുവക്കോനാതിരിമൂപ്പിൽനായർ) എന്നാണ് അറിയപ്പെട്ടിരുന്നത്. അവർ സ്വയം വിശേഷിപ്പിച്ചിരുന്നത് വള്ളുവക്കോനാതിരി എന്ന കോതൈക്കടുങ്ങോനായ കോവിൽകരുമികൾ (കർമ്മികൾ) എന്നാണ്. കടുംകോൻ എന്ന പുരാതന ദ്രാവിഡ നാമം അവരുടെ ഉത്പത്തി ആദിചേരന്മാരുടെ കാലത്താണെന്ന് സൂചിപ്പിക്കുന്നു.

വള്ളുവക്കോനാതിരി എന്നത് ആറങ്ങോട്ടു സ്വരൂപത്തിലെ തലമുതിർന്ന പുരുഷ അംഗത്തിന്റെ സ്ഥാനമാകുന്നു. കുറുവയായിരുന്നു ആസ്ഥാനം. കടന്നമണ്ണയായിരുന്നു മൂലസ്വരൂപസ്ഥാനം. കടന്നമണ്ണ, ആയിരനാഴി, മങ്കട, അരിപ്പുറെ ഈ നാലു കോവിലകങ്ങളിലെ മൂത്തപുരുഷനാകുന്നു ഈ സ്ഥാനി. മുഴുവൻ കുടുംബത്തിലേക്കും പ്രായം ചെന്ന സ്ത്രീപ്രജ കുളത്തൂർ തമ്പുരാട്ടി എന്നും തൊട്ടടുത്ത ഇളയ സ്ത്രീ പ്രജ കടന്നോൺ മൂത്തതമ്പുരാട്ടി എന്നും അറിയപ്പെട്ടിരുന്നു. മൂലകുടുംബം അങ്ങാടിപ്പുറത്തെ കുളത്തൂരിനു സമീപമുള്ള കുറുവ എന്ന സ്ഥലത്തെ കടന്നമണ്ണ കോവിലകമായിരുന്നു.

തിരുമാന്ധാംകുന്ന് ഭഗവതി വള്ളുവനാടിന്റെ പരദേവതയും, പന്തല്ലൂർ ഭഗവതി വള്ളുവക്കോന്റെ സ്വരൂപ പരദേവതയും ആകുന്നു.

തിരുമാന്ധാംകുന്നിലമ്മയുടെ പ്രതിപുരുഷൻ എന്ന നിലയ്ക്കാണ് മുൻപ് വള്ളുവനാട് രാജാക്കന്മാർ ഭരണം നടത്തിവന്നത്. 'രാജസ്ഥാന'ത്തിന് അവകാശപ്പെട്ട സ്ഥാനസ്വത്തായിരുന്നു അന്ന് തിരുമാന്ധാംകുന്ന് ക്ഷേത്രം. പിന്നീടാണ് ട്രസ്റ്റി ആയി മാറിയത്. പുതിയവള്ളുവക്കോനാതിരി, വള്ളു

വനാട്ടുകര വല്ലഭ വലിയരാജാവായും തിരുമാന്ധാം കുന്ന് ദേവസ്വം ട്രസ്റ്റിയുമായും മങ്കട കോവിലകത്തെ ശ്രീധര വർമ്മരാജ (86വയസ്സ്) 2020 ഡിസംബർ അവസാനം ചുമതലയേറ്റു. അതുവരെ വള്ളുവനാട് സ്വരൂപത്തിലെ രണ്ടാംസ്ഥാനിയായ വെള്ളാർപ്പാടായിരുന്ന ശ്രീധരവർമരാജ, വള്ളുവക്കോനാതിരിയായിരുന്ന കെ.സി. ജനാർദ്ദനൻരാജ തീപ്പെട്ടതിനെത്തുടർന്നാണ് പുതിയവള്ളുവക്കോനാതിരിയായത്.



എം.സി. ശ്രീധരവർമരാജ

## മാമാങ്കം:-

പന്ത്രണ്ട് വർഷത്തിൽ ഒരിക്കൽ തിരുനാവായയിൽ ഭാരതപ്പുഴയുടെ തീരത്തും പുഴയിലും ആയി നടന്നിരുന്ന ഒരു ഉത്സവം ആണ് മാമാങ്കം. രാജാക്കന്മാരും, ഉന്നതരും, ബ്രഹ്മണന്മാരും കൂടാതെ അറബികൾ, ചൈനക്കാർ, മാർവാഡികൾ, ചെട്ടികൾ തുമടങ്ങി വിവിധ കച്ചവടക്കാരും പങ്കെടുക്കുന്ന ഒരു വലിയ മേളതന്നെ ആയിരുന്നു മാമാങ്കം. നാടാകെ ഒരു ഉത്സവ പ്രതീതിയിൽ ആയിരുന്നകാലം ആയിരുന്നു അത്. കൂടാതെ നമ്മുടെ പല കാർഷികോത്പന്നങ്ങളും കരകൗശലവസ്തുക്കളും വില്ക്കപ്പെടുകയും, നമുക്ക് അന്യമായ പല ഉത്പന്നങ്ങളും വാങ്ങുവാനും കൂടിയുള്ള ഒരു അവസരം ആയിരുന്നു മാമാങ്കം. കൂടാതെ, രാത്രിയിൽ കഥകളി, ഓട്ടംതുള്ളൽ തുടങ്ങി നിരവധി കലാരൂപങ്ങളും പ്രദർശിപ്പിച്ചിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു.

പന്ത്രണ്ട് വർഷം കൂടുമ്പോൾ തിരുനാവായയിൽ നടക്കാറുള്ള മാമാങ്കോത്സവത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നത് അന്നുവരെ ശക്തനായ വള്ളുവക്കോനാതിരി ആയിരുന്നു. എന്നാൽ, പതിനഞ്ചാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സാമൂതിരി, തിരുനാവായ പിടിച്ചടക്കിയതോടെ ആ പദവി വള്ളുവക്കോനാതിരിക്ക് നഷ്ടപ്പെട്ടു.

മാമാങ്കത്തിന്റെ രക്ഷാധികാരി അലങ്കരിക്കുന്ന സ്ഥാനം 'രക്ഷാപുരുഷസ്ഥാനം' എന്നാണ് അറിയപ്പെട്ടിരുന്നത്. നല്ല ഉയർന്ന അന്തസ്സും ബഹുമതിയും ഉള്ള ആ സ്ഥാനം സാമൂതിരി അട്ടിമറിക്കുന്നതുവരേയും വള്ളുവക്കോനാതിരി ആയിരുന്നു അലങ്കരിച്ചിരുന്നത്. സാമൂതിരിയുടെ ഈ കടന്നാക്രമണം അതുകൊണ്ട്തന്നെ വള്ളുവനാട്ടിലെ ജനങ്ങൾക്ക് ഒരു വൻതിരിച്ചടി ആയി. എങ്ങിനെയെങ്കിലും ഈ സ്ഥാനം തിരിച്ച് പിടിച്ചേതീരു എന്ന തീരുമാനത്തിൽ ആണ് 'ചാവേർപട' രൂപംകൊള്ളുന്നത്. എല്ലാപ്രാവശ്യവും സാമൂതിരി മാമാങ്കത്തിന്റെ രക്ഷാപുരുഷൻ ആയി വരുമ്പോഴും ചാവേർപട സാമൂതിരിയോട് പൊരുതാനായി തിരുനാവായയിൽ എത്തും. അതിശക്തരും ധാരാളം പോരാളികളും ഉണ്ടായിരുന്ന സാമൂതിരിപ്പടയോട് ജയിക്കാനാകാതെ മരണം സുനിശ്ചിതം ആണെങ്കിലും, ചാവേർപട അവരുടെ രാജാവിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ എല്ലാപ്രാവശ്യവുംഎത്തുന്നത് പതിവായി. എങ്കിലും രാജാവ് ഒരിക്കലും ആരേയും ചാവേർപടയിൽ ചേരാൻ നിർബ്ബന്ധിച്ചിരുന്നില്ല. ജനങ്ങൾ സ്വമേധയാ മുന്നോട്ട് വന്ന് വള്ളുവക്കോനാതിരിയുടെ രക്ഷാപുരുഷാധികാരം തിരിച്ചുപിടിക്കാൻ ആയി പൊരുതി വീരമൃത്യുവരിച്ചു. രാജാവ് എല്ലാ പ്രാവശ്യവും ചാവേർപടയിലെ ധീരയോദ്ധാക്കൾക്ക് ആശംസകൾ നൽകുകകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

മാമാങ്കത്തിന് ധീരപോരാളികളെ യുദ്ധത്തിന് അയച്ച് വീരമൃത്യുവരിക്കാൻ വെള്ളാട്ടിരിയുടെ നേതൃത്വത്തിൽ നാല് നായർ കുടുംബക്കാർ ഉണ്ടായിരുന്നു - ചന്ദ്രത്ത്പണിക്കർ, പുതുമനപണിക്കർ, കൊക്കാട്ട്പണിക്കർ, വെർക്കോട്പണിക്കർ. അവരോടൊപ്പം ആയുധധാരികളായ നായർജാതിക്കാരും, പലപ്പോഴും മുസ്ലീമുകളും മരണംവരിക്കാൻ തയ്യാറായി പോയിരുന്നു. ഇത്തരത്തിൽ പോയിരുന്ന ചാവേറുകളുടെ കുടുംബക്കാരോ മുതിർന്നവരോ കഴിഞ്ഞ തവണ നടന്ന യുദ്ധത്തിൽ സാതമൂതിരിപ്പടയോട് പൊരുതി ജീവൻ നഷ്ടപ്പെട്ടവർ ആയിരുന്നു. ആയതിനാൽ കുടിപ്പകയും വിദ്വേഷവും ആണ് മിക്കവരേയും ചാവേർപടയിലേക്ക് സ്വമേധയാ നയിച്ചത്. മലബാറിന്റെ പല ഭാഗത്ത് നിന്നും വരുന്ന ഇത്തരം ചാവേറുകൾ വെള്ളാട്ടിരിയുടെ നേതൃത്വത്തിൽ തിരുമാന്ധാംകുന്നിൽ കൂടുകയും, അവിടെനിന്നും മുകളിൽ സൂചിപ്പിച്ച നായർ കുടുംബങ്ങളിലെ പടനായകന്മാരുടെ നേതൃത്വത്തിൽ തിരുനാവായയിലേക്ക് സഞ്ചരിക്കുകയുംആയിരുന്നു പതിവ്.

വില്ല്യംലോഗന്റെ മലബാർ മാന്വലിൽ 1683-ലെ മാമാങ്കത്തെ വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു: 'ആർപ്പുകവിളികൾക്കും വെടി

കൾക്കും ഇടയിൽനിന്ന് വള്ളുവനാട്ടിലെ നാല് നായർകുടുംബങ്ങളിലെ ചാവേർ നായരുകൾ ജനക്കൂട്ടത്തിൽ നിന്നുവരികയും സുഹൃത്തുക്കളുടേയും ബന്ധുക്കളുടെയും അവസാന ആശംസകളും പ്രാർത്ഥനകളും സ്വീകരിക്കുകയും ചെയ്തിരുന്നു.


വെള്ളാട്ടിരിയുടെ വീട്ടിൽ നിന്നും ഈ ഭൂമിയിലെ അവസാനത്തെ ഊണ് കഴിച്ചതിന് ശേഷം വരുന്ന അവരെ മാലകൾ ഇട്ടും ഭസ്മം പൂശിയും ജനങ്ങൾ വരവേറ്റു. ഇത്തവണ പുതുമന പണിക്കർ ആണ് പടനയിക്കുന്നത്. അദ്ദേഹത്തോടൊപ്പം നായർ, മേനോൻ തുടങ്ങി ക്ഷത്രിയവിഭാഗത്തിലെ 17 സുഹൃത്തുക്കളും ഉണ്ട്. മരിക്കാൻ ആയി തീരുമാനിച്ചുകൊണ്ട് വാളും എടുത്ത് ലക്ഷ്യത്തിലേക്ക് അവർ നീങ്ങി.

അവസാനത്തെ മാമാങ്കം ആഘോഷിച്ചത് 1766 ൽ ആണ്. അന്ന് ചാവേർപട ആയി വരാൻ ആരും തയ്യാറാകാതിരിക്കുകയും, അങ്ങനെ വള്ളുവക്കോനാതിരി സ്വയം ചാവേർ ആകാൻ തയ്യാറെടുക്കുകയും ചെയ്തു. തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രത്തിൽ പ്രത്യേക പൂജ കഴിച്ചതിന് ശേഷം അദ്ദേഹം വടക്കെ നടയിൽ എത്തിയപ്പോൾ ചാവേർപടയ്ക്ക് തയ്യാറായിനിൽക്കുന്ന 18 വയസുള്ള ഒരു യുവാവിനേയും അയാളുടെ 12 ശിഷ്യരേയും ആണ് അദ്ദേഹം കണ്ടത്. (ഇത് ഭഗവതി യുവാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതാണെന്ന് ചിലർ വിശ്വസിക്കുന്നു). വള്ളുവക്കോനാതിരിയുടെഅനുഗ്രഹം വാങ്ങി അവർ മാമാങ്കത്തിന് തിരുനാവായയിലേക്ക് പുറപ്പെട്ടു. സാമൂതിരിയുടെ പടയോട് മുഴുവൻ പൊരുതി മുന്നേറിയ ഈ പതിനെട്ടുകാരൻ നിലപാട് തറയിലേക്ക് ചാടിക്കയറുകയും സാമൂതിരിയുടെ കഴുത്തിന് നേരെ വാള് ഓങ്ങുകയുംചെയ്തു. എന്നാൽ പെട്ടെന്ന് സാമൂതിരി പുറകിലേക്ക് കുതറി മാറിയതിനാൽ അവിടെ ഉണ്ടായിരുന്ന വലിയ നിലവിളക്കിൽ വാള് തട്ടുകയും വിളക്ക് കെടുകയും ചെയ്തു. ഉടൻതന്നെ മങ്ങാട്ടച്ഛൻ വശത്ത്നിന്നും ചാടിവന്ന് ഈ ബാലനെ വധിച്ചു. ഇതായിരുന്നു അവസാനത്തെ മാമാങ്കോത്സവം. നിലപാട്തറയിലെ നിലവിളക്ക് കെടുന്നത് ഒരു ദു:ശ്ശകുനമായി കണക്കാക്കപ്പെടുകയും തുടർന്ന് മലബാർ ഭാഗം പൂർണ്ണമായി അധ:പതിക്കുകയും ചെയ്തു എന്ന് ചരിത്രം.

പിന്നീട് മൈസൂർ ആക്രമണത്തെ തുടർന്ന് വള്ളുവക്കോനാതിരി തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. ടിപ്പുസുൽത്താന്റെ അധീനതയിൽനിന്നും പിൽക്കാലത്ത് ബ്രിട്ടീഷുകാർ മലബാർ കയ്യടക്കിയപ്പോൾ അന്നത്തെ എല്ലാനാട്ടുരാജാക്കന്മാർക്കുമെന്നപോലെ വള്ളുവനാട്ടുരാജാവിനും മാലിഖാൻ ഏർപ്പെടുത്തി.

## ഭരണവ്യവസ്ഥ:–

സംസ്ഥാനത്ത് അഞ്ചാംകൂറുവരെയുള്ള കുടുംബാംഗങ്ങൾക്ക് ഭരണത്തിൽ സ്ഥാനമുണ്ടായിരുന്നു. പ്രധാനമന്ത്രി സ്ഥാനത്ത് കരുവായൂർമൂസ്സതായിരുന്നു. തൊട്ടുതാഴെ ചെറുകരപിഷാരടി, അപ്പംകളം പിഷാരടി, കുളത്തൂർ വാരിയർ, പാതിരമണ്ണ വെള്ളോടി, എളുമ്പുലാക്കാട് അച്ചൻ, പറക്കാട് നായർ, കക്കൂട്ട് നായർ, മണ്ണാർമല നായർ എന്നിവരും രണ്ട് നായന്മാർ, രണ്ട് നമ്പൂതിരിമാർ, രാജകുടുംബത്തിൽ നിന്ന് രണ്ട് പേർ എന്നിങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും ചേർന്ന് 16 (18



കവിത

# ഒരു ദിവാസ്വപ്നം



എം.പി. ഉണ്ണികൃഷ്ണൻ
9970236267

**ചൊ**ല്ലാർന്ന 'വിത്തും കൈയ്ക്കോട്ടു'മായി
വിഷുപ്പക്ഷി ഫോണിൽ വിളിക്കുന്നു, ദൂരെ
മരച്ചില്ലയിൽ നിന്ന് റിംഗ് ടോണു കേട്ടോ?
ദശാബ്ദങ്ങൾ പിന്നിട്ടുവെന്നാലുമിപ്പോൾ.

'വിത്തും കൈക്കോട്ടും
കള്ളൻ ചക്കേട്ടു
അമ്മ വരമ്പത്ത്
പക്ഷി പറഞ്ഞെത്തി'.

'ആണ്ടു പിറപ്പെല്ലെ
ലക്ഷം തിരിയിട്ടോ
രോട്ടു വിളക്കായി
രജനി വരുന്നേരം
കണി വെക്കാനെത്തും
പൗർണ്ണമി വൈശാഖി.

നീലനിഗൂഢത തൻ
അക്ഷയപാത്രത്തിൽ
നിറപറ പൊലിയുമ്പോൾ
കൊന്നപ്പൂങ്കുലയായ് കിങ്ങിണി വിൺഗംഗ
ഉരുളിയിൽ ചുരുളുമ്പോൾ
വാൽക്കണ്ണാടി മിനുക്കുന്നു
നിലാപ്പെണ്ണ്
കണിവെള്ളരിമേനി.

അമ്പിളിയമ്മാമൻ
കൈ നീട്ടം നീട്ടി
മുമ്പിൽ നില്ക്കുന്നു
വെള്ളിത്താലത്തിൽ
തങ്കത്തുട്ടുകളായ്.

പൂത്തിരി കത്തീടും
മനമായ് മാറുന്നു മാനത്തെല്ലാരും.

അയൽപക്കത്തൊക്കെ
മത്താപ്പെരിയുമ്പോൾ
ഉൽക്കകൾ പൊഴിയുന്നു.

വാൽ നക്ഷത്രങ്ങൾ
പൂത്തിരി കത്തിച്ചും കൊണ്ടെങ്ങോ പായുന്നു
വികൃതിക്കുട്ടന്റെ വിരലിൽ തിരിയുന്നു
വിഷ്ണുച്ചക്രങ്ങൾ
താരക്കുള്ളൻമാർ
ദൂരത്തെവിടെയോ
ചീറ്റി പൊട്ടുന്നു

ഞാനും പാടി വരാം
പൊൻകണി കണ്ടീടാൻ
വിഷുവായ് മാറീടാൻ.

---

എന്നും പറയുന്നുണ്ട്) സ്വരൂപികളായിരുന്നു. രാജപുരോഹിതസ്ഥാനം പാതായ്ക്കര, ഏലംകുളം എന്നീ മനകളിലേക്കായിരുന്നു. നാലുവീട്ടിൽ പണിക്കന്മാർ എന്നറിയപ്പെട്ടിരുന്ന വയങ്കര, വേർക്കോട്ട്, ചെന്ത്രത്തിൽ, പുതുമന എന്നീ പണിക്കർമാരായിരുന്നു പടനായകന്മാർ.

കുറുവയിലാണ് വള്ളുവക്കോനാതിരിയുടെ കോവിലകം നിന്നിരുന്നത്. ഇത് 1950-നടുത്ത് പൊളിച്ചുപോയി.

അപ്പംകളത്തിൽ പിഷാരടിയുടെ ഗൃഹസ്ഥാനം പാങ്ങ് ദേശത്താകുന്നു.

കരേക്കാട്, കുളത്തൂർ, പുഴക്കാട്ടിരി, രാമപുരം, പാങ്ങ് തുടങ്ങിയ ദേശങ്ങളിലെല്ലാം അപ്പംകളം പിഷാരോടിക്കു ഭൂമിയുണ്ടായിരുന്നു. കുളത്തൂർ വാരിയരും (വയമ്പറ്റവാരിയർ എന്നും പറയും) അപ്പംകളം പിഷാരോടിയും പരസ്പരം കുടിയാന്മാരാണ്....

(തുടരും...)

# 1-ാം പിറന്നാൾ

23.03.2024



# ദേവാൻഷ് പി.പി.

അച്ഛൻ : അജിത് ഡി.
ത്രിവിക്രമപുരം പിഷാരം, കല്ലുവഴി

അമ്മ : അമൃത പി.പി.
പടിഞ്ഞാത്തറ പിഷാരം, കുത്തനൂർ

സഹോദരൻ : അനിരുദ്ധ് പി.പി.

## ആശംസകളോടെ

കുടുംബാംഗങ്ങൾ
മറ്റ് ബന്ധുമിത്രാദികൾ



ദേവാൻഷ് അനിരുദ്ധ് ഏട്ടനോടൊപ്പം.

# വിവാഹമംഗളാശംസകൾ



**നവനീത് കൃഷ്ണൻ** **ദേവപ്രിയ**

തിരുനാവായ കിഴക്കേപ്പാട്ട് പിഷാരത്ത് ഡോ. രാംകുമാറിന്റെയും ഡോ. ജയ രാംകുമാറിന്റെയും മകൻ **നവനീത് കൃഷ്ണനും** തിരുവനന്തപുരം കൈതമുക്കിൽ 'ജ്യോതിസി'ൽ നാരായണൻ പരമേശ്വരൻ ഉണ്ണിയുടെയും പ്രേമ ഉണ്ണിയുടെയും മകൾ **ദേവപ്രിയയും** തമ്മിലുള്ള വിവാഹം 2024 ഫെബ്രുവരി 4 നു തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

## കൈലാസ യാത്രാനുഭവം

# ദേവഭൂമിയിലൂടെ.....



**ഡോ. കെ.പി. രാമകുമാർ**
കിഴക്കേപ്പാട്ട് പിഷാരം, തിരുനാവായ
ഫോൺ: 0971505151977

(കഴിഞ്ഞലക്കം തുടർച്ച...)

### മടക്കയാത്ര

**ത**ക്കലക്കോട്ടെ ഹോട്ടലിൽ എത്തിയപ്പോൾ സമയം 7 മണിയോടടുത്തിരുന്നു. അങ്ങാടിയിൽ ഇറങ്ങി ഗിഫ്റ്റ് ഷോപ്പുകളും മറ്റും സന്ദർശിച്ചു. മഴച്ചാറലും തണുപ്പും തുടങ്ങിയതോടെ വേഗത്തിൽ ഹോട്ടലിൽ തിരിച്ചെത്തി. എട്ടു മണിയോടെ സത്സംഗമുണ്ടാവുമെന്നറിയിച്ചിരുന്നതിനാൽ എല്ലാവരും ഹാളിൽ എത്തിച്ചേർന്നു. യാത്രാവലോകനത്തിൽ പോരായ്മകളെയും വീഴ്ചകളെയും പറ്റി ചർച്ചയുണ്ടായി. തുടർന്ന് തമോഗുണങ്ങളും അവ ത്യജിക്കേണ്ട അനിവാര്യതയെപ്പറ്റിയുമുള്ള സ്വാമിയാരുടെ പ്രഭാഷണവും നന്നായിരുന്നു. പരിക്രമണം മിക്കവരെയും ക്ഷീണിതരാക്കി. ഭക്ഷണത്തിന് ശേഷം എല്ലാവരും റൂമിൽ തിരിച്ചെത്തി സുഖമായി ഉറങ്ങി. ഇതിനിടെ ന്യുമോണിയ പിടിപെട്ടിരുന്ന ശ്രീ. അജ്തുകുമാർ സുഖം പ്രാപിച്ചു ഹോട്ടലിൽ വിശ്രമിച്ചിരുന്നു. നിശ്ചയിച്ചതനുസരിച്ചു രാവിലെ 8 മണിയോടെ തന്നെ അവരവരുടെ ദഫ്ഫൽ ബാഗും, ബാക്ക്പാക്കും മുറിയുടെ മുന്നിൽ വെച്ച് എല്ലാവരും ലോഞ്ചിൽ എത്തിയിരുന്നു. പത്തുമണിയോടെ തക്കലക്കോട്ടെ ചൈനീസ് കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞ് ഹിൽസയിലേക്കു യാത്രയായി. കസ്റ്റംസ് ഓഫീസിന്റെ മുറ്റത്തു നിന്ന് 'ഗൗരി ശങ്കർ' പർവ്വതം വ്യക്തമായി തെളിഞ്ഞു കണ്ടു. ഈ യാത്രയിൽ 'ഓം' പർവ്വതവും കൈലാസപർവ്വതവും പലവട്ടം കാണാനുള്ള ഭാഗ്യമുണ്ടായി. തക്കലക്കോട്ടെ നിന്നും താമസിയാതെ ഹിൽസയിലെ ചൈന എമിഗ്രേഷൻ ഓഫീസിൽ എത്തി വിസ പാസ്പോർട്ട് മുതലായവയുടെ പരിശോധനകൾക്കുശേഷം പുറത്തു കടന്നു. അകലെ ഫ്രണ്ട്ഷിപ്പ് പാലവും നേപ്പാളി എമിഗ്രേഷൻ ഓഫീസും ദൃശ്യമായിരുന്നു. അവിടെയും താമസമില്ലാതെ നീമ ദീദിയുടെ മനസസരോവർ ഹോട്ടലിൽ എത്തിച്ചേർന്നു. സമയം സന്ധ്യയോടടുത്തിരുന്നു. മേഘപാളികളിൽ സായന്തനത്തിന്റെ കരവിരുതുകൾ കാണാമായിരുന്നു. തണുപ്പ് അപ്പോഴും കുറഞ്ഞിരുന്നില്ല. ചുടുചായ, ചുടുറൊട്ടി, ഗ്രീൻ സാലഡ്, സബ്ജി, കഞ്ചി എന്നിവ നൽകി ഞങ്ങളെ സ്വീകരിച്ചു. ഭക്ഷണത്തിനുശേഷം ഓരോരുത്തർക്കും കിട്ടിയ മുറിയിൽ വിശ്രമിക്കുകയും ഏറെ വൈകാതെ ഉറങ്ങുകയും ചെയ്തു.

പ്രവാസികൾ ആകെ വിഷമത്തിൽ ആയിരുന്നു. ലീവ് അനുവദിച്ചതിലും കൂടുതൽ ആകയാൽ ജോലിസ്ഥലത്ത് എത്താൻ വൈകിയിരുന്നു. അതിനാൽ അസുഖമുള്ളവർക്കും പ്രവാസികൾക്കും ഇനിയുള്ള യാത്രയിൽ മുൻഗണന തരണമെന്ന് വേണുജിയോട് നേരത്തെ തന്നെ അഭ്യർത്ഥിച്ചിരുന്നു. പിറ്റേ ദിവസം നേരത്തെ ഉണർന്നു. പ്രഭാത ഭക്ഷണത്തിനുശേഷം ഞങ്ങളെ അയ്യഞ്ചുപേരടങ്ങുന്ന ചെറു സംഘങ്ങളാക്കി. സുഖമില്ലാതിരുന്ന ശ്രീജിത്കുമാറിനെയും കുടുംബത്തെയും രാവിലെതന്നെ അയച്ചിരുന്നു. ഇതുപോലെത്തന്നെ പല ഗ്രൂപ്പുകളിലെയും തീർത്ഥാടകർ ഹിൽസയിൽ തങ്ങിയിരുന്നതിനാൽ ഞങ്ങളുടെ ഊഴം വന്നപ്പോൾ ഉച്ചതിരിഞ്ഞു 3 മണിയായി. പ്രവാസികളായ ഞങ്ങൾക്കും, സോജനും കുടുംബത്തിനും ഡോ. മീര, ലൗവ്‌ലി, ഗീതു എന്നിവർക്കും ആദ്യത്തെ ഹെലികോപ്റ്ററിൽ തന്നെ യാത്ര തിരിക്കാൻ കഴിഞ്ഞു. കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ കാണാൻ തുടങ്ങി. മഞ്ഞുവീഴ്ചയും, മൂടൽമഞ്ഞും, കാറ്റും. ചന്നം പിന്നം പെയ്യുന്ന മഴയും കാരണം പർവ്വതനിരകൾ അവ്യക്തമായിരുന്നു. ഹെലികോപ്റ്റർ ചാഞ്ഞും ചരിഞ്ഞും പറന്നു സിമികോട്ട് എയർപോർട്ടിൽ ചെന്നിറങ്ങി. ആദ്യം എത്തിയ അജിത്തും കുടുംബവും നേരത്തെതന്നെ നേപ്പാൾ ഗഞ്ചിലേക്കു

പോയെന്നു ഗൈഡിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കാലാവസ്ഥ പിന്നെയും മോശമായിക്കൊണ്ടിരുന്നു. വേണുജി പറഞ്ഞതനുസരിച്ചു ഒജാ ട്രാവൽസിന്റെ ശ്രീ. പ്രകാശ് ഒജാ അവിടെ ഉണ്ടായിരുന്നതിനാൽ ഞങ്ങൾ കുറച്ചു പേർക്ക് അടുത്ത ഫ്ളൈറ്റിൽ അവിടുന്നു ഗഞ്ചിലേക്കു പോകാൻ സാധിച്ചു. മഴ കനക്കാൻ തുടങ്ങിയതിനാൽ നീപ്പാൾഗഞ്ചിൽ നിന്ന് സിക്കിക്കോട്ടേക്കു അന്ന് പിന്നെ ഫ്ളൈറ്റുകൾ ഒന്നും ഉണ്ടായില്ല. അതിനാൽ ബാക്കിയുള്ള സംഘാംഗങ്ങൾ ഹിൽസയിലും സിമിക്കോട്ടും അകപ്പെട്ടു. ഈ ചുറ്റുപാടിൽ ഹിമാലയ സാനുക്കളിലൂടെയുള്ള യാത്ര അപകടകരമാകയാൽ എല്ലാ സർവ്വീസുകളും നിർത്തിവെച്ചതായി ഔദ്യോഗിക അറിയിപ്പും വരികയുണ്ടായി. ഞങ്ങൾ നീപ്പാൾഗഞ്ചിൽ എത്തിയെങ്കിലും ബന്ധുക്കളടക്കം മറ്റുള്ളവർക്ക് അവിടെ തങ്ങേണ്ടിവന്നതിൽ വിഷമം തോന്നി. മൊബൈൽഫോണുകൾ പലപ്പോഴും പ്രവർത്തിക്കാത്തതിനാൽ വ്യക്തമായി ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. പിറ്റേദിവസവും ഇതേ കാലാവസ്ഥ തുടർന്നു. ഞങ്ങളുടെ ഗ്രൂപ്പ് പോലെതന്നെ ബാംഗ്ലൂരിൽ നിന്നും, ഹൈദരാബാദിൽ നിന്നുമുള്ള ഗ്രൂപ്പുകൾ അവിടെ അകപ്പെട്ടിരുന്നു. തുടക്കത്തിൽ ഇന്ത്യൻ എംബസ്സി ഉണർന്നു പ്രവർത്തിച്ചില്ലെങ്കിലും, പിന്നീടുണ്ടായ അവരുടെ ശുഷ്കാന്തിയും, പ്രവർത്തനവും രണ്ടു ദിവസത്തിനുള്ളിൽ എല്ലാവരെയും രക്ഷപ്പെടുത്തി നീപ്പാൾഗഞ്ചിൽ എത്തിച്ചു. അവസാനം വരെ വേണുജി അവരുടെ കൂടെ തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉത്തരവാദിത്വവും ആത്മാർത്ഥതയും ശ്ലാഘനീയം തന്നെ. ഈ വാർത്ത പത്രമാധ്യമങ്ങളിലും, സോഷ്യൽ മീഡിയയിലും വന്നതിനാൽ നാട്ടിൽ നിന്നും വീട്ടിൽ നിന്നും തുടരെ തുടരെ ഫോൺ വിളിക്കുന്നുണ്ടായിരുന്നു.

ഇനി ലഖ്നൗ വഴിയാണ് നാട്ടിലേക്കുള്ള യാത്ര. ഉടനെതന്നെ ആദ്യ ബാച്ച് പുറപ്പെട്ടതിനാൽ ഹോട്ടലിൽ വെച്ചിരുന്ന ലഗേജും മറ്റു സാധനങ്ങളും പാക്ക് ചെയ്തു റെഡിയായി. ട്രാവൽ ഏജന്റിന്റെ മുദ്രയുള്ള ജാക്കറ്റ് നേരത്തെ പറഞ്ഞതനുസരിച്ച് ഹോട്ടൽ കൗണ്ടറിൽ ഏൽപ്പിക്കുകയുണ്ടായി. ഈ ലഖ്നൗ ബസ് യാത്രയിൽ കൈലാസ് മാനസസരോവർ ദർശനം നടത്തി തിരിച്ചെത്തിയ തൃശൂരിലെ വേറെ ചിലരും ഉണ്ടായിരുന്നു. പരസ്പരം പരിചയപ്പെട്ടും വർത്തമാനങ്ങൾ പറഞ്ഞും സമയം പോയതറിഞ്ഞില്ല. രാത്രി പതിനൊന്നരയോടെ ഞങ്ങൾ ലഖ്നൗവിലെ ചൗധിരി ചരൺസിംഗ് ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിച്ചേർന്നു. കാലത്ത് 7.30 നാണ് ലഖ്നൗ–കൊച്ചിൻ ഇൻഡിഗോ ഫ്ളൈറ്റ്. ഞങ്ങൾ ഒന്ന് കുളിച്ച് വൃത്തിയായി കാലത്തു എയർപോർട്ടിൽ എത്താമെന്ന് കരുതി ലഖ്നൗവിൽ ഉള്ള ബന്ധുവീട്ടിലേക്ക് പോയി. ചൂട് വെള്ളത്തിലെ കുളിയും, നാടൻ ഭക്ഷണവും. ക്ഷീണം പമ്പകടന്നു. ഒന്ന് ഉറങ്ങിയ ശേഷം 6 മണിക്ക് തന്നെ എയർപോർട്ടിൽ എത്തിച്ചേർന്നു. കസ്റ്റംസ്, എമിഗ്രേഷൻ ക്ലിയറൻസ് മുതലായവ കഴിഞ്ഞ് വിമാനവും കാത്തിരിപ്പായി. സിമിക്കോട് നിന്നോ, ഹിൽസയിൽ നിന്നോ പിന്നെ ഒരു വിവരവും കിട്ടുകയുണ്ടായില്ല.

കാലത്തു പത്തരയോടെ നെടുമ്പാശ്ശേരിയിൽ വിമാനമിറങ്ങി. കാലവർഷം പെയ്തിറങ്ങിയിരുന്നു. തിരക്കില്ലാത്തതിനാൽ കസ്റ്റംസും എമിഗ്രേഷനും കഴിഞ്ഞ് വേഗം പുറത്തിറങ്ങാൻ കഴിഞ്ഞു. പിന്നീട് ടാക്സിയിൽ തൃശൂരിലേക്കും തിരുനാവായിലേക്കും. വൈകുന്നേരം ആറുമണിയോടെ വീട്ടിൽ എത്തിച്ചേർന്നു. പ്രവാസജീവിതമല്ലെ. പിറ്റേദിവസംതന്നെ ജോലിസ്ഥലമായ അബുദാബിയിലേക്കു തിരിക്കേണ്ടതുമുണ്ട്.

കൈലാസ് മാനസരോവർ യാത്ര പൂർത്തീകരിക്കാൻ കഴിഞ്ഞത് ദൈവാനുഗ്രഹം തന്നെ എന്ന് കുരുതുന്നു. അമ്മയും അച്ഛനും കാണാൻ ഉണ്ടായില്ല എന്ന സങ്കടം ബാക്കിനിൽക്കുന്നു. ഇങ്ങനെയുള്ള തീർത്ഥയാത്രകളും ക്ഷേത്രദർശനവും അമ്മക്ക് വലിയ ഇഷ്ടമായിരുന്നു. ഏറ്റവും വലിയ അനുഗ്രഹം ആർക്കും കാര്യമായ അസുഖമോ ജീവഹാനിയോ ഉണ്ടായില്ല എന്നത് തന്നെയാണ്. മാത്രമല്ല വേണുജിയുടെ നിസ്വാർത്ഥമായ സേവനവും ഉപദേശങ്ങളും എടുത്തുപറയേണ്ടതും. വടക്കുന്നാഥ ദർശനം സഫലീകരിക്കുവാൻ ഇടയാക്കിത്തന്ന അദ്ദേഹത്തിനോടുള്ള കടപ്പാട് നിസ്സീമമാണ്. ഇങ്ങനെയുള്ള പ്രതികൂല കാലാവസ്ഥയിൽപോലും കൈലാസ് മാനസരോവർ യാത്രക്ക് ശക്തിയും മനോധൈര്യവും തന്ന ആ പ്രപഞ്ചശക്തിയെ സാഷ്ടാംഗം നമസ്ക്കരിക്കട്ടെ.

ഓംകാരം ബിന്ദു സംയുക്തം
നിത്യം ധ്യായന്തി യോഗിനഃ
കാമദം മോക്ഷദം ചൈവ
ഓംകാരായ നമോ നമഃ

(അവസാനിച്ചു)

കവിത

# നുറുങ്ങു കവിതകൾ




**വിജയരാഘവൻ പിഷാരോടി**
ഫോൺ: 77364 59762


**ഗു**രുവിന്നനുഭവം പങ്കിടുമ്പോൾ
അനുഭവം ഗുരുവായി മാറിടുന്നൂ
ഭാവനാ ജീവിതം യാഥാർത്ഥ്യമാവുകിൽ
ജീവിതത്തോണിക്കൊഴുക്കു കൂടും

നാടൻ രുചിയുള്ള പോഷകഗുണമുള്ള
പാചകത്തനിമകൾ ഔട്ടാവുന്നു
പുതുനാമധാരികൾ ആഡംബരത്തിൽ വന്ന്
ആർഭാടവേദികളിലാറാടുന്നു

ശില്പിതൻ ചാതുരി വിടർത്തിയൊരു ശില്പം
തീർത്തൊരാരാധകവൃന്ദമതിന്നോള
മലയടിച്ചൊഴുകുന്നൊരാവേശപ്പെരുമയിൽ
ശില്പി തന്നഭിമാനമുയരുന്നുവാനോളം

വിയർപ്പിന്റെ മുത്തണിഞ്ഞ
പണത്തിന്റെ വിശുദ്ധിയാൽ
ധന്യമാകുമവർ ചെയ്ത
നേർച്ചകൾ പരിപാവനം

സങ്കല്പ വായുവിമാനമിറങ്ങിവന്നെത്തി
കർമ്മോന്മുഖ മണ്ഡലത്തിൽ
വിധി വൈപരീത്യം പ്രതീക്ഷിച്ചു മുന്നേറി
വിജയപ്പെരുമഴയിലാറാടുവിൻ

അകലെ നിന്നൊരു ഭാഗ്യമെത്തിനോക്കുന്നു
പടിവാതിലെത്താൻ മടിക്കുന്ന പോലെ
ഭാഗ്യമോഹങ്ങളുദിക്കും മനസ്സിൽ
ഭഗ്നാശകൾക്കൊരു താങ്ങും തണലുമായ്

പാഴ്മുളം തണ്ടിൽനിന്നോ പാലാഴി തീരത്തുന്നോ
പാലൊളി നിലാവത്തോ വന്നെത്തുമൊരു ഗാനമെന്നു
കാത്തക്ഷമനായ് നിൽക്കുമ്പോളിളം കാറ്റിൻ
സംഗീതം വന്നണഞ്ഞു പുത്തനീണവുമായി

ശബ്ദശുദ്ധിക്കായി കണ്ഠത്തോളം മുങ്ങി
പാടി ശീലിക്കാൻ പുഴകളില്ല
ജനസാഗരം തീർത്ത കൂവലുമാരവോം
ശബ്ദത്തെളിമക്കു മാറ്റുകൂട്ടി

മാറ്റത്തിന്നൊരു വഴികാട്ടി വഴി മാറിച്ചിന്തിച്ചപ്പോൾ
മാറ്റത്തിനുറവിടമെവിടേന്നൊരു പ്രശ്നമുദിച്ചൊരു നേരം
അനിവാര്യമൊരുത്തമ മാതൃക മാറുകയെന്നാലൊരു
പാതകമതിനാൽ മാറ്റത്തിൻ ചിത്രം മാറ്റാനായ് മുറവിളികൂട്ടി

അലസരും മഠയരും പരിഹാസ്യരായി
ആദ്യപരാജിതർക്കന്തിമ ജയം വന്നു
വീണുകരേറിയോർ വാഴുന്നോരായി
പരിഹാസപ്പെട്ടവരിതിഹാസമായി

പർവ്വതം കയറുന്ന പോലൊരു വാദ്യവും
മാറുന്ന കുടകളുടെ വർണ്ണ വിന്യാസവും
ആരവങ്ങൾ തീർത്ത പാരാവാരങ്ങളും
ആവേശത്തിരകളുയർത്തീ ജനങ്ങളിൽ

തുള്ളിക്കൊരു കുടം കണക്കെ പെയ്തൊരു പേമാരി
കണ്ണിലെണ്ണയൊഴിച്ചു നോക്കിയ വിളവിൻ കതിരുകളും
നെല്ലിപ്പടികണ്ടു വളർന്നൊരു ക്ഷമയുടെയതിരുകളും
നെട്ടോട്ടം തീരാത്തൊരു ബിസിയായൊരു ജീവിതവും

വള്ളി തേടിപ്പുതുമാർഗ്ഗങ്ങൾ താണ്ടവെ
തേടാത്ത വള്ളിയെൻ കാലിൽച്ചുറ്റി
പിടിവള്ളിയായിട്ടു രക്ഷിച്ചൊരു പുള്ളി
പിടയുമൊരുമാനസം സടകുടഞ്ഞെഴുന്നേറ്റു

കഥകളില്ലാത്തൊരീ ജീവിതത്തിൽ
ചരിതങ്ങളധികം രചിക്കാനില്ല
പ്രശ്ന വനങ്ങൾ കടന്നെത്തിനില്പൂ
പോംവഴിയാകും നേർവഴി മുഖത്ത്

പുതിയ നയതന്ത്രങ്ങളാവിഷ്ക്കരിച്ച്
വീട്ടിലും നാട്ടിലുംശാന്തി വിളയിച്ച്
ഭീരുത്വമെല്ലാം കരുത്താക്കി മാറ്റി
വനിതാ ദിനം നാടിന്നഭിമാനമാവട്ടെ

കടമകൾ കടമ്പകൾ കടത്തോണി മുങ്ങിയോ
പതറാതെയിടറാതെയാഞ്ഞു തുഴയവേ
അകലങ്ങളിൽ കണ്ടു പ്രകാശിക്കുമാശകൾ
തുണയായി കൂടെ വന്നൂർജ്ജവും പ്രാപ്തിയും

പൂമുഖ ജനൽ വാതിലരികിൽ
ആരെയോ കാത്തെന്ന പോലെ
കണ്ണുകൾ നട്ടൊരു പ്രതീക്ഷയിലായി
നാട്ടിലെ മന്ദിരങ്ങൾ

ഭക്ഷണം തൽക്ഷണം കിട്ടാതെവപ്പോ
ഉക്ഷമരായ് ക്ഷണിതാക്കളിരിപ്പായി
കുക്ഷി നിറച്ചവർ ക്ഷേമത്തിരച്ചിലിൽ വ്യാപൃതരായ്
ക്ഷയായ് യാത്രയായീ ക്ഷണം

●

കഥ



# ആർദ്രത

**പഴയന്നൂർ തെക്കൂട്ട് പിഷാരത്ത്**
**രാമപിഷാരോടി**

വിശ്വവിഖ്യാത റഷ്യൻ ഗ്രന്ഥകാരൻ ഇവാൻ ടർജനിഫിന്റെ ആത്മകഥയിലെ ഒരു സംഭവത്തെ അടിസ്ഥാനമാക്കി പരേതനായ പഴയന്നൂർ രാമപിഷാരോടി 1930കളിൽ നടത്തിയ രചന. 1936ൽ വേറെയും കഥകൾ ചേർത്ത് ചെറുകഥകൾ എന്നപേരിൽ ഒരുസമാഹാരം പ്രസിദ്ധപ്പെടുത്തിയതിൽ ഉൾപ്പെട്ടകഥ. ഇത് ഭൂതദയ– Kindness to animals എന്നപേരിൽ 1939ൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ടെക്സ്റ്റ് പുസ്തകമായതിലും ഉൾപ്പെട്ടിട്ടുണ്ട്. അതും പഴയന്നൂർ രാമപിഷാരോടിയുടെ പേരിൽ തന്നെയാണ് പ്രസിദ്ധീകൃതമായിട്ടുള്ളത്.

ടർജനീഫ് പത്തുവയസ്സുള്ള ഒരു ബാലനായിരുന്നപ്പോൾ, അയാളുടെ പിതാവ് വിനോദാർത്ഥം പക്ഷികളെ വെടിവെപ്പാനായി അയാളെ പുറത്തേക്കു കൂട്ടിക്കൊണ്ടു പോയി. പിതാവും പുത്രനും പുല്ലും ചെറുചെടികളും നിറഞ്ഞ ഒരു സമതലത്തിൽക്കൂടെ ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കെ അടുത്ത ഒരു പുൽക്കൂട്ടത്തിന്നിടയിൽ നിന്ന് സ്വർണ്ണവർണ്ണമുള്ള ഒരു പ്രാവ് കർണ്ണാനന്ദകരമായ ശബ്ദമുണ്ടാക്കിക്കൊണ്ട് മേൽപ്പോട്ടുവന്നു. തൽക്ഷണം, വിനോദത്തിന്നായി പുറപ്പെട്ട ആ ബാലൻ തന്റെ കയ്യിലുണ്ടായിരുന്ന ചെറുതോക്കുയർത്തി, അതിയായ സന്തോഷത്തോടെ പക്ഷിയെ വെടിവെക്കുകയും സാധുവായ ആ ജീവി പിടഞ്ഞുകൊണ്ട് അയാളുടെ കാൽക്കൽ വീഴുകയും ചെയ്തു. അതിന്റെ ഉടൽ കിടന്നു വിറക്കുകയായിരുന്നു; എന്നാൽ, പുത്രവാത്സല്യം മരണഭയത്തെ അതിക്രമിക്കുന്നതായതുകൊണ്ട്, മരണപരാക്രമത്തോടുകൂടിയ പിടച്ചിലോടും ചിറകുകൾ പതുക്കെ നിലത്തിട്ടിഴച്ചുകൊണ്ടും സർവാംഗം ചോരപുരണ്ട ആ പ്രാവ്, ഈ പരിതാപാവസ്ഥയെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്ത തന്റെ കുഞ്ഞുങ്ങൾ ഉന്തിത്തിരക്കിക്കിടന്നിരുന്ന പുൽക്കൂട്ടത്തിന്നരികിലേക്കു ചെന്നു. പിന്നെ ഹൃദയം പിളർക്കുന്ന പരിതാപാശ്രുക്കളോടും തന്റെ കുഞ്ഞുങ്ങൾക്കു മേലിൽ യാതൊരാധാരവുമില്ലല്ലൊ എന്നു സൂചിപ്പിക്കുന്ന നോട്ടത്തോടും ആ നിരുപദ്രവജീവി ഒഴിഞ്ഞ കഴുത്തോടുകൂടി തന്റെ ചെറുപൈതങ്ങളുടെ മീതെ ചോരനിറഞ്ഞ ചിറകിനെ പരത്തി. അപ്പോൾ ആ ചെറുജീവികൾ തള്ളപ്പക്ഷിയുടെ അടുക്കൽ "പറ്റിപ്പതുങ്ങി"ക്കിടന്നു. അങ്ങിനെയിരിക്കെ തള്ളപ്പക്ഷി ചാവുകയും ചെയ്തു.

ഇതുകണ്ടപ്പോൾ ടർജനീഫിന്റെ യുവഹൃദയം തകർന്നുപോയി! അയാൾ ദുഃഖാക്രാന്തനായിട്ട് അച്ഛന്റെ നേരെ തിരിഞ്ഞുനിന്ന് "അയ്യോ! അച്ഛ! അച്ഛ! ഞാനെന്താണ് ചെയ്തത്?" എന്നു ചോദിച്ചു. പക്ഷെ അച്ഛന് അതു അത്ര പരിതാപകരമായ സംഭവമായി തോന്നായ്കയാൽ അദ്ദേഹം "വളരെകേമമായി, മകനെ! തുടക്കം ഒന്നാംതരമായി. അധികം കഴിയുന്നതിന്നുമുമ്പ് നീ ഒരു നല്ല നായാട്ടുകാരനായ്തീരും" എന്നു മറുപടി പറഞ്ഞു.

"ഇല്ലാ, അച്ഛ, ഒരിക്കലുമില്ല. മേലിൽ ഒരു കാലത്തും ഞാൻ യാതൊരു പ്രാണിയേയും കൊല്ലുന്നതല്ല. ഇതാണ് വിനോദമെങ്കിൽ എനിക്കു ഈ വിനോദം ആവശ്യമില്ല. ശവശരീരം കാണുന്നതിനേക്കാൾ എത്രയൊ അധികം സന്തോഷം ജീവികളെ കാണുന്നതുതന്നെയാണ്. അയ്യോ, ഞാൻ ഇന്ന് ഈ കഠിനകൃത്യത്തിന്ന് കാരണഭൂതനായല്ലൊ! എനിക്കു ജീവൻ നൽകുവാൻ സാധിക്കാത്തതുകൊണ്ട് യാതൊന്നിന്റേയും ജീവനാശം ഞാൻ ഇനി ഒരിക്കലും വരുത്തുന്നതല്ല. അച്ഛ! ഈ കഠിനകൃത്യത്തിന്നു ദൈവം എനിക്കു മാപ്പുതരുമോ?" എന്നു ചോദിച്ച് ഏങ്ങിക്കരഞ്ഞുതുടങ്ങി. വളരെ പണിപെട്ടിട്ടുമാത്രമെ അച്ഛന്ന് അയാളെ ആശ്വസിപ്പിക്കുവാൻ സാധിച്ചുള്ളൂ. ●

# 83–ാം പിറന്നാൾ ആശംസകൾ



ഇന്ത്യന്നൂർ പിഷാരത്ത്


**മാനസി പിഷാരസ്യാരുടെ**

**83–ാം പിറന്നാൾ**

2024 മാർച്ച് 28–ാം തീയ്യതി
മകളുടെ വസതിയായ ശ്രീശൈലത്തിൽ വെച്ച്
മക്കളും മരുമക്കളും പേരക്കുട്ടികളും ചേർന്ന്
സന്തോഷമായി ആഘോഷിച്ചു.

ഭർത്താവ് പരേതനായ ഞാറേക്കാട്ട് പിഷാരത്ത്
രാഘവപിഷാരോടി.

# 45–ാം വിവാഹ വാർഷികാശംസകൾ (29.04.2024)



**ടി.ജി. സുദേവ പിഷാരടി** & **ജി.പി. തങ്കമണി**

(തൃക്കോവിൽ പിഷാരം,ഓണംതുരുത്ത്, കോട്ടയം) (ഗോവിന്ദപുരത്ത് പിഷാരം, കോഴിക്കോട്)

# പിഷാരോടി സമാജം

## ഇരിങ്ങാലക്കുട ശാഖ

വിഷുപ്പക്ഷിപ്പാട്ടും കണിത്തെളിച്ചവും
കൈനീട്ടത്തിളക്കവും മേടപ്പൊൻപുലരിയിൽ
ഐശ്വര്യമാകട്ടെ.... ഏവർക്കും

## വിഷു ആശംസകൾ

















# വിഷു ആശംസകൾ...

## ചൊവ്വര ശാഖ

# സ്നേഹസ്മരണയിൽ

**17 –ാം ചരമവാർഷികം**
മരണം: 03.07.2007

**6 –ാം ചരമവാർഷികം**
മരണം: 03.04.2018



## ജി. കൃഷ്ണ പിഷാരോടി          രാധ പിഷാരസ്യാർ

**മുണ്ടങ്ങാമഠം പിഷാരം**
**മാണിയ്ക്കമംഗലം, കാലടി, എറണാകുളം**

*സാദരപ്രണാമങ്ങളോടെ....*

മക്കൾ : വേണുഗോപാൽ, പരേതനായ മണി, ബാബു, ജയശ്രീ, ശ്രീവത്സൻ, അനിൽകുമാർ
മരുമക്കൾ : തങ്കമണി വേണുഗോപാൽ, ഇന്ദിര മണി, ആശ ബാബു, എം.പി. രാജൻ, ശോഭന ശ്രീവത്സൻ, ശ്രീകല അനിൽകുമാർ
പേരക്കുട്ടികളും, കൊച്ചുമക്കളും.

## നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ

# ജ്യോതിഷമാർഗ്ഗത്തിലെ ഇരട്ടക്കുട്ടികൾ




സുരേഷ്ബാബു വിളയിൽ

ഫോൺ: 9447980530


**ഇ**വർ രാജീവും സഞ്ജീവും. രാമലക്ഷ്മണന്മാരെ പോലെ എപ്പോഴും ഒപ്പത്തിനൊപ്പം! കണ്ടാൽ ഒരേ പോലെ! ഇവരിൽ ആരാണ് രാമൻ? ആരാണ് ലക്ഷ്മണൻ? അതിലേ സംശയമുള്ളു. ഇരട്ടകളാണ് രണ്ട് പേരും.

ആനായത്ത് കാട്ട്തൃക്കോവിൽ കരുണാകരപിഷാരടിയുടേയും അപ്പംകളത്തിൽ രാധപിഷാരസ്യാരുടേയും ഓമനമക്കളാണ് ഇവർ. വളാഞ്ചേരിക്കടുത്ത് ഇരിമ്പിളിയത്ത് കാട്ട് തൃക്കോവിൽ വടക്കെ പിഷാരത്താണ് താമസം.

സദാ പ്രസാദാത്മകരും വിനയാന്വിതരുമാണ്. വശ്യമായ പെരുമാറ്റം. നല്ല നർമ്മബോധം. രണ്ടു പേരും എം.ബി.എ ബിരുദധാരികളാണ്. എന്നാൽ താല്പര്യം ബിസിനസ്സിലല്ല. ജ്യോതിഷത്തിലാണ്!



ജ്യോതിഷമാണ് ഇവർക്ക് ജീവിതം!

എന്നാൽ നാട്ടിലെ ജ്യോത്സ്യന്മാരിൽ നമ്മൾ സാധാരണകാണാറുള്ള അകാല വാർദ്ധക്യവും ഭാഷാശൈലിയും പരിഷ്ക്കാരത്തോടുള്ള വൈമുഖ്യവും രണ്ടാൾക്കും ഇല്ല. ആധുനികശാസ്ത്രം പ്രദാനം ചെയ്ത സാങ്കേതികവിദ്യകളെ ജ്യോതിഷഗണിതത്തിലും കൂടെ കൂട്ടുന്നു. മുൻവിധിയോടെ പലരും നോക്കിക്കാണുന്ന പഴഞ്ചൻ വഴിയിലൂടെയല്ല, വേറിട്ട വഴിയിലൂടെയാണ് സഞ്ചാരം. ജോതിഷത്തെ കൂടാതെ ഹസ്തരേഖാശാസ്ത്രവും ആഴത്തിൽ പഠിച്ചിട്ടുണ്ട്. ഫലപ്രവചനത്തിൽ അതും ഉപകാരപ്പെടും എന്നാണ് ഇരുവരുടേയും പക്ഷം.

ഏത് ആൾക്കൂട്ടത്തിൽ നിന്നാലും ആരുടേയും ശ്രദ്ധ ആകർഷിക്കുന്ന എന്തോ ഒരു വശ്യതയും ആകർഷകത്വവും ഇവർക്കുണ്ട്. ശരീരം രണ്ടാണെന്നേയുള്ളു. മനസ് കൊണ്ട് ഇരുവരും ഒന്നാണെന്ന് അവരുമായി പരിചയപ്പെടുന്ന ആർക്കും പെട്ടെന്ന് ബോദ്ധ്യപ്പെടും. ഞാനെന്ന് രണ്ട് പേരും പറയാറില്ല. ഞങ്ങളെന്നേ പറയൂ. രണ്ട് പേരുടേയും ഇഷ്ടാനിഷ്ടങ്ങളും ഒരേപോലെ. ജീവിതത്തെ കുറിച്ചുള്ള കാഴ്ചപ്പാടും ഒരുപോലെ! എവിടേയും ഒരുമിച്ചല്ലാതെ കാണാറില്ല. എപ്പോഴും ഒപ്പത്തിനൊപ്പം. പഠനവും തൊഴിലും കളിതമാശകളും എല്ലാം! വിനോദം എന്ന് പറഞ്ഞാൽ ഈ ലോകത്തിന്റെ ഗതിവിഗതികളെ നോക്കി വിസ്മയിക്കാനാണ് രണ്ടാൾക്കും ഇഷ്ടം.

എം.ബി.എ. പൂർത്തിയാക്കിയ ഉടനെ ഒരു യു.എസ് ബേസ്ഡ് കമ്പനിയിൽ ജോലിക്ക് കയറാൻ ഇരുന്നതാണ്. ഇന്നും അജ്ഞാതമായ എന്തോ കാരണം കൊണ്ട് അതിന് പറ്റിയില്ല. വലിയ നിരാശയൊന്നും തോന്നിയില്ല. എന്നാൽ അതോടെ ജീവിതനദി ഗതി മാറി ഒഴുകാൻ തുടങ്ങി. ജ്യോതിഷത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു തുട

ങ്ങി. ഉപാസനയുടെ ശക്തി കൂടി. ജാതകം എഴുതിക്കാനും ഭാവിഫലം പറയിക്കാനും ധാരാളം പേർ വന്നു തുടങ്ങി. എന്നാൽ ജ്യോത്സ്യം ഒരു പ്രൊഫഷൻ ആക്കാൻ രണ്ടാൾക്കും താല്പര്യമില്ല. അങ്ങനെ ഒരിക്കലും ചെയ്യരുതെന്ന് ഗുരുനാഥനും പറഞ്ഞിട്ടുണ്ട്. കുളത്തൂർ രാമകൃഷ്ണൻ മാസ്റ്റർ എന്ന ജ്യോതിഷ പണ്ഡിതൻ അവരെ ജ്യോതിഷ ശാസ്ത്രം പഠിപ്പിച്ചത് ഫീസ് വാങ്ങിച്ചല്ല. വാർദ്ധക്യത്തിലെ അവശതകൾക്കിടയിലും തന്റെ അറിവുകൾ ശിഷ്യന്മാരായ ഷാരോടികുട്ടികളുമായി പങ്കുവെച്ചു എന്ന് മാത്രം. ആ ഗുരുപ്രസാദം ആവശ്യക്കാരായ സഹജീവികൾക്ക് ഉപകാരപ്പെടട്ടെ എന്ന് ഈ കുട്ടികളും കരുതി.

എന്നും പുലർച്ചേ 4 മണിക്ക് രണ്ടാളും ഉണരും. പ്രഭാതകൃത്യങ്ങൾക്ക് ശേഷം മച്ചിൽ പ്രതിഷ്ഠിച്ച ഭുവനേശ്വരിക്ക് വിളക്ക് വെക്കും. പതിവായുള്ള പൂജയും നേദ്യവും ഒരിക്കലും മുടക്കാറില്ല. എല്ലാ മാസവും ഉത്രം നാളിൽ 108 അപ്പം, പാൽപായസം, ശർക്കരപായസം, കദളിപ്പഴം എന്നിവ നേദിക്കും. കൊല്ലത്തിലൊരിക്കൽ പ്രതിഷ്ഠാദിനം ഉണ്ട്. അന്ന് മാത്രം തന്ത്രി വന്ന് പൂജ കഴിക്കും.

നേരം വെളുക്കും മുമ്പ് തുടങ്ങി അർദ്ധരാത്രി വരെ രണ്ട് പേരുടേയും ഫോണുകൾ ശബ്ദിച്ചു തുടങ്ങും. വിദേശത്തും സ്വദേശത്തും ഉള്ള കക്ഷികളാണ്. അവരുടെ നീറുന്ന കുടുംബപ്രശ്നങ്ങൾ, ആശങ്കകൾ, സംശയങ്ങൾ! ജാതകം നോക്കിയും രാശിഫലം പറഞ്ഞും അവർക്കെല്ലാം വേണ്ട പരിഹാരനിർദ്ദേശങ്ങൾ കൊടുക്കും. സമയം നീളും. കക്ഷികൾ ദക്ഷിണ നല്കുന്നതെത്ര എന്ന് നോക്കാറില്ല.

'ആയാതമായാതമപേക്ഷണീയം
ഗതംഗതം സർവ്വമുപേക്ഷണീയം'

എന്ന ഭാവം വളർത്തിയത് കൊണ്ട് ആരോടും പരിഭവമില്ല. കിട്ടുന്നത് എന്തും, അത് നിരാസമായാലും ദക്ഷിണയായി തന്നെ സ്വീകരിക്കും.

ഇപ്പോൾ ദക്ഷിണയും ഓൺലൈനായി തന്നെ വരും. എല്ലാ അർത്ഥത്തിലും വർക്ക് ഫ്രം ഹോം തന്നെ! അതാണിഷ്ടവും. എന്നാൽ ചില കക്ഷികളുടെ നിർബ്ബന്ധം കാരണം പുറത്തും രാശി വെക്കാൻ പോകാറുണ്ട്. ദക്ഷിണ എത്രയാണ് എന്ന് പലരും ചോദിക്കാറുണ്ടെങ്കിലും പറയാറില്ല. ദക്ഷിണ ചോദിച്ച് വാങ്ങാൻ പാടില്ല എന്നാണ് ഗുരുനാഥനും പഠിപ്പിച്ചത്. എന്നിട്ടും ഉപജീവനത്തിന് വലിയ മുട്ടില്ല.



രണ്ട് പേരും യാത്രകൾ ഇഷ്ടപ്പെടുന്നു. ഇതിനിടെ അയോദ്ധ്യ, മധുര, കാശി, കന്യാകുമാരി തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. അതിന് പുറമേ ടൂവീലറിൽ പ്ലാൻ ചെയ്യുന്ന യാത്രകൾ വേറെയും. മാറി മാറി ഓടിക്കും. വീട്ടിലാവുമ്പോൾ രണ്ട് പേരും അടുക്കളയിലും നല്ല കൈസഹായമാണെന്ന് അമ്മ പറയുന്നു. അച്ഛന് കൃഷിയിലാണ് താല്പര്യം. കൃഷിപ്പണികളിൽ അച്ഛനേയും വീട് അടിച്ച് തുടച്ച് വൃത്തിയാക്കുന്നതിലും പാചകത്തിലും അമ്മയെയും നല്ലപോലെ സഹായിക്കും.

നല്ല കാഴ്ചകളും നല്ല ഭക്ഷണവും ആസ്വദിക്കാൻ ഇഷ്ടമാണ്. നല്ല ഭക്ഷണം കഴിക്കുന്നത് ഓരോ മനുഷ്യരുടേയും ജന്മാവകാശമാണ് എന്നുറച്ച് വിശ്വസിക്കുന്നു. ഒരു നൂറ് പേർക്കൊക്കെ സദ്യ വെ

ച്ചു വിളമ്പി കൊടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഇപ്പോൾ  രണ്ടു പേർക്കും ഉണ്ട്. ദേഹണ്ഡം ഇഷ്ടവുമാണ്.

ചെറുപ്പം മുതലേ മാതാപിതാക്കളിൽ നിന്നും കേട്ടും കണ്ടും പരിചയിച്ച ആചരണങ്ങളും പിന്നീട് തൊട്ടടുത്ത സത്യസായി ബാലവികാസിൽ പഠിച്ചും പഠിപ്പിച്ചും ബോദ്ധ്യപ്പെട്ട കാര്യങ്ങളുമാണ് തങ്ങളിന്ന് എത്തിനിൽക്കുന്ന കർമ്മമണ്ഡലത്തിലേക്ക് വെളിച്ചം വീശുന്നത് എന്നിവർ ഉറച്ചു വിശ്വസിക്കുന്നു.

ജീവിതത്തിൽ എന്താവാനാണ് ആഗ്രഹം എന്ന് 'തുളസീദളം' വായനക്കാർക്ക് വേണ്ടി  ചോദിച്ചപ്പോൾ അവർ പറഞ്ഞു.

'പല ജന്മങ്ങൾ താണ്ടി എത്തിപ്പെട്ട ഈ ദേഹത്തിൽ ഞങ്ങൾ സംതൃപ്തരാണ്. വരദാനമായി ലഭിച്ച ഈ ജ്യോതിഷശാസ്ത്രം നൽകിയ വെളിച്ചം തെളിച്ച് കൊണ്ട് ജീവിതവഴി നീളെ സന്തോഷത്തോടെ ഒഴുകണം. ആവശ്യക്കാർക്ക് മുഴുവൻ സാന്ത്വനം പകരണം. മുതിർന്നവരുടേയും ഗുരുക്കന്മാരുടേയും പാദനമസ്കാരം ചെയ്യാൻ എപ്പോഴും തോന്നണം. അത് മാത്രം മതി.'

ഇങ്ങനെ വ്യക്തവും പക്വവുമായ ഒരു ജീവിതവീക്ഷണം വളർത്തിയെടുത്ത് സമൂഹത്തിൽ പ്രവർത്തിക്കുന്ന ഈ ഇരട്ടക്കുട്ടികൾക്ക് തുളസീദളം എല്ലാ ജീവിതവിജയങ്ങളും ആശംസിക്കുന്നു.

താല്പര്യമുള്ളപക്ഷം താഴെ പറയുന്ന വിലാസത്തിൽ വായനക്കാർക്ക് ഇവരുമായി  ബന്ധപ്പെടാം.

ASTROLOGERS - **RAJIV & SANJIV**
VADAKE PISHARAM, IRIMBILIYAM P.O.
Malappuram, Kerala,  Pin: 679 572
Phone: 9605 278 129, 9567 800 607.

## പ്രീത രാമചന്ദ്രൻ ചലച്ചിത്ര പിന്നണി ഗാനരംഗത്തേക്ക്



**ച**ലച്ചിത്ര പിന്നണിഗാന രംഗത്തേക്ക് പ്രീത രാമചന്ദ്രന്റെ ആദ്യ കാൽവെയ്പ് 'മമ്മി സെഞ്ചുറി' നിർമ്മിക്കുന്ന "കാഡ്ബറീസ്" എന്ന സിനിമയിലൂടെ. സിനിമയിൽ പ്രീത പാടിയ പാട്ടിന്റെ ഓഡിയോ launching മാർച്ച് 3, 2024 നു എറണാകുളം ഗോകുലം പാർക്കിൽ വെച്ച് നടന്നു.

ഈ ഗാനവും മറ്റു സംഗീത പരിപാടികളും പരിഗണിച്ചു സംഗീത രംഗത്തെ മികവിനു "ദേശീയ കലാ സംസ്കൃതി' നൽകുന്ന പുരസ്കാരത്തിനും പ്രീത അർഹയായി. എറണാകുളത്തു വെച്ച് നടന്ന പ്രസ്തുത ഓഡിയോ ലോഞ്ച് ചടങ്ങിൽ വെച്ച് പ്രശസ്ത സിനിമ സംവിധായകൻ ശ്രീ. വിനയൻ പുരസ്കാരം പ്രീതക്കു നൽകി.

മമ്മി സെഞ്ചുറി നിർമ്മാണവും, സംവിധാനവും നിർവ്വഹിക്കുന്ന ഈ ചിത്രത്തിൽ ഒരു കോളേജ് പ്രൊഫസറുടെ റോളിൽ പ്രീതയുടെ ഭർത്താവ് ശ്രീ. ടി.പി. രാമചന്ദ്രനും അഭിനയിച്ചിട്ടുണ്ട്.

ശ്രീമതി പ്രീത രാമചന്ദ്രന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങളും ആശംസകളും.

*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

കുഞ്ഞുകഥ

# ദ്രുഗി



വൈക

**‘ഗൂ**ഗിൾ ടെൽ മീ, വാട്ട് ഈസ് കേസിയ ഫിസ്റ്റുല?’

ദ്രുഗി ഗൂഗിളിനോട് ചോദിക്കുന്നത് കേട്ടപ്പോൾ അവൾക്കു വിളിച്ചു പറയാൻ തോന്നി..

‘ഞാനിവിടെ ഉള്ളപ്പോൾ എന്തിനാ ഗൂഗിളിനോട് ചോദിക്കുന്നത്... ഞാൻ പറഞ്ഞു തരാം എല്ലാം... നമ്മുടെ സ്വന്തം കണിക്കൊന്നയുടെ ശാസ്ത്രനാമമാണ് കേസിയ ഫിസ്റ്റുല.. ഫേബേസി കുടുംബത്തിൽ പെട്ട കൊന്നമരം ഗോൾഡൻ ഷവർ ട്രീ എന്നും അറിയപ്പെടുന്നു. മീനമാസത്തിലെ കൊടും ചൂടിനെ അതിജീവിക്കാൻ, ഇലകളിലൂടെയുള്ള ജലനഷ്ടം തടയാൻ രാസമാറ്റങ്ങൾ ഉണ്ടാകുന്ന കാരണം..പൂക്കളെ തന്നിൽ നിറച്ച് ഇലകളെ പൊഴിച്ചു നിൽക്കുന്ന കൊന്നമരത്തെക്കുറിച്ച് ഇനിയും ഒരുപാടു കാര്യങ്ങൾ പറഞ്ഞു തരാം... വാ.. എന്റടുത്തു വാ...!

പക്ഷെ എന്നത്തേയും പോലെ അവളുടെ ശബ്ദം പുറത്തു വന്നില്ല..

‘അമ്മേ... പ്രോജെക്ടിൽ വരയ്ക്കാൻ പറഞ്ഞ കേസിയ ഫിസ്റ്റുല.. കൊന്നമരമാണ്..!’

ദ്രുഗി പറഞ്ഞതിന് മറുപടിയായി അമ്മ പറഞ്ഞത് മറ്റൊന്നാണ്..

‘ദ്രുഗി... നിന്റെ ക്ലാസ്സും വായനയും ഒക്കെ ഇപ്പൊ ഇന്റർനെറ്റിൽ അല്ലെ... ഞാൻ ഈ പുസ്തകങ്ങൾ ഒക്കെ ഇന്ന് തൂക്കി വിൽക്കാൻ പോവാണ് ട്ടൊ.. വെറുതെ പൊടി പിടിച്ച് കിടക്കാ.. സ്ഥലം മുടക്കിക്കൊണ്ട്....!’



അമ്മയുടെ വാക്കുകൾ വിങ്ങുന്ന അവളുടെ ഹൃത്തടത്തിൽ ഒരു കനൽക്കാറ്റായി വീശി.

അവളെന്ന പാവം പുസ്തകത്തിന്റെ നിശബ്ദമായ തേങ്ങൽ ആരും കേട്ടില്ല....!

# കൃഷ്ണപുരത്ത് മുരളിക്ക് ഭദ്രപ്രിയ പുരസ്കാരം



**ചെ**മ്മലശ്ശേരി കിളിക്കുന്നുകാവ് ആലിക്കൽ ഭഗവതി ക്ഷേത്രം ഏർപ്പെടുത്തിയ ഭദ്രപ്രിയ പുരസ്കാരം പ്രശസ്ത ഓട്ടൻ തുള്ളൽ കലാകാരൻ കൃഷ്ണപുരത്ത് മുരളിക്ക് ലഭിച്ചിരിക്കുന്നു.

07-04-2024 നു വൈകീട്ട് 4.30 നു കിളിക്കുന്നുകാവ് ദേവീപ്രസാദം ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന ചടങ്ങിൽ കോഴിക്കോട് സാമൂതിരി രാജാവിന്റെ പ്രതിനിധി ഗോവിന്ദ് ചന്ദ്രശേഖർ പുരസ്കാര സമർപ്പണം നിർവ്വഹിക്കും.

ശ്രീ. കെ.പി. മുരളി പിഷാരോടി സമാജം കേന്ദ്ര വൈസ് പ്രസിഡണ്ടും മഞ്ചേരി ശാഖാ സെക്രട്ടറിയുമാണ്.

ശ്രീ. കൃഷ്ണപുരത്ത് മുരളിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# "In fond remembrance"



# T.V. PADMANABHAN

**DOB: 04/11/1930**
**DOD: 04/04/2023**


**Husband of late Smt. KP Radha**

| **Children:** | **Sils & Dils:** |
|---|---|
| Late K.P. Shobhana | T.V. Raveendran |
| K.P. Padmakumar | K.P. Mini |
| Shama Vinod | Vinod A.P. |
| K.P. Vijaykumar | A.P. Veena |

**Grandchildren and great-grandchildren**

# സ്മരണാഞ്ജലികൾ

## 1–ാം ചരമവാർഷികം (20.03.2024)



### എരിങ്ങോട്ടു തൃക്കോവിൽ പിഷാരത്ത്

## ദേവകി പിഷാരസ്യാർ

**പഴയപിഷാരം, ശ്രീകൃഷ്ണപുരം**

മരണം: 20.03.2023

ഭർത്താവ്: പരേതനായ കരിമ്പുഴ പഴയപിഷാരത്ത് ഭരതപിഷാരോടി

| മക്കൾ | മരുമക്കൾ |
| --- | --- |
| ഉണ്ണിക്കണ്ണൻ | രാധാമണി |
| രാമൻ | രമണി |
| അച്ച്യുതൻ | ജയ |
| വേണുഗോപാലൻ | സരസ്വതി |
| കൃഷ്ണൻ | രതി |
| ദേവകി | രാമൻ |
| ഇന്ദിര | നാരായണൻകുട്ടി |

പേരക്കുട്ടികളും അവരുടെ മക്കളും.

# ആദരാഞ്ജലികൾ



## ദേവി (80 വയസ്സ്)

**വടക്കേപിഷാരം, പെരുമ്പിള്ളി**


**എറണാകുളം**

**എന്ന്,**

**സന്തപ്തകുടുംബാംഗങ്ങൾ**

ലേഖനം

# എന്നും എപ്പോഴും



വേണു വീട്ടീക്കുന്ന്

'യുഗം നാലിലും നല്ലൂ കലിയുഗം
സുഖമേ തന്നെ മുക്തിവരുത്തുവാൻ'
-പൂന്താനം

ചതുർയുഗങ്ങളെ കുറിച്ചും, ചതുർയുഗങ്ങൾ ചേർന്ന മഹാ യുഗത്തെ കുറിച്ചും, മഹായുഗങ്ങൾ ചേർന്ന മന്വന്തരങ്ങളെ കുറിച്ചുമെല്ലാം പുരാണങ്ങളിൽ വ്യക്തമായ പരാമർശങ്ങൾ കാണാം. ദേവ ദിനങ്ങളേയും ദേവ വർഷങ്ങളെയും മറ്റുമുള്ള വിവരണങ്ങൾ പോലും സാധാരണ മനുഷ്യരുടെ ഭാവനയ്ക്കു പോലും അതീതമായാണെനിക്ക് അനുഭവപ്പെട്ടത്.

'വ്യാസോച്ഛിഷ്ടം ജഗത് സർവ്വം' എന്നൊരു ചൊല്ല് പാരമ്പര്യമായിത്തന്നെ നിലനില്ക്കുകയും നാം കേട്ടു മറക്കുകയും ചെയ്തതാണ്. മറക്കുക എന്നതുകൊണ്ട് ഞാനുദ്ദേശിച്ചത് നാമോരോരുത്തരുടേയും ചിന്താഗതിയെ ഉപോദ്ബലകമാക്കി കൊണ്ടു തന്നെയാണ്. പൊതുവെ അഹങ്കാരത്തിനടിമപ്പെട്ട മാനവ സമൂഹം, നാം ചെയ്യുന്ന ഓരോ പുതിയ കാര്യങ്ങളും അവനവന്റെ സ്വന്തം നേട്ടങ്ങളായി ചിത്രീകരിക്കാനും അംഗീകാരങ്ങൾ നേടിയെടുക്കാനും ആഗ്രഹിക്കുന്നു, അതിനായി പരിശ്രമിക്കുന്നു. എന്നാൽ ഈശാവാസ്യോപനിഷത്തിലെ

'ഓം പൂർണ്ണമദ: പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ.
ഓം ശാന്തി: ശാന്തി: ശാന്തി:'

എന്ന ശാന്തി പാഠത്തിലൂടെ നാം മനസ്സിലാക്കുന്നത് അഥവാ മനസ്സിലാക്കേണ്ടത് ഈ പ്രപഞ്ചത്തേയും അതിൽ നിറഞ്ഞു നിൽക്കുന്ന പഞ്ചഭൂതങ്ങളെയും പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ നശ്വരമോ അനശ്വരമോ ആയി നാം കണക്കാക്കുന്ന സർവ്വ ചരാചരങ്ങളേയും തന്നെയാണ്.

വേദങ്ങളും ഇതിഹാസങ്ങളും ഉപനിഷത്തുകളുമെല്ലാം രചിച്ചു കഴിഞ്ഞ ശേഷവും മാനസിക സംതൃപ്തി കൈവരാതെ അസന്തുഷ്ടനായി കാണപ്പെട്ട വേദവ്യാസൻ നാരദോപദേശത്താൽ, തന്റെ സൃഷ്ടികളുടെയെല്ലാം സത്തുക്കൾ പിഴിഞ്ഞെടുത്ത് മധുരതരമായ ആഖ്യാനശൈലിയിൽ പുരാണങ്ങൾ കൂടി രചിച്ചുവെന്നും ആത്മ സന്തുഷ്ടി നേടിയെന്നും ഒരു ഭാഷ്യമുണ്ട്.

എന്തു തന്നെയായാലും വ്യാസൻ ചിന്തിക്കാത്തതോ പറയാത്തതോ സ്വപ്നം കാണാത്തതോ ആയ യാതൊന്നും നമ്മുടെ ദൃഷ്ടി പഥത്തിലെത്തിച്ചേരുകയില്ലെന്ന ഉറപ്പാണ് മേലുദ്ധരിച്ച ചൊല്ലിന്നടിസ്ഥാനം.

എച്ചിൽ എന്ന പദം വളരെ നികൃഷ്ടമായ എന്തോ ഒന്നായി ചിത്രീകരിക്കപ്പെടുന്ന ആധുനിക കാലത്ത് ഉച്ഛിഷ്ടമെന്നതും അതുപോലെ തന്നെ വർജ്ജ്യമായ എന്തോ ഒന്നായിത്തന്നെ അപദൃഷ്ടിയോടെ ചിത്രീകരിക്കപ്പെടുമ്പോൾ, അമ്പതുകളിലും അറുപതുകളിലും ജന്മമെടുത്ത എന്റെ സമകാലീനർക്കു മനസ്സിലാവുന്നതും, എന്നാൽ ന്യൂജെനെന്ന ആധുനികന്മാർക്ക് ഭാവനയിൽ പോലും കാണാനാവാത്തതുമായ, ഒരു ആചാരാനുഷ്ഠാന പാരമ്പര്യം തന്നെ ആ പദങ്ങളിൽ നിറഞ്ഞു നില്ക്കുന്നതായി കാണാം.

അന്നം സ്പർശിച്ച കൈ എച്ചിലായി എന്നും അത് ജലത്താൽ ശുദ്ധമാക്കിയ ശേഷം മാത്രമേ ഉപദംശങ്ങളിൽ സ്പർശിക്കുകയുള്ളൂ എന്നും ശീലിച്ചു വന്ന ഒരു പാരമ്പര്യത്തിൽ നിന്ന്, ഒരു സുപ്രഭാതത്തിൽ ഒരേ പാത്രത്തിൽ നിന്ന് കുടുംബാംഗങ്ങളെല്ലാം ഒരേ സമയം ഭക്ഷണം കഴിക്കുന്നതും, അല്ലെങ്കിൽ കഴിച്ചു കൊണ്ടിരിക്കുന്ന പാത്രത്തിൽ നിന്ന് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്ന സ്വന്തം കൈ കൊണ്ടു തന്നെ മറ്റുള്ളവരിലേക്ക് ഭക്ഷണപദാർത്ഥങ്ങൾ പകർന്നു നല്കുന്നതുമായ ആധുനിക സംസ്കാരം ഏതു സ്നേഹത്തിന്റെ പേരിലായാലും വററും എച്ചിലും ശീലിച്ചു പോന്ന ഒരു തലമുറക്ക് ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും വളരെയധികം ബുദ്ധിമുട്ടുണ്ടാവുമെന്നതും സംശയലേശമെന്യേ പ്രസ്താവ്യമാണ്. തലമുറകളിലെ അന്തരങ്ങളിലുള്ള ചിന്താഗതിയുടെ വ്യതിയാനങ്ങളെക്കുറിച്ചൊരു ചെറിയ സൂചനയ്ക്കു മാത്രമായാണ് ഇത്തരമൊരു ഉദാഹരണത്തി

നു മുതിർന്നത്.

ആധുനികർക്കിടയിൽ ചിത്തശുദ്ധി കുറയുകയും സ്വാർത്ഥതയും അഹങ്കാരവും വർദ്ധിക്കുകയും ചെയ്യുന്നില്ലേ എന്നും ഒരു വേവലാതി എന്നിൽ വളരുന്നതായി ഞാനറിയുന്നു.

അതുപോലെ തന്നെയാണ് വ്യാസനാൽ പറയപ്പെട്ടതോ എഴുതപ്പെട്ടതോ അല്ലാത്തതായി ഈ പ്രപഞ്ചത്തിലൊന്നും തന്നെയില്ലെന്നത് ആധുനിക ചിന്താഗതിക്കാരെ കൊണ്ട് സമ്മതിപ്പിക്കുക എന്നതും.

എന്നും എപ്പോഴുമുള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചപ്പോഴാണ് മേൽ പ്രസ്താവിച്ച കാര്യങ്ങളെല്ലാം ഓർമ്മകളിലൂടെ വന്നെത്തിയത്. രാവും പകലും, അകവും പുറവും, ഇരുളും വെളിച്ചവും, നന്മയും തിന്മയുമെല്ലാം പരസ്പര വൈരുദ്ധ്യങ്ങളായ ദ്വന്ദ്വങ്ങളാണ്. അനാദികാലം മുതലേ ഇവയൊക്കെ നാമനുഭവിച്ചുകൊണ്ടിരിക്കുന്നതുമാണ്. പകലിനേക്കാൾ രാവിനു ദൈർഘ്യമേറുമ്പോഴും, പ്രകാശത്തിനു പകരം അന്ധകാരത്തിന്നു കാഠിന്യമേറുമ്പോഴും പുറത്തേക്കാൾ അകത്തിനു ഘനം സംഭവിക്കുമ്പോഴും നന്മകളേക്കാൾ തിന്മകൾ നിറയുമ്പോഴും പ്രപഞ്ചത്തിന്റെ സന്തുലനാവസ്ഥക്ക് ഭംഗം വരുവാനിടയാവും. ധർമ്മാധർമ്മങ്ങളുടെ ഇത്തരം അസന്തുലിതാവസ്ഥയിൽ മൂല്യശോഷണം സംഭവിക്കുന്ന ധർമ്മച്യുതിയിൽ നിന്ന് അധർമ്മം തുടച്ചു നീക്കി ധർമ്മ സംരക്ഷണത്തിനായി സത്യയുഗം മുതൽ കലിയുഗം വരെ ജഗദാധാരനായ നാരായണൻ പല അവതാരങ്ങളായി രൂപമെടുത്തത്പുരാണങ്ങളിലൂടെ പരിചിതമാണ്. മാത്രവുമല്ല, എവിടെയൊക്കെ ധർമ്മ ച്യുതി സംഭവിച്ച് അധർമ്മം വ്യാപിക്കുമ്പോഴും ധർമ്മ സംരക്ഷണാർത്ഥമായി താൻ അവതരിച്ചു കൊണ്ടേയിരിക്കുമെന്ന് ഭഗവാൻ ഗീതയിലൂടെ ശപഥം ചെയ്യുന്നുമുണ്ട്.

എന്നും എപ്പോഴുമുള്ള എന്റെ ചിന്തകൾ ഒരു വേവലാതിയായി മാറുന്നത് ഇന്ന് കാണപ്പെടുന്ന മൂല്യച്യുതിയേയും, അനുസ്യൂതമായി വളർന്നുകൊണ്ടിരിക്കുന്ന അധർമ്മ പ്രവൃത്തികളേയും സ്വാനുഭവങ്ങളുടെ പോലും ഭാഗമായി തീരുന്ന അവസ്ഥയിൽ തന്നെയാണ്. ജാതി മത വർഗ്ഗവർണ്ണവിവേചനങ്ങൾക്കതീതമായി ലിംഗസമത്വത്തിനു പോലും പ്രാധാന്യം നല്കുന്ന ഒരു ഭരണ ഘടനയും, അതിനനുസരിച്ചുള്ള നടത്തിപ്പു സംവിധാനങ്ങളും നിലനില്ക്കുന്ന, ദൈവത്തിന്റെ സ്വന്തം നാടെന്ന അഭിധാനത്തിൽ അഭിമാനം കൊള്ളുന്ന നമ്മുടെ സ്വന്തം നാട്ടിലെ ഓരോ സൂര്യോദയവും കണ്ടും കേട്ടുമുണരുന്ന അക്രമങ്ങളുടേയും അതിക്രമങ്ങളുടേയും വാർത്തകൾ അസഹ്യങ്ങളായി തീർന്നിരിക്കുന്നു. പ്രായഭേദമെന്യേ, ലിംഗഭേദമെന്യേ സർവ്വരും പീഢനങ്ങൾക്ക് പാത്രീഭവിച്ചുകൊണ്ടിരിക്കുന്നു. സ്വസഹോദരിയുടെ എട്ടാമത്തെ പുത്രൻ തന്റെ അന്തകനായിരിക്കുമെന്ന ആകാശവാണിയെ ഭയന്ന് ദേവകിയുടെ പ്രസവമടക്കം ജീവിതം മുഴുവൻ കാരാഗൃഹത്തിലാക്കുകയും പ്രസവിക്കുന്ന ഓരോ കുഞ്ഞുങ്ങളേയും ജനനമറിഞ്ഞ സമയത്തു തന്നെ സ്വഹസ്തങ്ങളാൽ യമപുരിയിലേക്കയക്കുകയും ചെയ്ത കംസനെന്ന നിഷ്ഠൂരനായ മഥുരാരാജന്റെ കരാള കഠോര പ്രവൃത്തികൾ ഭാഗവതത്തിൽ നിന്നും നാം കണ്ടറിഞ്ഞിരിക്കുന്നു.

എന്നാൽ അതിനെ വെല്ലുന്ന ഘോര കൊലപാതക പരമ്പര വാർത്തകൾ തന്നെ ദിനംപ്രതി നമ്മുടെ ശ്രവണപുടങ്ങളെ പ്രകമ്പനം കൊള്ളിക്കുമ്പോൾ, രക്തസാക്ഷിത്വം വരിച്ച് ജീവിതം പൊലിഞ്ഞു പോയ പരേതാത്മാക്കളുടെ ഓർമ്മകളിൽ വിലപിച്ചിരിക്കാനേ നമുക്കു കഴിയുന്നുള്ളൂ എന്നിടത്താണ് എന്നും എപ്പോഴും നടപ്പിലാവേണ്ട ധർമ്മ നീതികളുടെ അപചയത്തെക്കുറിച്ചോർത്ത് വേവലാതിപ്പെടുന്നത്.

'ചണ്ഡകർമ്മങ്ങൾ ചെയ്തവർ ചാകുമ്പോൾ
ചണ്ഡാലകുലത്തിങ്കൽപ്പിറക്കുന്നു'

എന്ന് ജ്ഞാനപ്പാനയിലൂടെ പൂന്താനം സമാധാനിക്കുന്നതു പോലെ സമാധാനിക്കാനാവാത്തിടത്ത് എന്റെ വേവലാതികൾ എന്നും എപ്പോഴും തഴച്ചുവളരുന്നു.

തത്ത്വമസിയിലൂടെ ഞാനും നീയും രണ്ടല്ല ഒന്നുതന്നെയാണെന്ന തിരിച്ചറിവു സംഭവിച്ചു കഴിഞ്ഞാൽ സ്വാർത്ഥതക്കും അഹങ്കാരത്തിന്നും ജീവിതത്തിൽ സ്ഥാനമില്ലാതായി തീരും. യഥാർത്ഥത്തിൽ അതല്ലേ പുരോഗമനം? എന്നാൽ ഇന്നു നമുക്കു ചുറ്റും കാണുന്നതോ?

എന്തിന്റെ കുറവ്
'കാലമിന്നു കലിയുഗമല്ലയോ?
ഭാരതമിപ്രദേശവുമല്ലയോ?
നമ്മളെല്ലാം നരന്മാരുമല്ലയോ?
ചെമ്മെ നന്നായ് നിരൂപിപ്പിനെല്ലാരും.'
..................................
'തന്നെത്താനഭിമാനിച്ചു പിന്നേടം
തന്നെത്താനറിയാതെ കഴിയുന്നു.
എത്രകാലമിരിക്കുമിനിയെന്നും
സത്യമോ നമുക്കേതുമൊന്നില്ലല്ലോ;'
.....................................
'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ
മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതി കെട്ടു നടക്കുന്നിതു ചിലർ;'
.......................................

മുത്തശ്ശിക്കഥ

# കാക്ക ഏകാദശി നോറ്റ കഥ




**എ. തുളസി**

**പടിഞ്ഞാറെ പിഷാരം, തൃപ്രയാർ**




**അ**മ്മു മുത്തശ്ശിയുടെ കൊച്ചുമകനായ അപ്പുവിന് എന്നും കഥ കേൾക്കണം. കഥ കേട്ടാലേ അവന് ഉറക്കം വരൂ. ഒരു ദിവസം മുത്തശ്ശി അവന് കാക്ക ഏകാദശി നോറ്റ കഥ പറഞ്ഞു കൊടുത്തു.

ഒരിക്കൽ ഒരു ഏകാദശി ദിവസം നീലിക്കാക്ക ഏകാദശി നോൽക്കാൻ തീരുമാനിച്ചു. അവൾ നേരത്തേ എഴുന്നേറ്റു കുളിച്ചു വൃത്തിയായി പറമ്പിലെ കിണറിനടുത്തുള്ള ഒരു വാഴയിൽ ചെന്നിരുന്നു. അതാ, വാഴക്കൈ ഒടിഞ്ഞു നീലിക്കാക്ക താഴെ വീണു. പാവം നീലി... അവളുടെ കാലിൽ മുള്ളു കയറി. കാലിൽ നിന്നും മുള്ളെടുക്കാനായി നീലി കിണറ്റിൻ വക്കിൽ ഇരുന്നു. മുള്ളെടുത്തു. പക്ഷേ അതു കിണറ്റിൽ വീണുപോയി. മുള്ള് കിണറ്റിൽ നിന്നും എടുക്കാൻ എന്തു ചെയ്യും? നീലി ആലോചിച്ചു. അവസാനം മുള്ളെടുക്കാൻ അവൾതന്നെ കിണറ്റിലേക്കു ചാടി. കിണറ്റിൽ മുങ്ങിത്തപ്പി. അപ്പോൾ അവൾക്ക് കിണറ്റിൽ നിന്നും ഒരു സ്വർണ്ണക്കട്ടി കിട്ടി. അവൾ അതുമായി സ്വർണ്ണപ്പണിക്കാരൻ ഗോപാലൻ തട്ടാന്റെ അടുത്തു ചെന്നു. നീലി അത് തട്ടാന് കൊടുത്തു. തട്ടാനു വലിയ സന്തോഷമായി. സ്വർണ്ണമല്ലേ! നല്ല വിലയ്ക്ക് ആർക്കെങ്കിലും വിൽക്കാമല്ലോ. അയാൾ കാക്കയ്ക്ക് വലിയൊരു ഉരുള ചോറുകൊടുത്തു. നീലിക്കു സന്തോഷമായി. അവൾ അത് മക്കൾക്കു കൊണ്ടുകൊടുത്തു.

ഇതുകണ്ട് മിന്നിക്കാക്കയും അടുത്ത ഏകാദശി ദിവസം ഏകാദശി നോറ്റു. വാഴയിൽ ചെന്നിരുന്നു. വാഴക്കൈ ഒടിഞ്ഞില്ല. കൊക്കുകൊണ്ട് കുത്തി ഒടിച്ചിട്ടു. മിന്നി താഴെ വീണു. പക്ഷേ കാലിൽ മുള്ള് കൊണ്ടില്ല. എവിടെനിന്നോ ഒരു മുള്ളുകൊണ്ടുവന്ന് കാലിൽ കുത്തിക്കയറ്റി. മുള്ളെടുക്കാനായി കിണറ്റിൻവക്കത്തിരുന്നു. കാലിൽ നിന്നും മുള്ളെടുത്തു. മുള്ള് കിണറ്റിൽ വീണില്ല. കിണറ്റിലേക്ക് തട്ടി ഇട്ടു. കാക്ക കിണറ്റിലിറങ്ങി മുങ്ങിത്തപ്പി. അവൾക്ക് ഒരു അമ്മിക്കുഴ കിട്ടി. അതുംകൊണ്ട് അവൾ ഗോപാലൻ തട്ടാന്റെ അടുത്തു പോയി. ദേഷ്യം വന്ന തട്ടാൻ ആ അമ്മിക്കുഴകൊണ്ട് അവൾക്കൊരു ഇടി കൊടുത്തു. അയ്യോ! പാവം മിന്നിക്കാക്ക ചത്തുപോയി.

**ഗുണപാഠം:** മറ്റുള്ളവർ ചെയ്യുന്നതെല്ലാം അനുകരിക്കരുത്. ആഗ്രഹമേ പാടുള്ളൂ. അത്യാഗ്രഹം പാടില്ല. അത്യാഗ്രഹം ആപത്ത് വരുത്തും. ●

---

'അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉണ്മാൻപോലും കൊടുക്കുന്നില്ല ചിലർ;
അഗ്നിസാക്ഷിണിയായൊരു പത്നിയെ
സ്വപ്നത്തിൽപ്പോലും കാണുന്നില്ല ചിലർ;'

പൂന്താനം തന്റെ തത്വചിന്താപരമായ ഭക്തി മാഹാത്മ്യത്തിലൂടെ യാത്ര ചെയ്ത് ചതുർബാഹുവായ ഭഗവാനെ പ്രത്യക്ഷനാക്കിയെന്നും ഉടലോടെ സ്വർഗ്ഗം പൂകിയെന്നും വിശ്വസിക്കപ്പെടുന്നു. വിശ്വാസ പ്രമാണങ്ങളെ സംശയിക്കാതെ, വിശ്വാസങ്ങളിൽ അടിയുറച്ച നില നില്പു സാധിതമാക്കി നല്ല രീതിയിൽ ജീവിത മുന്നേറ്റം നടത്തിയാൽ അസാധ്യമെന്നു കരുതപ്പെടുന്നവ പോലും സുസാധ്യമായിത്തീരുമെന്നും ഉറപ്പിക്കാം. അതിനായി ആകുലതകളെല്ലാം മറച്ചു വച്ച് നമുക്കും ആശിക്കാം, പ്രാർത്ഥിക്കാം.

'അനായാസേന മരണം വിനാ ദൈന്യേന ജീവനം ദേഹീ മെ കൃപയാ ശംഭോ, ത്വയീ ഭക്തീ മചഞ്ചലാം.' ●

ചെറുകഥ

# സുമംഗലി



**ദേവി വേണു, കുളത്തൂർ**
**9446765990**

**ഗു**രുവായൂരിൽ നിന്ന് താലികെട്ടി വധൂവരന്മാർ ഓഡിറ്റോറിയത്തിൽ എത്താറായി. കുറേ സമയമായി അവരെ വിളക്കുമായി ആര് മണ്ഡപത്തിലേക്ക് കൊണ്ടുവരും എന്ന കാര്യത്തിൽ തർക്കം തുടങ്ങിയിട്ട്. കാരണവരും മീരയും തമ്മിൽ. ചന്ദ്രിക മതിയെന്നു കാരണവരും പറ്റില്ല തന്റെ ഒരേയൊരു അമ്മാവന്റെ പ്രിയപ്പെട്ട അമ്മായി മതിയെന്നു മീരയും. അവസാനം തന്റെ നേരെ മീര നീട്ടിയ വിളക്ക് കാരണവർ തട്ടിപ്പറിച്ചു വാങ്ങി ചന്ദ്രികയെ ഏൽപ്പിച്ച ശേഷം ചുമലിൽ കിടന്ന വേഷ്ടി എടുത്ത് ആഞ്ഞ് ഒന്നു കുടഞ്ഞു. എന്നോടാണോ കളി എന്ന ഭാവത്തിൽ.

മീരയെ സമാധാനിപ്പിച്ച് രംഗം ശാന്തമാക്കി ഓഡിറ്റോറിയത്തിന്റെ ഒരു മൂലയിൽ പോയിരുന്നപ്പോൾ സ്റ്റേജിൽ അതാ വിളക്കുമായി ഞെളിഞ്ഞു നിൽക്കുന്നു ചന്ദ്രിക. അതു കണ്ടപ്പോൾ മനസ്സിൽ ചിരിയാണ് വന്നത്. ആദ്യ ഭർത്താവിന്റെ മരണശേഷം വീണ്ടും വിവാഹം കഴിച്ചു, അത് ഉപേക്ഷിച്ചു... ഇപ്പോൾ പേരിന് ഒരു ഭർത്താവും അതിൽ കൂടുതൽ കാമുകന്മാരുമായി വിലസുന്ന ചന്ദ്രിക വിളക്കെടുത്താൽ ആണത്രേ വധൂവരന്മാരുടെ ദാമ്പത്യവല്ലരി പൂവണിയുക. വിധവയാണെങ്കിലും മനസ്സുകൊണ്ട് സുമംഗലിയായി കഴിയുന്ന ഇപ്പോഴും അനവധി കുരുന്നുകൾക്ക് അറിവു പകർന്നു നൽകി അവരെ നേർവഴിക്കുന്നയിക്കുന്ന താനാണോ അല്ല ചന്ദ്രികയാണോ അതിനു സത്യത്തിൽ ഏറ്റവും യോജിച്ച ആൾ. അറിയില്ല. ഒരു കാര്യം തീർച്ച. നല്ല വ്യക്തിത്വങ്ങൾ മുന്നിൽ നിന്ന് വിളക്കുമായി നമ്മെ നയിക്കുമ്പോഴാണ് നമുക്കും സമൂഹത്തിനും നേരായ മാർഗ്ഗം തെളിയുക. അല്ലാതെ പഴകിത്തുരുമ്പിയ ആചാരങ്ങൾക്കൊപ്പം സഞ്ചരിക്കുമ്പോഴല്ല. ●

## ഡോ. വിനോദ്കുമാർ & ടീമിന് കോർ റിസർച്ച് ഗ്രാന്റ്



ഡോ. വിനോദ്കുമാർ നേതൃത്വം നൽകുന്ന രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി ടീമിന് കേന്ദ്ര ഗവണ്മെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയ്ക്ക് കീഴിലുള്ള സയൻസ് ആൻഡ് എഞ്ചിനീയറിംഗ് റിസർച്ച് ബോർഡിന്റെ കോർ റിസർച്ച് ഗ്രാന്റ് ലഭിച്ചു. Dynamic topology, Persistent landscapes and Persistent Homology - A method to analyze topological features of dynamic data and application to Brain networks എന്ന വിഷയത്തിൽ ഗവേഷണം നടത്തുന്നതിനാണ് 33 ലക്ഷം രൂപ അനുവദിച്ചത്.

കാക്കനാട് രാജഗിരി എഞ്ചിനീയറിംഗ് കോളേജിൽ ഗണിത ശാസ്ത്ര വിഭാഗത്തിൽ പ്രൊഫസറും, പോസ്റ്റ് ഗ്രാജുവേറ്റ് ഡീനും, കൺട്രോളർ ഓഫ് എക്സാമിനേഷൻസും ആണ് ഡോ. വിനോദ് കുമാർ. സഹോദരൻ ഡോ. രാംകുമാർ (സെക്രട്ടറി, പിഷാരോടി എഡ്യൂക്കേഷണൽ സൊസൈറ്റി) ഇതേ റിസർച്ച് ടീമിൽ അടങ്ങിയിട്ടുള്ള അദ്ധ്യാപകരിൽ ഒരാളാണ്. ഡോ. വിനോദ് കുമാർ ഭാര്യ സിന്ധുവിനോടൊപ്പവും മക്കളായ വേണിശ്രീയുടെയും വാണിശ്രീയുടെയും ഒപ്പം 'ശ്രീ', പടിഞ്ഞാറെ പിഷാരത്ത്, തെക്കൻ ചിറ്റൂരിൽ ആണ് താമസം. തെക്കൻ ചിറ്റൂർ പടിഞ്ഞാറെ പിഷാരത്ത് പരേതനായ ബാലകൃഷ്ണ പിഷാരടിയുടെയും കൊല്ലങ്കോട് പയ്യലൂർ പിഷാരത്ത് രമാദേവിയുടെയും മകനാണ്.

ഡോ. വിനോദ്കുമാറിനും ടീമിനും ആശംസകൾ നേരുന്നു.

## ചരിത്രത്തിലൂടെ...

സമ്പാ: അരവിന്ദാക്ഷൻ സേലം
ഫോൺ: 6374162276

# 1931 മെയ് മാസം 24നു തൃശ്ശിവപേരൂരിൽ നടന്ന സമസ്ത കേരള പിഷാരോടി സമാജത്തിന്റെ പ്രഥമ സമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ നിന്ന്

കഴിഞ്ഞലക്കം തുടർച്ച.....

## ഐകമത്യവും സമുദായോന്നതിയും

(പ്രൊഫ. രാമപിഷാരടി, എം.എ.എൽ.ടി)

**മാ**ന്യസഭക്കു വന്ദനം,

ഇന്നെദിവസം, വയോവൃദ്ധന്മാരും വിദ്യാവൃദ്ധന്മാരും നിറഞ്ഞിരിക്കുന്ന ഈ സദസ്സിൽ സന്നിഹിതനായി രണ്ടു വാക്കു പറയുവാൻ തുനിയുന്നതു കുറച്ചൊരു സാഹസമല്ലെന്നില്ല. എങ്കിലും വന്ദനീയന്മാരായ ഗുരുഭൂതന്മാരുടെ ആജ്ഞ അംലഘനീയമായതിനാൽ ഈ സാഹസത്തിനു പുറപ്പെട്ടതാണെന്നും, എന്റെ യഥാർത്ഥനില ഒരു ശ്രോതാവിന്റേതു മാത്രമാണെന്നും ആദ്യമായി മാന്യസഭാംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

എന്റെ ഉപന്യാസനീയവിഷയം "ഐകമത്യവും സമുദായോന്നതിയും" എന്നുള്ളതാണല്ലൊ. ഐകമത്യമുണ്ടായാൽ അനേകകാര്യങ്ങളിൽ വിജയം സമ്പാദിക്കാമെന്നു ബാല്യകാലം മുതൽക്കുതന്നെ നമ്മുടെ മനസ്സിൽ പതിഞ്ഞിട്ടുള്ള സംഗതിയാണ്. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാമെന്നും മറ്റുമുള്ള ആപ്തവാക്യങ്ങൾ നമ്മുടെ ചെറു കുട്ടികൾക്കുകൂടി വായ്പാഠമാണ്. അതുകൊണ്ടു ഇതിന്റെ മാഹാത്മ്യത്തെപ്പറ്റി അധികം നിർവ്വചിച്ചിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. പിഷാരടി സമുദായത്തിൽ എങ്ങിനെയാണ് ഐകമത്യം ഉണ്ടാക്കാവുന്നത് എന്നും, തന്മൂലം എങ്ങിനെയാണ് സമുദായത്തിന്നു ഉന്നതിയുണ്ടാക്കുവാൻ സാധിക്കുന്നതെന്നുമാണ് ഈ അവസരത്തിൽ നാം ആലോചിക്കേണ്ടത്.

പിഷാരടി സമുദായത്തിൽ ഐകമത്യം ഇപ്പോൾ ഉണ്ടൊ എന്നുള്ള സംഗതിയാണ് ആദ്യമായി ആലോചിക്കേണ്ടത്. ഈ ചോദ്യത്തിന്നു ഒരു പക്ഷം ജനങ്ങളിൽ നിന്നു ഐകമത്യം ഉണ്ടെന്നും, മറ്റൊരു പക്ഷക്കാരിൽ നിന്നു ഇല്ലെന്നും വിഭിന്നങ്ങളായ രണ്ടു ഉത്തരങ്ങളാണ് നമുക്ക് ലഭിക്കുന്നതു. പക്ഷെ സൂക്ഷ്മമായി ആലോചിക്കുന്നതായാൽ ഈ രണ്ടു പക്ഷവും ശരിയല്ലെന്നാണ് എനിക്കു തോന്നുന്നത്. നവീന സമ്പ്രദായത്തിൽ പ്രാക്തന വിദ്യകളെ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുന്നതായിരിക്കാം ഞാൻ ഇങ്ങിനെ ഒരു വിജാതീയമതത്തെ അംഗീകരിപ്പാനുള്ള കാരണം. ഈ വിഷയത്തെ കുറച്ചൊന്നു ഉപപാദിക്കുന്നതു ഈ അവസരത്തിൽ അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. പ്രാസംഗികനായി നിശ്ചയിക്കുമ്പോഴൊ, വിഷയം നിശ്ചയിക്കുമ്പോഴൊ ആയാളോടു സമ്മതം ചോദിക്കുകയും അതിനു ഭാവമില്ലെങ്കിൽ കാലെകൂട്ടി അറിയിക്കുകയുമെങ്കിലും ചെയ്യാതെ ആളേയും വിഷയത്തേയും തീരുമാനിച്ചു ക്ഷണക്കത്ത് അച്ചടിപ്പിച്ചു അയച്ച നിർവ്വാഹകസംഘക്കാരുടേയും, ആമന്ത്രണരൂപത്തിലുള്ള ഒരു കല്പനയെ ശിരസാ അംഗീകരിച്ചു യഥാശക്തി കൃത്യത്തെ നിർവ്വഹിപ്പാൻ സന്നദ്ധനായി വന്നിട്ടുള്ള പ്രാസംഗികന്റെയും മനഃസ്ഥിതി പിഷാരടി സമുദായത്തിന്നു സ്വതസ്സിദ്ധമായിട്ടുള്ള ഐകമത്യത്തിന്നു ഒരു ഉത്തമനിദർശനമാണ്. ഏതെങ്കിലും ഒരു കുടുംബത്തിൽ എന്തെങ്കിലും ഒരു ആപത്തു വരുമ്പോൾ യാതൊരു ക്ഷണവും അഭ്യർത്ഥനയും കൂടാതെതന്നെ അയൽവക്കക്കാരായ സ്വജനങ്ങൾ എല്ലാവരും ഒന്നിച്ചുകൂടി സഹായിക്കുകയെന്നുള്ള സമ്പ്രദായം നമ്മുടെ സമുദായത്തിലെപ്പോലെ മറ്റൊരു സമുദായത്തിലും ഉണ്ടോ എന്നു സംശയമാണ്. ആരെങ്കിലും സുഖമില്ലാതായി കിടക്കുമ്പോഴും മരണസന്ദർഭങ്ങളിലും ഇതു പ്രത്യക്ഷമായിരിക്കുന്നതാണ്. ഉദ്യോഗനിലകൊണ്ടാകട്ടെ, ധനംകൊണ്ടാകട്ടെ, പദവികൊണ്ടാകട്ടെ എത്രതന്നെ അന്തരമുണ്ടായാലും വേണ്ടതില്ല; സ്വസന്നിധാനകൊണ്ടും യഥാശക്തി സ്വദേഹംകൊണ്ടും സഹായിക്കുന്നതു പിഷാരടിമാർക്കു എല്ലാവർക്കും സ്വത

സിദ്ധവും സുപരിചിതവും ആയ സ്വഭാവമാണ്. ഇപ്രകാരം തന്നെയാണ് ഉത്സവാവസരങ്ങളിലും, കല്യാണമായാലും പിണ്ഡമായാലും വേണ്ടതില്ല, അതു മോശസ്ഥിതിയിൽ കഴിക്കുന്നതായാലും 'വലിയ പപ്പടത്തോടുകൂടി' കഴിക്കുന്നതായാലും വേണ്ടതില്ല, ക്രിയ നിശ്ചയിച്ചു കഴിഞ്ഞാൽ അതിനു അതിനു വേണ്ടുന്ന സംഭാരങ്ങളെ സംഭരിക്കുന്നതിനും ക്രിയ കഴിച്ചുകൂട്ടുന്നതിനും വേണ്ടതായ ധനം കൊടുക്കുകയല്ലാതെ കുടുംബക്കാർക്കു യാതൊരു ചുമതലയുമില്ല. ധനം വാങ്ങി അടിയന്തിരം ഭംഗിയായി കഴിച്ചുകൂട്ടേണ്ടതു സ്വജനങ്ങളുടെ ചുമതലയാണ് എന്നാണല്ലൊ നമ്മുടെ ഇടയിലെ പഴയ നടപടിക്രമം. മൂന്നോ നാലൊ കൊല്ലങ്ങൾക്കുമുമ്പ് ഒരു കുടുംബത്തിൽ സദ്യയുടെ ചുമതലയെല്ലാം ബ്രാഹ്മണരെ ഏൽപ്പിക്കാമെന്നു ഒരാലോചനയുണ്ടായപ്പോൾ സ്വജനപ്രധാനികളുടെ മറുപടി 'എന്നാൽ എല്ലാം ബ്രാഹ്മണരെത്തന്നെ ഏൽപിച്ചാൽ മതി'യെന്നായിരുന്നു. ഈ സംഗതി നമ്മുടെ ഇടയിലുള്ള ഐകമത്യത്തിന്നു ഒരുത്തമ ദൃഷ്ടാന്തമാണ് എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഇപ്രകാരം തന്നെയാണ് നമ്മുടെ ഔദാര്യവും. ഒരു സ്വജനാംഗം ഭവനത്തിൽ വരുന്നതായാൽ അയാളെ വേണ്ടതുപോലെ ഉപചരിക്കാതെ പറഞ്ഞയക്കുക നമ്മുടെ കുലധർമ്മത്തിനു വിപരീതമായിട്ടുള്ളതാണെന്നുതന്നെയാണ് എല്ലാവരുടേയും അഭിപ്രായം. ഉത്സവാദികാലങ്ങളിൽ സ്വജനങ്ങൾ എത്രതന്നെ വന്നാലും അവരെ വേണ്ടവിധത്തിൽ കടം വാങ്ങിയെങ്കിലും സൽക്കരിക്കയെന്നുള്ളത് മാന്യതയായിട്ടാണ് കാരണവന്മാർ നിശ്ചയിട്ടുള്ളത്. പൂരക്കാലത്ത് തൃശ്ശിവപേരൂരിലെ എല്ലാ ഭവനങ്ങളിലും പരക്കെ സദ്യയുണ്ട്. ഏത് ഭവനത്തിലും ഏത് പിഷാരോടിക്കും കയറിച്ചെന്ന് സൽക്കാരം സ്വീകരിക്കാം. ഇവിടെ സന്നിഹിതരായിട്ടുള്ളവരിൽ പലരും ഈ സൽക്കാരം അനുഭവിച്ചറിഞ്ഞിട്ടുള്ളവരായിരിക്കുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം. ഇങ്ങിനെ പ്രവൃത്തിക്കുന്നതിന്റെ പ്രധാന കാരണം സ്വജനസംസ്കാരമെന്നല്ലാതെ മറ്റെന്തായിരിക്കും. വിഷയം നീട്ടിവളച്ചു ദീർഘിപ്പിക്കാതെ പറയുകയാണെങ്കിൽ ഇത്തരം വിഷയങ്ങളിൽ നാമെല്ലാവരും സകല അവസരങ്ങളിലും പ്രകടിപ്പിക്കുന്നത് സ്വജന സ്നേഹത്തിന്റെയും ഗുരുഭൂതന്മാരിലുള്ള ബഹുമാനത്തിന്റെയും ദൃഷ്ടാന്തമാണെന്നാണ് എന്റെ അഭിപ്രായം. ഇത് ഐകമത്യത്തിന്റെ അവസ്ഥാന്തരമെന്നല്ലാതെ മറ്റൊന്നുമല്ല. ഈ സ്ഥിതിക്ക് നമ്മുടെ ഇടയിൽ ഐകമത്യമില്ലെന്ന് പറയുന്നത് സാഹസം മാത്രമായിരിക്കുന്നതാണ്.

(തുടരും...)



# കാർത്തിക എസ്. പിഷാരോടിക്ക് കേരള നടനത്തിൽ ഒന്നാം റാങ്ക്

**കേ**രള നടനത്തിന്റെ ഈറ്റില്ലമായ ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ നിന്നും കേരള നടനം കോഴ്സ് ഒന്നാം റാങ്കിൽ വിജയിച്ചുകൊണ്ട് കാർത്തിക എസ്. പിഷാരോടി നൃത്തോപാസന പാതയിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിയിരിക്കുന്നു.

മാങ്കുറ്റിപ്പാടം തെക്കേ പിഷാരത്ത് കാർത്തിക ഭർത്താവ് ഗിരീഷും മക്കളായ ദേവർഷും, ദേവശ്രീയുമൊത്ത് പോട്ട പിഷാരത്ത് താമസം. അച്ഛൻ: മാങ്കുറ്റിപ്പാടത്ത് പിഷാരത്ത് ശക്തിധരൻ, അമ്മ: ജയ ശക്തിധരൻ, മാങ്കുറ്റിപ്പാടം തെക്കേ പിഷാരം.

ഇരിഞ്ഞാലക്കുട ഭരത് വിദ്യുത് മണ്ഡൽ കല ഗോകുൽദാസാണ് മോഹിനിയാട്ടം, കുച്ചിപുടി എന്നിവയിൽ ഗുരു. പ്രാചീൻ കലാ കേന്ദ്രയിൽ നിന്നും ഭരതനാട്യം കോഴ്സും പൂർത്തീകരിച്ചിട്ടുണ്ട്.

ചാലക്കുടി പോട്ട പാമ്പാമ്പോട്ട് ക്ഷേത്രത്തിന് സമീപം സ്വന്തമായി നടത്തുന്ന ദേവാംഗന നാട്യഗൃഹത്തിലും മറ്റു വിവിധ സ്ഥലങ്ങളിലും നൃത്താദ്ധ്യാപികയായും വിവിധ വേദികളിൽ വിധികർത്താവായും നൃത്താവതരണവും ആയി മുന്നേറുന്നു.

പിഷാരോടി സമാജം കൊടകര ശാഖ അംഗമായ കാർത്തികക്ക് നൃത്തലോകത്തിൽ കൂടുതൽ ഉയരങ്ങളിലെത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സമാജം പരിപാടികളിലെ സ്ഥിരസാന്നിദ്ധ്യമായ കാർത്തികക്ക് പിഷാരോടി സമാജം, വെബ്സൈറ്റ്, തുളസീദളം എന്നിവയുടെ സംയുക്ത അഭിനന്ദനങ്ങൾ!

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | ര | ചഗു | സ | |
| | | | ഗുമ | സ | |
| ബുമ | ച | ഗ്രഹനില അകത്ത് അംശകം പുറത്ത് | | കുബു | ല |
| | | | | രശു | |
| | ലശി | | മാ | | |
| | കുശി | | മാ | ശു | |

Proposals invited from Ambalavasi boys for a Pisharody girl, aged 24 years, B.Tech, Computer Science, now doing M.Tech.

Contact No. 9846980337

കൊല്ലവർഷം 1176 ചിങ്ങമാസം 1നു, 2000 ആഗസ്റ്റ് 17 വ്യാഴാഴ്ച പകൽ 3.26 PM നു പൂരോരുട്ടാതി നക്ഷത്രം ദ്വിതീയ പാദവും കറുത്ത പക്ഷത്ത് തൃതീയയിൽ സുരഭിക്കരണവും സുകർമ്മ നാമനിത്യ രവീന്ദു യോഗവും കൂടിയ ശുഭസമയേ കുംഭക്കൂറിൽ ധനു ലഗ്നം മദ്ധ്യ ദ്രേക്കാണം കൊണ്ട് പുണ്യകുമാരി ഭൂജാത.
ഗർഭശിഷ്ടം: 9-0-14-24 ഗുരുദശ.

---

| | | | | | |
|---|---|---|---|---|---|
| | ബുകു | സമാ | | ല | |
| | | ചശി | | | |
| | മ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | കു | രഗു |
| മ | | | | | |
| | | രഗു | ബു ശുസ | ലമാ | |
| | ചശു | | ശി | | |

Proposals are invited for a Pisharody boy, aged 29 years, 171 cms height, working as Data Associate in Amazon Chennai.

Contact No. 8330896330

1994 നവംബർ 18നു വെള്ളിയാഴ്ച പുലർച്ചെ IST 3.24 AM, 1170 വൃശ്ചികം 1നു ഗുരുവാരെ അസ്തമിച്ച് ശുക്രവാരെ ഉദിപ്പാൻ 7 നാഴിക 22 വിനാഴികക്ക് കാർത്തിക നക്ഷത്രം പുരുഷ ജനനം. 5 വയസ്സ് 7 മാസം 24 ദിവസം നിൽക്കും നക്ഷത്ര പക്ഷെ ഗർഭശിഷ്ടം രവി ദശ.

---

| | | | | | |
|---|---|---|---|---|---|
| | | ബുകു | | സ | |
| | മശി | | കുബു ഭൃ | ല ര | |
| | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | ച | ഭൃ |
| | | | | | മാ |
| | ഗു മാ | | | സ | |
| | ശി | ര | ലഗുമ | ച | |

Suitable alliance is invited from parents of well educated/employed Pisharody/Ambalavasi girl for a Pisharody boy, aged 27 years, height 178 cm, BE in Electronics and Instrumentation from BITS Pilani, presently employed as Senior ASIC Design Engineer for an American company at Bangalore. Those who are interested may respond to:

Contact Nos. 6282319481 / 6282136802

കൊല്ലവർഷം 1171 മിഥുനം 4 (19-06-1996) കുജവാരെ IST 5:55AM, അസ്തമനാൽപരം 27 നാഴിക 48 വിനാഴികക്ക് പൂയം നക്ഷത്രം ദ്വിതീയ പാദം മിഥുന ലഗ്നം പുരുഷജനനം. ശിഷ്ടദശ: 14-2-21-27 ജന്മതാരാധിപ ശനിദശ.

| | മ | | ല | സമാ | |
|---|---|---|---|---|---|
| | | കുശി | ര | ബുല | |
| ചബു | മ | ഗ്രഹനില അകത്ത് | | ചശു | |
| ഗു | | അംശകം പുറത്ത് | | | ശു |
| ശി | | | ഗുസ | മാ | |
| | | | കു | ര | |

Palakkad based Pisharody boy, age 29 years (DOB: 14.06.1994) height 168 cms, MS in Electric Power Engg., Working as Design Engineer in a European Country seeking proposals from parents of well educated Pisharody/Ambalavasi girls. Star: Ayilyam.

Contact Nos. 9895047349 / 9497632340

കുംഭശനി തുലാവ്യാഴം കൊല്ലം 1169 എടവമാസം 31നു, 1994 ജൂൺ 14 ശനിയാഴ്ച കാലത്ത് 7 മണി 59 മിനിട്ടിന് ആയില്യം നക്ഷത്രം തൃദീയ പാദത്തിൽ വീണാന്ത്യ ദ്രേക്കാണം കൊണ്ട് കുമാര ജനനം.

ജനനാൽപരം 9 വർഷം 6 മാസം 7 ദിവസം 12 നാഴിക നിൽക്കും ചക്രമാർഗേ വൃക്ഷാധിപ ശുക്രദശ - രൂപം പ്രാപ്യതി വാക്യം.

ഗർഭശിഷ്ടദശ: 6-9-10-21 ജന്മതാരാധിപ ബുധ ദശ.

# ശ്രീമതി രാജി പിഷാരസ്യാർക്ക് അനുമോദനങ്ങൾ




**സ്റ്റേ**റ്റ് ബാങ്ക് ഓഫ് ഇന്ത്യ AO എറണാകുളത്തിന്റെ ആഭിമുഖ്യത്തിൽ ലോക വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് 11നു എറണാകുളം ടൌൺ ഹാളിൽ നടന്ന നാരീശക്തി പ്രോഗ്രാമിൽ പിഷാരോടി സമാജം ചൊവ്വര ശാഖയിലെ ശ്രീമതി രാജി പിഷാരസ്യാർ വിശിഷ്ടാതിഥി ആയി പങ്കെടുത്തു.

പ്രസ്തുത വേദിയിൽ ശ്രീമതി രാജി പിഷാരസ്യാരുടെ ചിത്ര പ്രദർശനവും തത്സമയ ഛായാചിത്രം വരയും ഉണ്ടായിരുന്നു. നല്ലൊരു ചിത്രകാരിയായ രാജി പിഷാരസ്യാർ സർഗ്ഗോത്സവ വേദിയിലും തത്സമയ ഛായാചിത്രം വര നിർവ്വഹിച്ചിരുന്നു. 1997 മുതൽ വിവിധ വേദികളിലായി ചിത്ര പ്രദർശനങ്ങൾ നടത്തി വരുന്നുണ്ട്.

ചിറക്കൽ പിഷാരത്ത് സുഭദ്ര പിഷാരസ്യാരുടെയും മുടക്കാരി പിഷാരത്ത് ഗോപാല പിഷാരോടിയുടെയും മകളായ രാജി പിഷാരസ്യാരുടെ ഭർത്താവ് ചെങ്ങാനത്ത് പിഷാരത്ത് ശ്രീ. സി.കെ. കരുണാകര പിഷാരോടിയാണ്.

തുളസീദളം ഏപ്രിൽ ലക്കം മുതൽ അവർ ദളത്തിൽ വരുന്ന സൃഷ്ടികൾക്ക് ഇല്ലസ്ട്രേഷനും നിർവ്വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ശ്രീമതി രാജി പിഷാരസ്യാർക്ക് ആശംസകൾ!

# ശാഖാവാർത്തകൾ

## കോട്ടയം

ശാഖയുടെ മാർച്ച് മാസ യോഗം 3 നു കുമാരനല്ലൂരിലുള്ള ഗോകുലകൃഷ്ണന്റെ ഭവനമായ നന്ദനത്തിൽ നടന്നു. സാവിത്രി പിഷാരസ്യാരുടെയും വത്സല പിഷാരസ്യാരുടെയും ഈശ്വര പ്രാർത്ഥനക്ക് ശേഷം ഗൃഹനാഥൻ ഏവരെയും സ്വാഗതം ചെയ്തു.

അദ്ധ്യക്ഷ പ്രസംഗത്തിൽ ഫെബ്രുവരി 23 നു നടന്ന കേന്ദ്ര എക്സിക്യൂട്ടീവ് യോഗത്തിന്റെ വിശദ വിവരങ്ങൾ അദ്ധ്യക്ഷൻ അവതരിപ്പിച്ചു. തുളസീദളത്തിന്റെ വരിസംഖ്യ 50 രൂപ കൂടിയ വിവരം അറിയിച്ചു. എന്നാൽ, ശാഖ അംഗങ്ങൾ നൽകി വരുന്ന വരിസംഖ്യ (തുളസീദള വരിസംഖ്യ, കേന്ദ്ര അംഗത്വം, ശാഖ അംഗത്വം, PE&WS അംഗത്വം, ശാഖയുടെ മരണാനന്തര ഫണ്ട്, ശാഖയിലെ ഇതര ചിലവുകൾ ഉൾപ്പെടെ) തൽകാലം കൂട്ടേണ്ടതില്ലെന്നും ഇപ്പോൾ അംഗങ്ങൾ നൽകി വരുന്ന വരിസംഖ്യയിൽ നിന്നു തന്നെ തുളസീദളത്തിന്റെ കൂട്ടിയ വരിസംഖ്യ നൽകാമെന്നും തീരുമാനമായി.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗ റിപ്പോർട്ട് പാസ്സാക്കി.

ശാഖയുടെ 2023-24 വർഷത്തെ വരിസംഖ്യയും പഴയ കുടിശ്ശിക ഉള്ളവരിൽ നിന്നു ആ തുകയും അംഗങ്ങളിൽ നിന്നും മാർച്ച് 31 നു മുമ്പായി പിരിച്ചെടുക്കുവാൻ തീരുമാനിച്ചു. വരിസംഖ്യ നൽകുവാൻ ബാക്കിയുള്ള ശാഖ അംഗങ്ങളുടെ വാട്ട്സ്ആപ്പ് നമ്പറുകളിൽ മെസേജയക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. വരിസംഖ്യ കുടിശ്ശിക ഉണ്ടെങ്കിലും കേന്ദ്രത്തിലേക്ക് അയക്കേണ്ട 2023-24 വരെയുള്ള മുഴുവൻ വരിസംഖ്യയും അടച്ചു തീർത്ത വിവരം സെക്രട്ടറി യോഗത്തെ അറിയിച്ചു.

തിരുവനന്തപുരത്തേക്കുള്ള ഏകദിന പിക്നിക്കിനു AC ടെമ്പോ Traveller ബുക് ചെയ്തു അഡ്വാൻസ് തുക നൽകിയ വിവരം സെക്രട്ടറി യോഗത്തെ അറിയിച്ചു. 24 അംഗങ്ങളാണ് പങ്കെടുക്കുവാൻ പേരു നൽകിയിട്ടുള്ളത്. സീറ്റുകൾ പരിമിതം ആയതുകൊണ്ട് ഇനിയും ആരെങ്കിലും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മാർച്ച് 20 നു മുമ്പായി അറിയിക്കണമെന്നുമാവശ്യപ്പെട്ടു.

ക്ഷേമനിധിയുടെയും തമ്പോലയുടെയും നറുക്കെടുപ്പിനു ശേഷം പ്രവീൺകുമാറിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

അടുത്ത ശാഖ യോഗം ഏപ്രിൽ 7 നു നടത്തുന്ന തിരുവനന്തപുരം യാത്രയിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു.

## കോങ്ങാട്

ശാഖയുടെ മാർച്ച് മാസത്തെ യോഗം 09-03-2024നു പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരടിയുടെ ആദ്ധ്യക്ഷത്തിൽ ഓൺലൈൻ ആയി രാവിലെ 10 മണിക്ക് ചേർന്നു. ശ്രീ. കെ.പി. ഗോപാലപിഷാരടിയുടെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ ഇരുപതോളം അംഗങ്ങൾ പങ്കെടുത്തു. കണ്ണനൂർ പിഷാരത്തെ ശ്രീ. കെ.പി. രവീന്ദ്രൻ പുരാണപാരായണവും, ഭക്തി പ്രഭാഷണവും നടത്തി. തുടർന്ന് ശ്രീ. പ്രഭാകര പിഷാരടി എല്ലാവർക്കും സ്വാഗതം പറഞ്ഞു. മുണ്ടൂർ അനുപുരത്ത് പിഷാരത്ത് ദേവകി പിഷാരസ്യാരുടെ (മകുടമണി) നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷ പ്രസംഗത്തിൽ മെമ്പർഷിപ്പ് 30 ൽ നിന്ന് 50 രൂപയാകുന്നതും, തുളസീദളം വരിസംഖ്യ 150 രൂപയിൽ നിന്ന് 200 രൂപയാക്കി ഉയർത്തിയതും പ്രസിഡണ്ട് അറിയിച്ചു.

ട്രഷറർ ചന്ദ്രശേഖരൻ കണക്കും സെക്രട്ടറി ഗീത റിപ്പോർട്ടും വായിച്ചത് യോഗം അംഗീകരിച്ച് പാസാക്കി.

എം.പി. ഹരിദാസന്റെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ മാർച്ച് മാസത്തെ കുടുംബയോഗം 16-03-2024നു 4.30 PMനു കാറളം ശ്രീ. വേണുഗോപാലിന്റെ വസതിയിൽ കൂടി. ശ്രീമതി ലത വേണു ഗോപാലിന്റ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കുടുംബനാഥൻ എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, മറ്റുള്ളവർക്കും മൗനപ്രാർത്ഥനയോടെ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീമതി മായാ സുന്ദരേശ്വരൻ കഴിഞ്ഞ കേ

ന്ദ്ര കമ്മിറ്റി തീരുമാനങ്ങൾ അനുസരിച്ച് 2024 മുതൽ പുതുക്കിയ നിരക്കുകൾ (വരിസംഖ്യ, തുളസിദളം & PEWS) എത്രയെന്ന് അറിയിച്ചു. കഴിഞ്ഞ കാലയളവിൽ സമുദായത്തിലെ അംഗങ്ങൾക്ക് കിട്ടിയ അവാർഡുകൾക്കും, പുരസ്ക്കാരങ്ങൾക്കും ശാഖയുടെ പേരിൽ പ്രസിഡണ്ട് നന്ദി രേഖപ്പെടുത്തി. സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ യോഗ മിനിട്ട്സും ട്രഷറർ മോഹൻ ദാസ് അവതരിപ്പിച്ച വരവ്, ചിലവ് കണക്കുകളും യോഗം പാസ്സാക്കി.

തുളസിദളം വിഷു പതിപ്പിന് ശാഖയുടെ ഒരു ഫുൾ പേജ് കളർ പരസ്യം കൊടുക്കുവാൻ തീരുമാനിച്ചു. ശാഖയുടെ 23-24 സാമ്പത്തിക വർഷത്തെ കണക്കുകൾ ശരിയാക്കി (ഓഡിറ്റ് ചെയ്ത്) ഏപ്രിൽ മാസം നടത്തുന്ന Executive കമ്മിറ്റിയിൽ Approval വാങ്ങിയ ശേഷം മെയ് മാസം തന്നെ കേന്ദ്രത്തിന് അയച്ചു കൊടുക്കുവാൻ ട്രഷററെ ചുമതലപ്പെടുത്തി.

ശാഖയുടെ വാർഷികവും, ഓണാഘോഷവും 2024 സെപ്തംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.

പുതിയ ക്ഷേമനിധി ഏപ്രിൽ മാസം ആരംഭിക്കുന്നതാണ് എന്നും, അതിന്റെ വിവരങ്ങൾ ഏപ്രിൽ 1-ാം തിയ്യതി നോട്ടീസ് വഴി എല്ലാ ക്ഷേമനിധി മെംബർമാരെ അറിയിക്കുന്നതാണെന്നും സെക്രട്ടറിയും, ട്രഷററും അറിയിച്ചു. ശാഖയുടെ സഹായ നിധി ഫണ്ട് കളക്ഷൻ അധികം താമസിയാതെ പുനരാരംഭിക്കുന്നതാണ് എന്ന് ട്രഷറർ അറിയിച്ചു.

വി.പി. മുകുന്ദന്റെ നന്ദി പ്രകാശനത്തോടെ യോഗം 6.30 നു അവസാനിച്ചു.

## വടക്കാഞ്ചേരി

ശാഖയുടെ മാർച്ച് മാസത്തെ യോഗം 17-03-2024ന് ലക്ഷമിക്കുട്ടി പിഷാരസ്യാരുടെ ഭവനമായ മണലാടി പിഷാരത്തു വെച്ച് 3 PM നു നടന്നു. ശ്രീമതി മായാമണിയുടെ പ്രാർത്ഥനക്ക് ശേഷം ഗൃഹനാഥൻ ശ്രീ. എം.പി സന്തോഷ് സ്വാഗതം ആശംസിച്ചു. ശാഖ പ്രസിഡണ്ട് ശ്രീ. എ.പി. രാജൻ അദ്ധ്യക്ഷനായിരുന്നു. ശാഖാ അംഗമായ പഴയന്നൂർ വടക്കൂട്ട് പിഷാരത്തെ ശ്രീ. ടി.ആർ. സുരേന്ദ്രന്റെ വിയോഗത്തിലും ഈയിടെ അന്തരിച്ച മറ്റു സമുദായ അംഗങ്ങളുടെയും ആത്മശാന്തിക്കായി മൗനപ്രാർത്ഥന നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് കഴിഞ്ഞ കേന്ദ്ര കമ്മിറ്റി യോഗം കൈക്കൊണ്ട തീരുമാനങ്ങളെ കുറിച്ച് വിശദമായി സംസാരിക്കുകയും, മെമ്പർഷിപ്പ് തുളസീദളം എന്നിവയുടെ വരിസംഖ്യ വർദ്ധനവിനെക്കുറിച്ച് സംസാരിക്കുകയും ചർച്ചയിൽ വിശദമായി സംസാരിക്കാം എന്ന് പറയുകയും ചെയ്തു. ശാഖയുടെ നേതൃത്വത്തിൽ ഒരു തീർത്ഥയാത്ര നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്യാം എന്നും പറഞ്ഞു. ശാഖാ അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ പറഞ്ഞപ്രകാരം മെമ്പർഷിപ്പ്, തുളസീദളം എന്നിവയുടെ വരിസംഖ്യകളുടെ വർദ്ധനയെ കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ആയത് അംഗീകരിക്കുകയും ചെയ്തു. തീർത്ഥയാത്രയെക്കുറിച്ചും പോകേണ്ട സ്ഥലത്തെ കുറിച്ചും വിശദമായി ചർച്ചചെയ്യുകയും ചർച്ചയ്ക്ക് ഒടുവിൽ ഒരു തിരുപ്പതി യാത്ര തീരുമാനിക്കുകയും അതിനായി ശ്രീ. ഉണ്ണികൃഷ്ണനെ (ജോയിന്റ് സെക്രട്ടറി) ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ. വി.പി. ഗോപിനാഥന്റെ (ശാഖാ വൈസ് പ്രസിഡന്റ്) നന്ദി പ്രകടനത്തോടെ യോഗം 5 മണിക്ക് സമാപിച്ചു.

# PET - 2000 സംഭാവന

(1) സി.പി. ഉണ്ണികൃഷ്ണ പിഷാരോടി, ഉല്ലാസ്, ചേവായൂർ, കോഴിക്കോട്, തന്റെ സഹധർമ്മിണി പരേതയായ ടി.വി. സുഭദ്ര പിഷാരസ്യാരുടെ ഓർമ്മക്കായി പെൻഷൻ ഫണ്ടിലേക്ക് 10,000 രൂപ സംഭാവന തന്നിരിക്കുന്നു.

(2) കവളപ്പാറ സ്രാമ്പിക്കൽ പിഷാരത്ത് ലീല പിഷാരസ്യാരുടെ അഞ്ചാം ശ്രാദ്ധ ദിനത്തോടനുബന്ധിച്ച് മക്കൾ 2,000 രൂപ പിഷാരോടി സമാജം പെൻഷൻ ഫണ്ടിലേക്ക് നൽകിയിരിക്കുന്നു.

(3) കുമാരി നവിക അജയ് പിഷാരോടി, പറളി പെൻഷൻ ഫണ്ടിലേക്ക് 2,000 രൂപ സംഭാവന തന്നിരിക്കുന്നു.

(4) പാർത്ഥസാരഥി (USA) പെൻഷൻ ഫണ്ടിലേക്ക് 5,000 രൂപ സംഭാവന നൽകി.

എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**സെക്രട്ടറി, PE & WS**



# 7 -ാം ചരമവാർഷികം

16.04.2024

## വി.പി. ഉണ്ണികൃഷ്ണ പിഷാരോടി

വടക്കേപിഷാരം, പാലൂർ, പുലാമന്തോൾ, മലപ്പുറം

ജനനം: 19.05.1944
മരണം: 16.04.2017

ദുഃഖസ്മരണകളോടെ....

| | | |
|---|---|---|
| ഭാര്യ | : | തങ്കമണി എം.പി. (മഹാദേവമംഗലത്ത് പിഷാരം, ഷൊർണൂർ) |
| മക്കൾ | : | രജനി എം.പി.<br>രമണി എം.പി. |
| മരുമക്കൾ | : | കെ. ജയകൃഷ്ണൻ (ബംഗളൂരു),<br>മധു കദളീവനം (പാലൂർ) |
| പേരക്കുട്ടികൾ | : | ജിഷ്ണു ജെ., ജിതിൻ ജെ.,<br>അർജ്ജുൻ കെ., ഉണ്ണികൃഷ്ണൻ കെ. |

# സ്മരണാഞ്ജലികൾ



## ടി. ബാലകൃഷ്ണൻ

(19.05.1935 – 11.04.2017)

കിഴക്കെ തൊണ്ണങ്ങാമത്ത് പിഷാരം (തൃശ്ശൂർ)

പത്നി: പരേതയായ എസ്. മാധവിക്കുട്ടി പിഷാരസ്യാർ
ഋഷിനാരദമംഗലം പിഷാരം

ദുഃഖസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



# 17-ാം ശ്രാദ്ധദിനം
(18.03.2024)

## കെ.പി. രാജീവൻ
കിഴക്കെ പിഷാരം,
തെക്കൻ ചിറ്റൂർ, എറണാകുളം

ദുഃഖസ്മരണയോടെ:

ഭാര്യ : എം. പി. ഭവാനി

മക്കൾ : ശ്രീദീപ് – രമ്യ – ആയുഷ്
ഹരിദീപ് – വൃന്ദ

സഹോദരി – സഹോദരന്മാർ



# 8–ാം ചരമവാർഷികം
(06.04.2024)

## സത്യഭാമ പിഷാരസ്യാർ
മഹാദേവമംഗലം പിഷാരം,
ഷൊർണൂർ

W/o. Late രാമൻ നമ്പൂതിരി,
തെക്കേപ്പാട്ട് മന, കവളപ്പാറ

ദുഃഖസ്മരണകളുമായി....
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

## പാലക്കാട്

ശാഖയുടെ മാർച്ച് മാസം യോഗം 17-03-24ന് പ്രസിഡണ്ട് ശ്രീ. എ.പി. ഉണ്ണികൃഷ്ണന്റെ ഭവനം ഉഷസിൽ വച്ച് നടന്നു. ശ്രീമതി ലേഖയുടെ ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം കുടുംബനാഥൻ ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ ഏവർക്കും സ്വാഗതം ആശംസിച്ചു. അതി കഠിനമായ പാലക്കാടൻ ചൂടിലും 35 ഓളം പേർ പങ്കെടുത്തതിന് പ്രത്യേകം നന്ദി അറിയിച്ചു. ഗൃഹനാഥ ഇന്ദിര പിഷാരസ്യാരും പുത്രി ലേഖയും കൂടി നാരായണീയം കാളിയമർദ്ദനം പാരായണം നടത്തി.

നമ്മെ വിട്ടുപിരിഞ്ഞു പോയവരുടെ ആത്മാക്കളുടെ ശാന്തിക്കായി മൗന പ്രാർത്ഥന നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് കേന്ദ്ര യോഗത്തിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു. അടുത്ത മൂന്നു മാസങ്ങളിൽ യോഗം ഓൺലൈൻ ആയി നടത്തുന്നതായിരിക്കും എന്ന് അറിയിച്ചു. സെക്രട്ടറി ശാഖാ പ്രവർത്തനങ്ങൾ വിവരിച്ചു. ശാഖ പ്രസിഡണ്ടും, വൈസ് പ്രസിഡണ്ടും, സെക്രട്ടറിയും കേന്ദ്ര ഭരണസമിതിയോഗത്തിൽ പങ്കെടുത്തെന്നും, തുളസീദളം, PE&WS, സമാജം മെമ്പർഷിപ്പ് എന്നിവയുടെ വാർഷിക സംഖ്യയിൽ വർദ്ധനവ് വരുത്തി എന്ന തീരുമാനം സദസ്സിനെ അറിയിച്ചു. തദനുസൃതമായി ശാഖയിലും 2024-25 വർഷം മുതൽ വർദ്ധനവ് അനിവാര്യമായിരിക്കുന്നു എന്നറിയിച്ചതിനെ യോഗം അംഗീകരിച്ചു. ശാഖയിലെ ഒരു മെമ്പർക്ക് കേന്ദ്രം അനുവദിച്ച ധന സഹായം ശാഖയിലെ മുതിർന്ന ഒരു മെമ്പറെ കൊണ്ട് അവർക്ക് കൈമാറി. ക്ഷേമനിധി ജൂലൈ മാസത്തിൽ അവസാനിക്കുമെന്നും പുതിയ ക്ഷേമനിധി ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കാം എന്നും ഏവരും അഭിപ്രായപ്പെട്ടു. ക്ഷേമനിധി നടത്തി.

ശ്രീ. എം.പി. രാമചന്ദ്രൻ സുഭാഷിതം പരിപാടിയിൽ സംസ്കൃത ശ്ലോകം ഉദ്ധരിച്ച് സാരാംശം വിവരിച്ചു. ജീവിതത്തിൽ നടപ്പാക്കേണ്ട നല്ല വശങ്ങളെക്കുറിച്ച് വിവരിച്ചത് ഏവർക്കും ഇഷ്ടമായി. ശാഖയിലെ കുട്ടികൾക്കായി പെയിന്റിങ് പോലെയുള്ള ഒരു ദിവസത്തെ പരിപാടി ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു. ഒക്ടോബർ നവംബർ മാസങ്ങളിൽ നടത്താമെന്നും, പൂർണ്ണരൂപം പിന്നീട് അറിയിക്കാം എന്നും യോഗം തീരുമാനിച്ചു. ശ്രീ എ. രാമചന്ദ്രൻ ഒരു ഹിന്ദി പാട്ട് പാടി. ശ്രീമതി കുമാരി ബാലകൃഷ്ണൻ ഒരു മലയാള സിനിമ ഗാനം ആലപിച്ചു. ശ്രീമതി നന്ദിനി പിഷാരസ്യാർ തന്റെ പേരക്കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന കുട്ടിക്കാല ഓർമ്മകൾ വിശദീകരിച്ച് പറഞ്ഞു. ഏവരെയും അവനവന്റെ ബാല്യകാലത്തെ സ്മരണകളെ ഉണർത്തുന്നതായിരുന്നു നർമ്മരസം കലർന്ന വിവരണം. എം.പി. രാമചന്ദ്രന്റെ നന്ദി പ്രകടനത്തോടെ യോഗം ആറുമണിക്ക് സമംഗളം പര്യവസാനിച്ചു.

## കൊടകര

ശാഖയുടെ 2024 മാർച്ച് മാസത്തെ യോഗം 17-03-2024, 3PM ന് ആളൂർ ചെങ്ങാനിക്കാട്ട് പിഷാരത്ത് ശ്രീ. സി.വി. ശ്രീധരന്റെ ഭവനത്തിൽ വച്ച് നടന്നു. ശ്രീമതി സീത നാരായണന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

മുൻ മാസത്തിൽ നമ്മെ വിട്ടു പിരിഞ്ഞ വിവിധ സമാജം അംഗങ്ങളുടെ ആത്മശാന്തിക്കായി മൗനം ആചരിച്ചു.

ഗൃഹനാഥ ശ്രീമതി ഉഷ ശ്രീധരൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ശാഖ പ്രസിഡണ്ട് ശ്രീ. സി.പി. രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച് ശാഖാ പ്രവർത്തന പുരോഗതി, വിവിധ പ്രവർത്തനങ്ങൾ, വാർഷിക ആഘോഷം എന്നിവ വിശദീകരിച്ച് സംസാരിച്ചു.

മുൻ മാസങ്ങളിലെ ക്വിസ് മത്സര വിജയികളായ രമ രാധാകൃഷ്ണൻ, അനുപമ എ. കുമാർ എന്നിവർ ശാഖാ പ്രസിഡണ്ടിൽ നിന്നും രാമചന്ദ്രൻ ടി.പി. മുൻ കേന്ദ്ര പ്രസിഡണ്ടും ശാഖയിലെ മുതിർന്ന അംഗവുമായ ശ്രീ. കെ.എ. പിഷാരോടിയിൽ നിന്നും പാരിതോഷികം ഏറ്റു വാങ്ങി. 22-02-2024 ന് ഗുരുവായൂർ ക്ഷേത്രത്തിൽ തിരുവാതിര അവതരിപ്പിച്ച ആതിര സംഘത്തിന് അനുമോദനം നൽകി.

കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഗുരു ഗോപിനാഥ് നടനകേന്ദ്രത്തിൽ നിന്നും കേരള നടനം കോഴ്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ശ്രീമതി കാർത്തിക ഗിരീഷിനെ അഭിനന്ദിച്ചു.

ശാഖയുടെ വാർഷികാഘോഷം വിഷുദിന ആഘോഷത്തോടെ ഏപ്രിൽ 14 ഞായറാഴ്ച ചേരുന്നതിനുള്ള തീരുമാനം ഉറപ്പിച്ചും വിവിധ പ്രവർത്തനങ്ങൾക്കായി പ്രത്യേക വിഭാഗങ്ങളുടെ ചുമതല താഴെ പറയും പ്രകാരം നൽകുകയും ചെയ്തു.

ഭക്ഷണം, ഹാൾ, അനുബന്ധ സൌകര്യം: ശ്രീ. രാധാകൃഷ്ണൻ കോടാലി, ശ്രീ രാജൻ എം.പി. കോടാലി, ശ്രീ കൃഷ്ണൻ കാരൂർ, ശ്രീ ജയൻ കോടാലി

കലാപരിപാടികൾ: ശ്രീമതി ജയ രാജൻ കോടാലി, ശ്രീമതി ബീന ജയൻ കോടാലി, ശ്രീമതി സീത നാരായണൻ കാരൂർ, ശ്രീമതി കാർത്തിക ഗിരീഷ് പോട്ട, ശ്രീ. മോഹനൻ കെ.പി. വരന്തരപ്പിള്ളി

ക്രോഡീകരണം: ശ്രീ. സി.പി. രാമചന്ദ്രൻ, ശ്രീ. രാമചന്ദ്രൻ ടി.പി., ശ്രീ ടി.ആർ. ജയൻ, ശ്രീ. രാജൻ സിത്താര.

വാർഷികത്തിന് ഏവരുടേയും പൂർണ്ണ സഹകരണം സാമ്പത്തികമായും, സാന്നിദ്ധ്യമായും ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചു.

സെക്രട്ടറി ശ്രീ. രാമചന്ദ്രൻ ടി.പി. അവതരിപ്പിച്ച ഫെബ്രുവരി മാസ റിപ്പോർട്ടും, കണക്കും വിശദീകരണങ്ങൾക്കും സ്പഷ്ടീകരണങ്ങൾക്കും ശേഷം യോഗം അംഗീകരിച്ചു. ശാഖ പിഷാരോടി സമാജം ഗസ്റ്റ് ഹൌസിന്റെ ആദ്യ സമയത്ത് നൽകിയ സ്ഥിരനിക്ഷേപം മടക്കി ലഭിച്ചത് യോഗം വരവ് വെച്ച് അംഗീകരിച്ചു.

2024-25 മുതലുള്ള കേന്ദ്രത്തിലേക്കുള്ള വിഹിതങ്ങളുടെ വർദ്ധനവ് യോഗം ചർച്ച ചെയ്തു. ശാഖയുടെ ബജറ്റ് പരിശോധിച്ച് ഉചിതമായി ക്രമീകരണം ഉറപ്പ് വരുത്തി തുക അംഗങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും, കേന്ദ്ര വിഹിതം നിലവിലെ പോലെ കുടിശ്ശിക ഇല്ലാതെ നൽകുന്നതിനും തീരുമാനിച്ചു.

വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. വരിസംഖ്യ പിരിവ് ഏതാനും ചില ഗൃഹങ്ങളൊഴിച്ച് പൂർത്തീകരിച്ചത് വിലയിരുത്തി. തീർത്തും സഹകരിക്കാത്ത കുടുംബങ്ങളുണ്ടെങ്കിലും പരമാവധി ഒഴിവാക്കാതെ വിവിധ ഇടപെടലുകളിലൂടെ അവരെ കൂടി നമ്മോട് ചേർക്കുന്നതിന് പരിശ്രമിക്കുന്നതിന് ഏവരുടേയും സഹകരണം ഉറപ്പ് വരുത്തുന്നതിനും തീരുമാനിച്ചു. ഗൃഹസന്ദർശനങ്ങൾക്കായി തീരുമാനിച്ച ഗ്രൂപ്പുകൾ വാർഷിക ആഘോഷ അറിയിപ്പ് നേരിട്ട് എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനും തീരുമാനിച്ചു.

തുടർന്നുള്ള ഫോട്ടോ സെഷൻ ശ്രീജിത്ത് ഹരിഹരൻ മനോഹരമാക്കി.

ഡോ. എം.പി. രാജന്റെ നേതൃത്വത്തിൽ വനിത ദിനം അടക്കമുള്ള മാർച്ച് മാസവും മറ്റ് പൊതു വിഷയങ്ങളും ആധാരമാക്കി നടത്തിയ ക്വിസ് രസകരവും വിജ്ഞാനപ്രദവും ആയി. കുട്ടിത്തം മനസ്സിലുറപ്പിച്ച് മത്സരബുദ്ധിയോടെ ഏവരും പങ്കെടുത്ത വാശിയേറിയ മത്സരത്തിൽ ശ്രീമതി രമ രാധാകൃഷ്ണൻ ഒന്നാം സ്ഥാനം നേടി.

അടുത്ത മാസത്തെ യോഗം വാർഷിക പൊതുയോഗമായി 2024 ഏപ്രിൽ 14 ഞായറാഴ്ച പകൽ 10 മുതൽ 5 വരെ കോടാലി വ്യാപാരി വ്യവസായി ഭവൻ ഹാളിൽ ചേരുന്നതിന് തീരുമാനിച്ചു. ശാഖ അംഗം കൂടിയായ പ്രശസ്ത സീരിയൽ താരം ശ്രീ. അരുൺ രാഘവൻ ഉദ്ഘാടകനും, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അശ്വതി വിബി വിശിഷ്ടാതിഥിയുമാകുന്ന വാർഷികാഘോഷത്തിലേക്ക് കേന്ദ്ര പ്രതിനിധികളുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം തീരുമാനിച്ചു. ശ്രീ ടി.പി. വേണുഗോപാലിന്റെ നന്ദി പ്രകടനത്തോടെ യോഗം 5.10PM ന് അവസാനിച്ചു.

## മുംബൈ

ശാഖയുടെ 439-ാമത് ഭരണസമിതി യോഗം 17-03-2024നു 5 PM നു വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് വഴി നടന്നു.

ശ്രീ. വി.ആർ. മോഹനന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സെക്രട്ടറി അവതരിപ്പിച്ച മുൻ യോഗ റിപ്പോർട്ട്, ഖാജാൻജി അവതരിപ്പിച്ച കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു. സാമ്പത്തിക വർഷാന്ത്യത്തിൽ ആഗതമായ ബാങ്ക് അവധികൾ പ്രമാണിച്ച് ബാക്കിയുള്ള വരിസംഖ്യകൾ മാർച്ച് 23 നു മുമ്പായി തന്നെ സമാഹരിച്ച് കേന്ദ്രത്തിലേക്ക് നൽകുന്നതിന് ശ്രമിക്കേണ്ടതുണ്ടെന്ന് ഖാജാൻജി മേഖല മെമ്പർമാരെ ഓർമ്മപ്പെടുത്തി.

ശ്രീമതി ശ്വേത ഗൗരവിന്റെ ആജീവനാന്ത അംഗത്വ അപേക്ഷ യോഗം പരിശോധിച്ച് അംഗീകരിച്ചു. ശ്രീ. വി.പി. നന്ദകുമാർ, ശ്രീമതി രഞ്ജു നന്ദകുമാർ എന്നിവരുടെ PE&WS ആജീവനാന്ത അംഗത്വ അപേക്ഷകളും യോഗം അംഗീകരിച്ച് കേന്ദ്രത്തിലേക്ക് അയക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കേന്ദ്രം കഴിഞ്ഞ കേന്ദ്ര ഭരണസമിതി യോഗത്തിൽ നടപ്പാക്കിയ PE&WS വാർഷിക വരിസംഖ്യ വർദ്ധനയും (30 ൽ നിന്നും 50 രൂപ), തുളസീ

ദളം വാർഷിക വരിസംഖ്യ വർദ്ധനയും (150 ൽ നിന്നും 200 രൂപ) ഖജാൻജി യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അടുത്ത വർഷം മുതൽ അത് പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

അടുത്ത യോഗം മെയ് 5 നു ശ്രീ. വി.പി. മുരളീധരന്റെ വസതിയിൽ ചേരുന്നതിനു തീരുമാനിച്ച് സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

## തൃശൂർ

ശാഖയുടെ മാർച്ച്മാസത്തെ യോഗം 24-03-24 ന് കുറ്റൂർ പാമ്പൂർ ശ്രീ. ജി.പി. നാരായണൻകുട്ടിയുടെ വസതിയിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ. ജി.പി. നാരായണൻകുട്ടി ഭദ്രദീപം കൊളുത്തി. ശ്രീമതി സജിത പ്രാർത്ഥന ചൊല്ലി ഏവർക്കും സ്വാഗതം പറഞ്ഞു. തുടർന്ന് ശ്രീ. ജി.പി. നാരായണൻകുട്ടിയുടെ നേതൃത്വത്തിൽ നാരായണീയം 99, 100 ദശകങ്ങൾ എല്ലാവരും ചേർന്ന് ചൊല്ലി.

നാരായണീയം വായന തുടങ്ങി ഇപ്പോൾ അവസാനിക്കുന്ന ഈ പത്ത് വർഷക്കാലത്ത് യോഗം നടന്ന ഒട്ടു മിക്ക ഗൃഹങ്ങളിലും ശ്രീ. നാരായണൻകുട്ടിയുടെ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ടെന്നും കൂടാതെ അദ്ദേഹത്തിന്റെ പുസ്തകം എല്ലായിടത്തും ഉണ്ടെന്നും അതുകൊണ്ട് തന്നെ ഇപ്പോൾ ശ്രീ. നാരായണൻകുട്ടിക്ക് ആചാര്യ സ്ഥാനമുണ്ടെന്നും ശാഖ വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരടി അഭിപ്രായപ്പെട്ടു. ഇനിയും വായന ആരംഭിച്ച് തുടരേണ്ടതുണ്ട്. നാരായണീയ വ്യാഖ്യാനം ഒരുപാടുണ്ടെങ്കിലും ഇത്രയും ലളിതമായി, ആർക്കും എളുപ്പത്തിൽ ഗ്രഹിക്കാൻ പാകത്തിൽ ആണ് ശ്രീ. നാരായണൻകുട്ടിയുടെ ഗ്രന്ഥം എന്ന് ശ്രീ. കെ.പി. ഹരികൃഷ്ണൻ പറഞ്ഞു. അദ്ദേഹത്തിന് ഒരിക്കൽ സംഭവിച്ച രോഗാവസ്ഥയിൽ നിന്നും പെട്ടെന്ന് കരകയറാൻ സാധിച്ചതിൽ ഈ ഗ്രന്ഥത്തിന് വലിയൊരു പങ്കുണ്ടെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

എല്ലാവരും ശ്രീ. നാരായണൻകുട്ടിക്ക് ആയുരാരോഗ്യസൗഖ്യം ആശംസിച്ചു. ശ്രീ. നാരായണൻകുട്ടി സമുചിതമായി മറുപടി പറഞ്ഞു.

ഈയിടെ അന്തരിച്ച ശാഖ കുടുംബാഗം വല്ലച്ചിറ പിഷാരത്ത് തങ്കം പിഷാരസ്യാർ, പെരുമ്പിള്ളി വടക്കേ പിഷാരത്ത് ദേവി പിഷാരസ്യാർ എന്നിവരടക്കം ഇക്കഴിഞ്ഞ മാസം ഈ ലോകം വിട്ടുപോയവരുടെ സ്മരണയിൽ മൗനപ്രാർത്ഥന നടത്തി. അദ്ധ്യക്ഷപ്രസംഗത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ വരിസംഖ്യ പൂർത്തിയായ വിവരം അറിയിച്ചു. ശാഖ വാർഷികം ഏപ്രിൽ മാസത്തിൽ നടത്തേണ്ടതുണ്ട്. കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ജോയിന്റ് സെക്രട്ടറി ഡോക്ടർ നാരായണ പിഷാരടിയും കണക്കുകൾ ട്രഷറർ ശ്രീ. രഘുനന്ദനനും അവതരിപ്പിച്ചത് കയ്യടികളോടെ യോഗം അംഗീകരിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ സമാജം പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. തുളസീദളം വരി സംഖ്യ വർദ്ധന, നന്നായി പോകുന്ന കഥകളി ക്ലാസുകൾ, പരമ്പരാഗത രീതിയിൽ ആസ്ഥാന മന്ദിരത്തിൽ തുടങ്ങുന്ന പുതിയ യോഗ ക്ലാസുകൾ എന്നിവയെ കുറിച്ചും സംസാരിച്ചു. യോഗ ക്ലാസ്സിൽ അംഗമാകാൻ പിറവത്തുള്ള സന്യാസി സംഘടനയിൽ നിന്നും ദീക്ഷ സ്വീകരിക്കേണ്ടതുണ്ട്. എല്ലാ ശാഖകളും വളരെ നന്നായി പ്രവർത്തങ്ങൾ കാഴ്ച്ചവെക്കുന്നുണ്ട്. പിഷാരടി എഡ്യൂക്കേഷണൽ ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. ഗസ്റ്റ് ഹൌസിൽ മുകൾ നിലയിൽ എയർ കണ്ടീഷന്റ് സ്ഥാപിക്കാൻ തീരുമാനമായി. ആ പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്നും ശ്രീ. ഗോപകുമാർ അറിയിച്ചു.

ശാഖ യോഗത്തിന് കോങ്ങാട് ശാഖയിൽ

## തൃശൂർ ശാഖ വാർഷികം ഏപ്രിൽ 28 ന്

തൃശൂർ ശാഖയുടെ വാർഷികം 2024 ഏപ്രിൽ 28 ഞായറാഴ്ച്ച രാവിലെ 10 മുതൽ സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

എല്ലാവരുടെയും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

കലാ പരിപാടികൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ ശ്രീമതി അനിത ഹരികൃഷ്ണൻ (9207239698), ശ്രീമതി രഞ്ജിനി ഗോപി (9645141801) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്

നന്ദിയോടെ,
ജയദേവൻ (സെക്രട്ടറി)

നിന്നും അതിഥിയായി പങ്കെടുത്ത ശ്രീ. കൃഷ്ണ പിഷാരടിയെ ശ്രീ. എ. രാമചന്ദ്ര പിഷാരടി സദസ്സിന് പരിചയപ്പെടുത്തി. തുളസീദളത്തിൽ നിന്നും ശാഖ യോഗത്തെപറ്റി അറിഞ്ഞ് സ്വയം പങ്കെടുക്കാൻ എത്തിയ ശ്രീ. കൃഷ്ണപിഷാരടി പ്രശസ്ത മൃദംഗിസ്റ്റ് ശ്രീ. ജയകൃഷ്ണന്റെ അച്ഛനും പ്രസിദ്ധ ഗായിക സുമയുടെ ചെറിയച്ഛനുമാണെന്ന് ശ്രീ. രാമചന്ദ്ര പിഷാരടി അറിയിച്ചു. 95 വയസ്സുണ്ടെങ്കിലും ഇപ്പോഴും ചെറുപ്പം സൂക്ഷിക്കുന്ന ശ്രീ. കൃഷ്ണ പിഷാരടിക്ക് ആയുരാരോഗ്യ സൗഖ്യം ആശംസിക്കുന്നു. ഗുരുവായൂർ ഗസ്റ്റ് ഹൌസിലുള്ള ശാഖയുടെ നിക്ഷേപത്തുക പിൻ വലിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സമാജം ട്രഷറർ ശ്രീ. ആർ ശ്രീധരൻ സദസ്സിനോട് നിർദ്ദേശിച്ചു.

# ജി.പി. നാരായണൻകുട്ടിയുടെ നാരായണീയ വ്യാഖ്യാനത്തിന് അർണ്ണോസ് പാതിരി ചരമ വാർഷികത്തിൽ ആദര പുരസ്കാരം



**ശ്രീ.** ജി.പി. നാരായണൻകുട്ടിയുടെ നാരായണീയ വ്യാഖ്യാനത്തിന് അർണ്ണോസ് പാതിരി ചരമ വാർഷികത്തിൽ ആദര പുരസ്കാരം ലഭിച്ചു.

മേൽപ്പത്തൂരിന്റെ നാരായണീയത്തിന് ആർക്കും എളുപ്പം മനസ്സിലാക്കി ചൊല്ലാവുന്ന രീതിയിൽ വളരെ ലളിതമായി വ്യാഖ്യാനം നൽകി പ്രസിദ്ധീകരിച്ച ശ്രീ. ജി.പി. നാരായണൻകുട്ടിയെ അർണ്ണോസ് പാതിരിയുടെ 292-ാമത് ചരമ വാർഷികത്തിൽ വേലൂർ അർണ്ണോസ് പാതിരി അക്കാദമി, കേരള സാഹിത്യ അക്കാദമി, കൊട്ടേക്കാട് യുവജന കലാസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ കൊട്ടേക്കാട് ഫൊറോനാ പള്ളിയിൽ വെച്ച് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് പുരസ്കാരം നൽകി ആദരിച്ചു.

24-03-2024 ന് നടന്ന തൃശൂർ ശാഖ പ്രതിമാസ യോഗത്തിൽ ശ്രീ. സി.പി. അച്യുതൻ ആണ് ഈ വിവരം യോഗത്തെ അറിയിച്ചത്. ഇതേ നാരായണീയ വ്യാഖ്യാന രചനക്ക് പാമ്പൂർ അയ്യപ്പസേവാസംഘം, സി.പി.ഐ (എം) സാഹിത്യ പുരസ്കാരം തുടങ്ങി വിവിധ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇപ്രാവശ്യത്തെ തൃശൂർ ശാഖ യോഗത്തിന് ഒരു പ്രത്യേകത കൂടി ഉണ്ടായിരുന്നു. പത്തു വർഷങ്ങൾക്ക് മുമ്പ് (2014 ജനുവരി) ശ്രീ നാരായണൻകുട്ടിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് ഒന്നാം ദശകത്തോടെ ആരംഭിച്ച നാരായണീയം പ്രതിമാസ വായനയുടെ 100-ാമത് ദശകം വായിച്ച് അവസാനിപ്പിച്ചതും ഇതേ വസതിയിൽ അദ്ദേഹം തന്നെ. പുണ്യം നിറഞ്ഞ ഈ സവിശേഷതയെ മുൻനിർത്തിയും നാരായണീയ വ്യാഖ്യാന രചനയുടെ പേരിൽ അദ്ദേഹത്തിന് ലഭിച്ച വിവിധ ആദരങ്ങളെ ഉൾക്കൊണ്ടും തൃശൂർ ശാഖക്ക് വേണ്ടി ആദരസൂചകമായി ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരടി ശ്രീ. നാരായണൻകുട്ടിയെ പൊന്നാടയണിയിച്ചു. 2014 ജനുവരിയിൽ ശ്രീ. നാരായണൻകുട്ടിയുടെ വസതിയിൽ നാരായണൻകുട്ടിയുടെ നേതൃത്വത്തിൽ തന്നെ ആരംഭിച്ച പ്രതിമാസ യോഗങ്ങളിലെ നാരായണീയ വായന ഇപ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ നൂറു ദശകവും വായിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് സമാജത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമാണ് എന്ന് ശ്രീ. ബാലകൃഷ്ണപിഷാരടി പറഞ്ഞു. ശ്രീ. നാരായണൻകുട്ടിക്ക് അഭിനന്ദനങ്ങളും ആയുരാരോഗ്യ സൗഖ്യവും ആശംസിക്കുന്നു.

ശാഖ വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രപിഷാരടി, ശ്രീ. കെ.പി. ഹരികൃഷ്ണൻ തുടങ്ങിയവർ ആശംസകൾ നേർന്നു.

ശ്രീ. ജി.പി. നാരായണൻകുട്ടിക്ക് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ.

ഏപ്രിൽ 28 ഞായറാഴ്ച്ച രാവിലെ 10 മുതൽ സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് ശാഖയുടെ വാർഷികം നടത്താൻ തീരുമാനിച്ചു. വാർഷികം കലാപരിപാടികളുടെ ചുമതല ശ്രീമതി അനിത ഹരികൃഷ്ണൻ, ശ്രീമതി രഞ്ജിനി ഗോപി എന്നിവരെ ഏൽപ്പിക്കാൻ തീരുമാനമായി.

ക്ഷേമനിധി നടത്തി. ശ്രീ. സി.പി. അച്ചുതന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

## ഗുരുവായൂർ

ഗുരുവായൂർ ശാഖയുടെ മാർച്ച് മാസ ഭരണസമിതിയോഗം 10-03-2024നു പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മിയുടെ ഭവനത്തിൽ കൂടി. ശ്രീമതി നിർമ്മലയുടെ പ്രാർത്ഥനയോടെ യോഗം സമാരംഭിച്ചു. സെക്രട്ടറി ഏവർക്കും സ്വാഗതമാശംസിച്ചു.

ഈയിടെ അന്തരിച്ച സമുദായാംഗങ്ങൾക്ക് വേണ്ടി അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് അദ്ധ്യക്ഷ ഗുരുവായൂർ ശാഖയുടെ വാർഷിക പൊതുയോഗം കൂടേണ്ടതിനെപ്പറ്റി അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വാർഷിക പൊതുയോഗം മാർച്ച് 31നു രാവിലെ 10 മണിക്ക് ഗുരുവായൂർ ഗസ്റ്റ് ഹൌസിൽ വെച്ച് കൂടുവാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ നടത്തുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. പൊതുയോഗത്തിൽ ശാഖയിലെ സീനിയർ മെമ്പർമാരെ (75 വയസ്സിന് മുകളിലുള്ളവരെ) ആദരിക്കുവാൻ തീരുമാനിച്ചു. കൂടാതെ ഗുരുവായൂർ ദേവസ്വം അവാർഡ് ലഭിച്ച കൃഷ്ണകുമാറിനെ (കൃഷ്ണനാട്ടം സംഗീതം) ആദരിക്കുവാനും തീരുമാനിച്ചു.

സെക്രട്ടറി മുൻ യോഗ റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. വരവ് ചിലവ് കണക്കുകൾ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കാമെന്ന് ട്രഷറർ രാജലക്ഷ്മി യോഗത്തെ അറിയിച്ചു.

തുടർന്ന് ശാഖ നടത്തി വരുന്ന പരസ്പര സഹായനിധി നറുക്കെടുപ്പ് നടത്തി. വാർഷിക പൊതുയോഗത്തിലേക്കുള്ള ചിലവുകൾ, വിഭവസമൃദ്ധമായ ഭക്ഷണം അടക്കം ശാഖ ഫണ്ടിൽ നിന്നും നടത്തുവാൻ തീരുമാനിച്ചു. കേന്ദ്ര ഭാരവാഹികളെ ക്ഷണിക്കുവാൻ സെക്രട്ടറിയേയും ഭക്ഷണ കാര്യങ്ങൾ ഒരുക്കുവാൻ പ്രസിഡണ്ടിനെയും യോഗം ചുമതലപ്പെടുത്തി. 5.30 PM നു യോഗം പര്യവസാനിച്ചു.

## പട്ടാമ്പി

പട്ടാമ്പി ശാഖയുടെ പ്രതിമാസയോഗവും ദിവംഗതനായ കെ.പി. അച്യുതപിഷാരോടിയുടെ നൂറ്റിപന്ത്രണ്ടാമത് ജന്മദിനവും സംയുക്തമായി കൊടിക്കുന്നത്ത് പിഷാരത്ത് വെച്ച് 17-03-2024നു 10 മണിക്ക് ദീപപ്രോജ്ജ്വലനം നടത്തി മുതിർന്ന ശാഖാംഗം ശ്രീ. എ.പി. രാമകൃഷ്ണപിഷാരോടിയുടെ അദ്ധ്യക്ഷതയിൽ നടന്നു.

ഗൌതം, ഭദ്ര എന്നിവരുടെ പ്രാർത്ഥനക്ക് ശേഷം ശ്രീ. ജി.പി. നാരായണൻകുട്ടി പിഷാരോടി നാരായണീയത്തിലെ ഏതാനും ദശകങ്ങൾ പുരാണപാരായണമായി നടത്തി യോഗം ഉദ്ഘാടനം ചെയ്തു. ശാഖാ ജോ. സെക്രട്ടറി ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ കുടുംബാംഗങ്ങൾക്കും വിശിഷ്ട വ്യക്തികൾക്കും സമുദായാംഗങ്ങൾക്കും വിശദമായി സ്വാഗതം ആശംസിച്ചു. എല്ലാ വർഷവും ഇതുപോലെ കൂടാൻ കഴിയുന്നത് ഭാഗ്യമാണെന്നും പറഞ്ഞു.

തുടർന്ന് കഴിഞ്ഞ യോഗ ശേഷം നമ്മെ വിട്ടുപിരിഞ്ഞ ശാഖയിലെ അംഗങ്ങളുടെയും സമുദായത്തിലെ മറ്റംഗങ്ങളുടെയും വിശിഷ്ട വ്യക്തികളുടേയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി മൌനപ്രാർത്ഥന നടത്തി.

പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും മികവ് കാണിച്ചതിനാൽ അവാർഡുകൾക്ക് അർഹരായവരെ യോഗം അനുമോദിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ എല്ലാ മാർച്ച് മാസങ്ങളിലും തറവാട്ടിൽ ഒത്തുകൂടി അമ്മാമൻമാരെ അനുസ്മരിക്കുന്ന പതിവ് മാതൃകാപരമാണെന്നും വരുംതലമുറക്കും അതിന് സാദ്ധ്യമാകട്ടെ എന്നും പറഞ്ഞു. കൊടിക്കുന്നത്ത് പിഷാരത്ത് രാമപിഷാരോടി, കൃഷ്ണപിഷാരോടി, നാരായണപിഷാരോടി, അച്യുതപിഷാരോടി എന്നിവരുടെ കഴിവ്, സ്വഭാവം എന്നിവ വിശദീകരിച്ചു. പിഷാരോടി സമാജം 2024-25 വർഷം മുതൽ വരിസംഖ്യകൾ 50 രൂപയായും തുളസീദളം വാർഷികനിരക്ക് 200 രൂപയായും ഉയർത്തിയ കാര്യം പറഞ്ഞു. ഏവരും സഹകരിക്കണമെന്നും പറഞ്ഞു. ശ്രീ. കെ.പി. ബാലകൃഷ്ണപിഷാരോടി ആമുഖഭാഷണത്തിൽ അമ്മാമൻമാരുടെ പാണ്ഡിത്യത്തെപ്പറ്റി പരിചയപ്പെടുത്തുകയും കുടുംബം ഓർമ്മക്കായി സ്കോളർഷിപ്പുകൾ വിദ്യാലയങ്ങളിൽ നല്കി വരുന്നുണ്ട്, എല്ലാ വർഷവും തറവാട്ടിൽ പിറന്നാൾ ദിവസം അനുസ്മരണം നടത്തുമെന്നും ശാഖയുടെ സജീവ സാന്നിദ്ധ്യം ഉണ്ടാവ

ണമെന്നും പറഞ്ഞു. അമ്മാമൻമാർ ഏവർക്കും വഴികാട്ടികളായിരുന്നു എന്നും ജീവിതം തന്നെയാണ് സന്ദേശമായി അവർ കാണിച്ചു തന്നതെന്നും പറഞ്ഞു. ശ്രീ. എം.പി. ഹരിദാസൻ ശാഖാ ജോ. സെക്രട്ടറി, ശ്രീ. സി.പി. അച്യുതൻ സമാജം മുൻ ജനറൽ സെക്രട്ടറി, ഡോ. ടി.പി. ജയരാമൻ, ഡോ. ഗൗരി ജയരാമൻ, ശ്രീമതി എ.പി. സരസ്വതി (മരുമകൾ) എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തുകയും അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. ശ്രീ. കെ.പി. പ്രഭാകരൻ കോങ്ങാട് ശാഖ, മലയാള മനോരമ പത്രം റിപ്പോർട്ടർ ശ്രീ. ഉമ ശങ്കർ എന്നിവരും അനുസ്മരിച്ചു. ശ്രീ. ഉമ ശങ്കർ, രാമ പിഷാരോടി, കൃഷ്ണ പിഷാരോടി എന്നിവരെ പരിചയമില്ലെന്നും നാരായണ പിഷാരോടി, അച്യുത പിഷാരോടി എന്നിവരുടെ പാണ്ഡിത്യം നേരിട്ട് അനുഭവിച്ചിട്ടുണ്ടെന്നും പറഞ്ഞു. സംസ്കൃതം മലയാളം ഭാഷകളിൽ ഏത് സംശയത്തിനും വ്യക്തമായ ഉത്തരം നല്കാൻ കഴിയുന്നവരായിരുന്നു എന്നും തനിക്കത് അനുഭവമുണ്ടെന്നും പറഞ്ഞു. ശാഖയുടെ മറ്റ് അജണ്ടകൾ അടുത്ത യോഗത്തിലേക്ക് മാറ്റി വെച്ചിരിക്കുന്നു എന്നും സ്ഥലം, തിയ്യതി എന്നിവ പിന്നീട് വാട്സ്ആപ്പിലൂടെ അറിയിക്കുമെന്നും ജോ. സെക്രട്ടറി ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ അറിയിച്ചു. ക്ഷേമനിധി ലേലം ചെയ്തു. സ്ക്വാഡ് വർക്ക് നടത്താൻ പഴയത് പോലെ കഴിയാത്തതിനാൽ മെംബർമാർ വരിസംഖ്യ കുടിശ്ശിക ആവാതിരിക്കാൻ അതാത് വർഷം സെക്രട്ടറിക്ക് ഗൂഗിൾ പേ ചെയ്തോ നേരിട്ടെത്തിച്ചോ സഹകരിക്കണമെന്നും പറഞ്ഞു. വരിസംഖ്യ വാങ്ങൽ ഭാരവാഹികളുടെ മാത്രം ഉത്തരവാദിത്വമല്ലെന്നും ഓർമ്മിപ്പിച്ചു.

ഗൃഹനാഥ ശ്രീമതി വത്സല പിഷാരസ്യാർ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. യോഗം 12:45 ന് അവസാനിച്ചു.

## ചൊവ്വര

ചൊവ്വര ശാഖയുടെ മാർച്ച് മാസത്തെ യോഗം 24-03-2024 നു 10.30 AM ന് കൊരട്ടി ചിറങ്ങര ശ്രീമതി ഗീത പിഷാരസ്യാരുടെ വസതിയായ നാരായണീയത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി അശ്വതി രാജ്മോഹന്റെ ഈശ്വര പ്രാർത്ഥന, ശ്രീമതി ഗീത പിഷാരസ്യാരുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. കഴിഞ്ഞ മാസ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ സ്വജനങ്ങളുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ശ്രീ. രാജ്മോഹൻ സന്നിഹിതരായ എല്ലാവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിന് ശേഷം കഴിഞ്ഞ മാസത്തെ റിപ്പോർട്ട്, കണക്കുകൾ എന്നിവ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. കേന്ദ്രത്തിലേക്കു കൊടുക്കുവാനുള്ള എല്ലാ തുകകളും കൊടുത്തു തീർത്തതായി ഖജാൻജി ശ്രീ. മധു അറിയിച്ചു. കേന്ദ്ര പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണൻ പിഷാരോടി വിവിധ പദ്ധതികളെ കുറിച്ച് സംസാരിച്ചു. തുളസീദളം വിഷുപ്പതിപ്പിലേക്ക് ശാഖയുടെ ഒരു ഫുൾ പേജ് പരസ്യം കൊടുക്കുവാനും തീരുമാനിച്ചു. ശാഖയിൽ നടക്കുന്ന വിവാഹങ്ങൾ ചൊവ്വര ശാഖയിലും റെജിസ്റ്റർ ചെയ്യുവാൻ അംഗങ്ങളോട് അഭ്യർത്ഥിച്ചു. ശാഖ വാർഷികം 12-05-2024 ഞായറാഴ്ച അങ്കമാലിയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. കലാപരിപാടികളുടെ നടത്തിപ്പിനായി സർവ്വശ്രീ കെ.എൻ. വിജയൻ, ടി.പി. കൃഷ്ണകുമാർ, സജു മോഹൻ എന്നിവരെ ചുമതലപ്പെടുത്തി. മാസ്റ്റർ ധീരജ്, ദേവ്ദത്ത് എന്നിവർ ഗാനങ്ങൾ ആലപിച്ചു. ക്ഷേമനിധി നറുക്കെടുപ്പും നടത്തി. ശ്രീ സജു മോഹന്റെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

●

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# ആദരാഞ്ജലികൾ

### എം.പി. ദേവകി പിഷാരസ്യാർ

മുണ്ടൂർ അനുപുരത്ത് ദേവകി പിഷാരസ്യാർ (94) 07-03-2024നു നിര്യാതയായി. മക്കൾ: എം.പി. ചന്ദ്രശേഖരൻ, എം.പി. ജ്യോതി. മരുമക്കൾ: കെ.പി. ശോഭന, പരേതനായ എം.പി. വിജയരാഘവൻ.

### കൃഷ്ണകുമാർ

കാണിനാട് പുത്തൻ പിഷാരത്ത് കൃഷ്ണകുമാർ (58) 11-03-2024 നു നിര്യാതനായി. ഭാര്യ: കിഴീട്ടിൽ പിഷാരത്ത് ജയശ്രീ. മകൻ: അഭിജിത്. മരുമകൾ: അശ്വതി

### ശാന്തകുമാരി

കോഴിക്കോട് ഗോവിന്ദപുരത്ത് പിഷാരത്ത് ശാന്തകുമാരി (74) 12-03-2024നു നിര്യാതയായി. ഭർത്താവ്: ഷാരിയേടത്ത് പിഷാരത്ത് പരേതനായ ഭരത പിഷാരോടി. മക്കൾ: സിന്ധു, സുനിൽകുമാർ, മരുമകൻ: ടി.പി. നാരായണൻ.

### ദേവി പിഷാരസ്യാർ

പെരുമ്പിള്ളി വടക്കേ പിഷാരത്ത് ദേവി പിഷാരസ്യാർ (80) വാർദ്ധക്യ സഹജമായ കാരണങ്ങളാൽ 19-03-2024നു നിര്യാതയായി.

### തങ്കം പിഷാരസ്യാർ

വല്ലച്ചിറ പിഷാരത്ത് തങ്കം പിഷാരസ്യാർ (90) 21-03-2024നു നിര്യാതയായി. ഭർത്താവ്: അഞ്ചേരി പിഷാരത്ത് പരേതനായ രാമൻകുട്ടി പിഷാരോടി. മക്കൾ: ഡോ. വി.പി. ഗോപിനാഥൻ, വി.പി. വിജയരാഘവൻ, ഡോ. വി.പി. സത്യനാഥൻ, ഡോ. വി.പി. തുളസി, വി.പി. കൃഷ്ണകുമാർ. മരുമക്കൾ: ഡോ. നന്ദിനിദേവി, ദീപ, രാഖി, ഡോ. വി.എം. വാസുദേവൻ, ശാന്തി. ●

## വരിസംഖ്യ വർദ്ധനവ്

പ്രിയപ്പെട്ട വരിക്കാരെ,

അച്ചടിച്ചിലവ്, കടലാസ് - കവർ, പോസ്റ്റേജ് തുടങ്ങിയവയിൽ കാലാനുസൃതമായുണ്ടായ വൻ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ കേന്ദ്ര ഭരണസമിതി യോഗം തുളസീദളത്തിന്റെ വാർഷിക വരിസംഖ്യയിൽ ഈ സാമ്പത്തിക വർഷം, 2024 ഏപ്രിൽ മുതൽ ചെറിയ ഒരു വർദ്ധനവ് നടപ്പിലാക്കിയിരുന്നു.

2024-25 സാമ്പത്തിക വർഷം മുതൽ പുതുക്കിയ വരിസംഖ്യ 200 രൂപയാണെന്ന വിവരം ഏവരെയും അറിയിക്കട്ടെ.

നിങ്ങളെവരെയുടെയും സഹായ സഹകരണങ്ങൾ തുടർന്നും അഭ്യർത്ഥിച്ചുകൊണ്ട്,

**ആർ.പി. രഘുനന്ദനൻ**
മാനേജർ, തുളസീദളം

**കെ.പി. ഗോപകുമാർ**
ജന. സെക്രട്ടറി

**വരിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധക്ക്**

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

---

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി**
'സൗപർണ്ണിക', 98/24, റോസ് ലൈൻ, ബൈ ലൈൻ 5, തോട്ടക്കാട്ടുകര, ആലുവ-683108
Ph: 9446025132. Email: harikrishnapisharadyr@gmail.com

---

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഗോപകുമാർ**, 'പിഷാരം', 23/274, പന്തളത്ത് ലൈൻ, കാനാട്ടുകര, തൃശൂർ-680011
Ph: 9447085983. Email: rvgopakumar7@gmail.com
ട്രഷറർ - **ശ്രീ. ശ്രീധരൻ ആർ.**, 'ശ്രീനിലയം', 418, ഇന്ദിരഗാന്ധി റോഡ്, പോട്ടോർ, തൃശൂർ, പിൻ- 680581. Ph: 9605478363. Email: sreedharanrp@hotmail.com

---

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**ഡോ.രാംകുമാർ പി.ബി.**, "രാംനിവാസ്", പടിഞ്ഞാറെപിഷാരം, സൗത്ത് ചിറ്റൂർ, കൊച്ചി-682027
Ph: 9947746160. Email: ramkumar_pb@rajagiritech.edu.in
ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

---

പിഷാരോടി സമാജം "വെബ്സൈറ്റി"ലേക്കുള്ള മാറ്റങ്ങൾ അയക്കേണ്ട മേൽവിലാസം
**Sri. MURALEEDHARAN.V.P.**,
Whatsaap: 7304470733, Mob: 09004359099,
e-mail: mail@pisharodysamajam.com / muralivp@hotmail.com

---

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com
ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.
ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

---

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

---

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ, ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**
**SB A/c No. 0721101055775** **Canara Bank**
**IFSC Code: CNRB0000721** **West Palace Road, Thrissur.**


ചേലക്കര
ശ്രീ നരസിംഹമൂർത്തി സ്വാമി
ക്ഷേത്രത്തിൽ
4ാംമത്
മഹാ
കുംഭാഭിഷേകം
(നവീകരണകലശം)
2024 മെയ് 11 മുതൽ 23 വരെ
പുനഃ പ്രതിഷ്ഠ മെയ് 20ന്
താന്ത്രിക വൈദീക ചടങ്ങുകൾ | വിശേഷാൽ പൂജകൾ
ചുറ്റുവിളക്ക് | നിറമാല | അന്നദാനം | കലാസാംസ്കാരിക പരിപാടികൾ
ഭാഗവത സപ്താഹയജ്ഞം
ബ്രഹ്മശ്രീ. കണ്ഠമംഗലം പരമേശ്വരൻ നമ്പൂതിരിപ്പാട്
യജ്ഞാചാര്യനായ ഭാഗവത സപ്താഹയജ്ഞം
2024 മെയ് 4 മുതൽ മെയ് 10 വരെ
13 ദിവസമായി നടത്തപ്പെടുന്ന നാലാമത് വിശേഷാൽ
മഹാകുംഭാഭിഷേകത്തിൽ ഭക്തജനങ്ങളേവരുടേയും
സാന്നിധ്യവും സഹായസഹകരണങ്ങളും
വിനീതമായി അഭ്യർത്ഥിക്കുന്നു.
Address :
Chelakkara Sree Narasimhamoorthy Swamy Temple
Mahakumbabisheka Committee 2024
C/o. Sree Narasimhamoorthy Swami Trust,
Building No. XXI/1116, Gramam, Chelakkara Post,
Thrissur Dist, Kerala – 680 586.
Mob: +80754 41163
Email: chelakkarakumbabishekam@gmail.com
Bank Details :
Federal Bank Chelakkara Branch,
Account No : 16010200002898
IFSC Code : FDRL0001601
FEDERAL BANK
SCAN QR CODE TO PAY

THULASEDALAM

RNI Reg: No.36078/1981
Published on 07-04-2024

Posted at RMS, Thrissur

April 2024, Price-15.00




Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy